# DRAMA AND ALANKARA

## BA/B Sc.

**2011 Admission onwards**

**III Semester**

## COMMON COURSE

# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY.P.O., MALAPPURAM, KERALA, INDIA – 673 635

# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

STUDY MATERIAL

## BA/B Sc.

III Semester

**COMMON COURSE**

## DRAMA AND ALANKARA

Prepared by:

*Smt. K.N. Ranganayaki,*
*Assosiate professor,*
*Department of Sanskrit,*
*M D College Pazhanji,*
*Thrissur.*

Scrutinised by:

*Sri.K.Jayanarayanan,*
*Associate Professor,*
*Department of Sanskrit,*
*Sree Kerala Varma College,*
*Thrissur.*

Layout & Settings

Computer Section, SDE

©

Reserved

# CONTENTS


| Unit | Chapter | Page No. |
|---|---|---|
| • Unit I | സംസ്കൃതത്തിലെ ദൃശ്യകാവ്യങ്ങൾ - ഉൽപത്തിയും വികാസവും | 4 - 5 |
| • Unit II | സംസ്കൃതത്തിലെ പ്രധാനദൃശ്യകാവ്യങ്ങൾ | 6 - 9 |
| • Unit III | ഭാസനും അദ്ദേഹത്തിന്റെ കൃതികളും | 10 - 12 |
| • Unit IV | മദ്ധ്യമവ്യായോഗം | 13 - 45 |
| • Unit V | അലങ്കാരശാസ്ത്രം | 46 - 52 |

# UNIT 1

## സംസ്കൃതത്തിലെ ദൃശ്യകാവ്യങ്ങൾ – ഉൽപത്തിയും വികാസവും

എല്ലാതരം സാഹിത്യശാഖയുടെയും ഉൽപത്തിക്ക് പിന്നിൽ അലൗകികമായ ഒരു പ്രതിഭാസം ഉണ്ടെന്ന് ഭാരതീയർ വിശ്വസിച്ചിരുന്നു. ഈ പാരമ്പര്യം ദൃശ്യകാവ്യങ്ങളുടെ ഉൽപത്തിയുടെ കാര്യത്തിലും അന്വർത്ഥമാണ്. നാട്യവുമായി ബന്ധപ്പെട്ട് ഇന്ന് നമുക്ക് ലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏറ്റവും പഴക്കമേറിയത് ഭരതമുനിയുടെ നാട്യശാസ്ത്രമാണ്. നാട്യശാസ്ത്രത്തിന്റെ ആരംഭത്തിൽ നാട്യോൽപത്തി എന്ന അദ്ധ്യായത്തിൽ രസകരമായ ഒരു കഥ വിവരിയ്ക്കുന്നുണ്ട്. ദേവന്മാർ എല്ലാവരും കൂടി ബ്രഹ്മാവിനെ സമീപിച്ച് കണ്ണിനും കാതിനും ഒരുപോലെആസ്വാദ്യവും എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ആസ്വദിക്കാവുന്നതുമായ ഒരു വേദം രചിക്കുവാൻ ആവശ്യപ്പെടുന്നു. ഇതനുസരിച്ച് ബ്രഹ്മാവ് ഋഗ്വേദത്തിൽ നിന്ന് ഇതിവൃത്തവും സാമവേദത്തിൽ നിന്ന് സംഗീതവും യജുർവേദത്തിൽ നിന്ന് അഭിനയവും അഥർവ്വവേദത്തിൽ നിന്ന് രസങ്ങളും സ്വീകരിച്ച് ഒരു കലാരൂപം ഉണ്ടാക്കി. ഈ കലാരൂപത്തെ കൂടുതൽ ആസ്വാദ്യമാക്കുവാൻ ശിവൻ താണ്ഡവ നൃത്തവും പാർവ്വതി ലാസ്യനൃത്തവും, വിഷ്ണു – വാചിക, ആംഗികം, ആഹാര്യം, സാത്വികം തുടങ്ങിയ നാല് തരത്തിലുള്ള അഭിനയരീതികളും, വിശ്വകർമ്മാവ് ഈ കലാരൂപം അവതരിപ്പിക്കാനുള്ള വേദിയും ഒരുക്കിക്കൊടുത്തു.

> ''ജഗ്രാഹ പാഠ്യമൃഗ്വേദാത്
> സാമഭ്യോ ഗീതമേവച
> യജുർ വേദാദഭീനയാൻ
> രസാനഥർവ്വണാദപി''

പിന്നീട് ബ്രഹ്മാവ് തന്നെ സ്വയം ഭരതമുനിയെ ഈ നാട്യ സങ്കേതങ്ങൾ പഠിപ്പിക്കുകയും, അദ്ദേഹം പഞ്ചമവേദത്തെ നാട്യവേദം എന്ന രീതിയിൽ ലോകരുടെ ഇടയിൽ എത്തിക്കുകയും ചെയ്തു.

ചരിത്രപരമായി വിശകലനം ചെയ്യുമ്പോൾ നാടകങ്ങളുടെ ഉൽപത്തിക്ക് വേദകാലത്തോളം പഴക്കമുണ്ട്. വേദങ്ങളിലെ രണ്ടോ അതിലധികമോ കഥാപാത്രങ്ങൾ തമ്മിലുള്ള സംവാദങ്ങൾ, വൈദിക അനുഷ്ഠാനങ്ങളിലെ പലതരത്തിലുള്ള ശക്തി വിശേഷങ്ങൾ – അവതാരങ്ങൾക്ക് വഴിയൊരുക്കിയിരിക്കാം.ഇത് പിന്നീട് ദൃശ്യകാര്യത്തിലെ പല കഥാപാത്രങ്ങൾക്കും രൂപം കൊടുക്കാൻ സഹായിച്ചു.അത്തരത്തിൽ പരിശോധിക്കുമ്പോൾ രൂപകങ്ങൾക്കു വേണ്ട പല ഘടകങ്ങളും വൈദിക സാഹിതൃത്തിൽതന്നെ ഉണ്ടായിരുന്നതായി കാണാം. എന്നാൽ ഇവയൊക്കെ കോർത്തിണക്കിയ കലാരൂപം ഉണ്ടായിരുന്നില്ല. ഒരുപക്ഷേ വൈദികയാഗങ്ങൾ പിൽക്കാലത്ത് രൂപപ്പെട്ട സംസ്കൃത രൂപകങ്ങളുടെ ബീജരൂപമായി കരുതാം.

സംസ്കൃത രൂപകങ്ങളുടെ ഏറ്റവും പ്രധാന സവിശേഷത എന്നു പറയുന്നത് ദുരന്തത്വത്തിന്റെ സമ്പൂർണ്ണമായ നിരാസമാണ്. ഭാരതീയചിന്താ പാരമ്പര്യമനുസരിച്ച് നന്മ എക്കാലവും തിന്മയുടെ മേൽ ആത്യന്തിക വിജയം നേടുമെന്നും അതല്ലാതെ നന്മയുടെ അന്ത്യം ചിത്രീകരിക്കുന്ന രീതിയിലുള്ള ഒരു രചന ശരിയല്ലെന്നും ശഠിച്ചു പറയുന്നു. തിന്മയുടെ നാശത്തിലൂടെ നന്മയുടെ ഉൽകർഷം പ്രകടിപ്പിക്കുന്നതാണ് ഏറ്റവും അഭികാമ്യമായ രീതി. നായികാ നായകന്മാർ അനുഭവിക്കുന്ന ദുരിതങ്ങളിലൂടെയും കഷ്ടപ്പാടുകളിലൂടെയും സഹൃദയരുടെ മാനസങ്ങളെ വിഷമിപ്പിക്കുന്ന രൂപകങ്ങൾ സംസ്കൃത സാഹിത്യത്തിലുണ്ട്. അവയൊക്കെതന്നെ പാശ്ചാത്യ ദുരന്തനാടകങ്ങളെ പോലെ മനസ്സിനെ ആർദ്രമാക്കുന്നുണ്ടെങ്കിലും അവസാനിയ്ക്കു ന്നത് ശുഭാന്തമായിട്ടാണ്.

സംസ്കൃത രൂപകങ്ങൾ നാന്ദീ ശ്ലോകത്തോടുകൂടി ആരംഭിക്കുന്നു. ഇതിനെ തുടർന്ന് സൂത്രധാരൻ ഏതെങ്കിലും ഒരു കഥാപാത്രത്തൊടൊ നടിയോടെ അവിടെ അന്നവതരിപ്പിക്കാൻ പോകുന്ന ദൃശ്യകാവ്യത്തിന്റെ വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് പ്രസ്താവന (സ്ഥാപന)യോടുകൂടി നാടകം ആരംഭിക്കുന്നു. പിന്നീട് അങ്കങ്ങളായി വിഭജിക്കപ്പെടുകയും സംഭാഷണങ്ങൾ, ആത്മഗതങ്ങൾ, ആകാശഭാഷിതങ്ങൾ തുടങ്ങിയ യഥാതഥമായ അഭിനയത്തിനുള്ള

രംഗനിർദ്ദേശങ്ങൾ എന്നിവ ദൃശ്യകാവ്യങ്ങളിൽ ഉൾപ്പെടുത്തുന്നു. അങ്കങ്ങൾ തമ്മിലുള്ള ബന്ധം പ്രവേശകം, വിഷ്കമ്പം, ചൂളിക, അംശാവതാരം മുതലായ നാടക സങ്കേതങ്ങളിലൂടെ വിവരിക്കുന്നു. മുഖം, പ്രതിമുഖം, ഗർഭം, അവമർഗം (വിമർശം) ഉപസംഹാരം എന്നീ അഞ്ചു സന്ധികളോടുകൂടിയതാണ് നാടകം. ഇതിവൃത്തത്തെ സമാപ്തിയിൽ എത്തിക്കുന്നത് ഈ സന്ധികളിലൂടെയാണ്. പരിസ്ഥിതിയുടെയും പശ്ചാത്തലത്തിന്റെയും സാന്നിദ്ധ്യം രംഗസജ്ജീകരണങ്ങളിലൂടെയല്ല മറിച്ച് കഥാപാത്രങ്ങൾ ചെയ്യുന്ന വർണ്ണനയി ലൂടെയാണ് ഒരുക്കുന്നത്. ഭരതവാക്യത്തോടുകൂടി രൂപകം സമാപിക്കുന്നു.

## രൂപകവിഭജനം

സംസ്കൃത സാഹിത്യത്തിൽ ദൃശ്യകാവ്യങ്ങളെ രൂപകങ്ങൾ എന്നാണ് വിളിച്ചുവരുന്നത്. ദൃശ്യകാവ്യങ്ങളിലെ ഏറ്റവും പ്രധാന ഘടകങ്ങൾ (1) ഇതിവൃത്തം (വസ്തു) (2) നേതാവ് (അഭിനേതാവ്) (3) രസം എന്നിവയാണ്. ഇവയുടെ സന്നിവേശവും ആവിഷ്ക്കാരവും എത്രത്തോളം ഗംഭീരമായിരിക്കുന്നു എന്നതിനനുസരിച്ചാണ് സംസ്കൃത രൂപകങ്ങൾ വിലയിരുത്തപ്പെടുന്നത്.

(1) പ്രഖ്യാതം (2) ഉൽപാദ്യം (കവികൽപിതം) (3) മിശ്രം എന്നിങ്ങനെ വസ്തു മൂന്നുതരത്തിൽ പറയപ്പെട്ടിരിക്കുന്നു. നായകൻ ധിരോദാത്തൻ, ധീരോദ്ധതൻ, ധീരലളിതൻ, ധീരശാന്തൻ എന്നിങ്ങനെയും നായികമാർ പ്രധാനമായും മുഗ്ധാ, മദ്ധ്യാ, പ്രഗൽഭാ എന്നീ രീതിയിലും വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽവെച്ച്  ഏറ്റവും പ്രധാനപ്പെട്ടതാണ് രസം. രസം ഒമ്പത് തരത്തിൽ പറയപ്പെട്ടിരിക്കുന്നു. ശൃംഗാരം, ഹാസ്യം, കരുണം, വീരം, രൗദ്രം, ഭയാനകം, ഭിഭൽസം, അത്ഭുതം, , ശാന്തം.

ഇത്തരത്തിൽ വസ്തു നേതാ രസം എന്നിവയുടെ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ രൂപകങ്ങളെ 10 ആയി തരം തിരിച്ചിരിക്കുന്നു. നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യയോഗം, സമവകാരം, വീഥി, അംഗം, ഈഹാമൃഗം എന്നിവയാണവ.

ഏറ്റവും മുഖ്യവിഭാഗമായ നാടകം അഞ്ച് മുതൽ പത്ത് വരെ അംഗങ്ങളോടുകൂടിയതും, പ്രഖ്യാതമായ ഇതിവൃത്തമുള്ളതും ധീരോദാത്ത നായകനോടുകൂടിയതും ആണ്. വീരം, ശൃംഗാരം, ,കരുണം ഇവയിൽ ഏതെങ്കിലും ഒന്ന് മുഖ്യരസവും മറ്റ് രസങ്ങൾ  സഹായങ്ങളായും വർത്തിക്കുന്നു. പ്രകരണത്തിൽ നായകൻ ഒരു ബ്രാഹ്മണനോ, കച്ചവടക്കാരനോ ആയിരിക്കണം, ഒരിക്കലും രാജാവാകരുത്. നായിക ഗണികയോ, സാധാരണ സ്ത്രീയോ ആവാം. മുഖ്യരസം ശൃംഗാരമായിരിക്കും. ഭാണം ഒരു ഏകാംഗരൂപകമാണ്. ഇതിലെ നായകൻ അധാർമ്മിക സ്വഭാവമുള്ളവനായിരിക്കും. ഈ രൂപകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഇതിൽ ഒരേയൊരു കഥാപാത്രം മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. മുഖ്യരസം വീരമോ, ശൃംഗാരമോ ആകാം. പ്രഹസനം പേര് സൂചിപ്പിക്കുന്നതുപോലെ ഹാസ്യപ്രധാനമായ രൂപകമാണ്. ഇതും ഏകാംഗമാണ്. പക്ഷേ ഒന്നിൻകൂടുതൽ കഥാപാത്രങ്ങൾ ഉണ്ടായിരിക്കും. ഡിമത്തിൽ ഇതിവൃത്തം പ്രഖ്യാതവും നായകൻ ധീരോഭാത്തനും നാല് അംഗങ്ങളും ഉണ്ടായിരിക്കും. അലൗകിക പ്രതിഭാസങ്ങളും അത്ഭുതങ്ങളും കാണാം. കഥാപാത്രങ്ങൾ, ദേവന്മാർ, ഗന്ധർവ്വന്മാർ, അസുരന്മാർ, നാഗങ്ങൾ  തുടങ്ങിയവയായി രിക്കും. ശൃംഗാരവും, ഹാസ്യവും ഒഴിച്ചുള്ള രസങ്ങൾക്കാണ് ഈ രൂപകത്തിൽ പ്രാധാന്യം. വ്യായോഗത്തിൽ നായകൻ ധീരോദ്ധതനും, ഇതിവൃത്തം പ്രഖ്യാതവും രസം ശൃംഗാരവും ഹാസ്യവും ഒഴിച്ചുള്ള മറ്റു രസങ്ങൾ  ആകാം.  സമവകാരത്തിൽ ഇതിവൃത്തം പ്രഖ്യാതവും നായകൻ ദേവനോ അസുരനോ ആകാം. വീരരസത്തിനായിരിക്കും പ്രാധാന്യം. മൂന്നംഗങ്ങൾ വരെ ആകാം. വീഥിയിൽ ഒരംഗം മാത്രമെയുള്ളൂ. രസം ശൃംഗാരമായിരിക്കും. അംഗത്തിൽ ഇതിവൃത്തം കവി കൽപിതമോ പ്രഖ്യാതമോ ആകാം. ദിവ്യ കഥാപാത്രങ്ങൾ ഉണ്ടായിരിക്കരുത്. രസം കരുണമായിരിക്കും. യുദ്ധം പാടില്ല. യുദ്ധവർണ്ണനകളാകാം. നാരി വിലാപം ഉണ്ടായിരിക്കണം. ഈഹായുഗത്തിൽ ഇതിവൃത്തം മിശ്രമായിരിക്കും. നാലംഗങ്ങൾവരെ ഉണ്ടായിരിക്കും. നായകൻ നരനാകാം. ദിവ്യകഥാപാത്ര ങ്ങളാകാം. ധിരോദ്ധതനായിരിക്കണം രസം ശൃംഗാരാഭാസമായിരിക്കും.

# UNIT II

## സംസ്കൃതത്തിലെ പ്രധാന ദൃശ്യകാവ്യങ്ങൾ

### കാളിദാസന്റെ നാടകങ്ങൾ

സംസ്കൃത സാഹിത്യത്തിൽ വിശ്വവിഖ്യാതി നേടിയ നാടകകർത്താവ് കാളിദാസനാണ്. അദ്ദേഹത്താൽ രചിക്കപ്പെട്ട മൂന്ന് നാടകങ്ങളാണ് (1) മാളവികാഗ്നിമിത്രം (2) വിക്രമോർവ്വശീയം (3) അഭിജ്ഞാന ശാകുന്തളം. ഭരതമുനിയുടെ നാട്യശാസ്ത്ര വിധികളെ അനുസരിച്ചും ഭാസാദികളുടെ പ്രസിദ്ധ നാടകങ്ങൾ ഉൾക്കൊണ്ടും നിർമ്മിച്ചവയാണ് മൂന്ന് നാടകങ്ങളും. രാജാക്കന്മാരാണ് മൂന്നിലും നായകന്മാർ ശൃംഗാരമാണ് എല്ലാറ്റിലും പ്രധാന രസം. നായികാ നായകന്മാർക്ക് യാദൃശ്ചികമായുണ്ടാകുന്ന പ്രഥമ സന്ദർശനത്തിൽ അനുരാഗം അങ്കുരിക്കുന്നതും അത് ക്രമത്തിൽ വളർന്നുവരവേ ഇടയ്ക്കുവെച്ച് ചില പ്രതിബന്ധങ്ങൾ നേരിടുന്നതും അവയെ ഒരുവിധം തരണം ചെയ്ത് ഒടുവിൽ അവർ വേണ്ടുവണ്ണം ഇണങ്ങിച്ചേർന്ന് കൃതാർത്ഥരായിത്തീരുന്നതുമായ കഥാപരിണാമമാണ് മൂന്ന് നാടകത്തിലുള്ളത്. നേരത്തെതന്നെ വിവാഹിതരും, വേറെ ഭാര്യമാരുള്ളവരുമാണ് മൂന്ന് നായകന്മാരും. ഇങ്ങനെയുള്ള ചില സാദൃശ്യങ്ങൾ ഈ മൂന്ന് നാടകങ്ങൾ തമ്മിലുണ്ടെങ്കിലും മറ്റു കാര്യങ്ങളിലെല്ലാം അവ തികച്ചും വ്യത്യാസപ്പെട്ടവയാണ്.

ഒന്നിലെ നായിക മനുഷ്യ സ്ത്രീയായ മാളവികയാണ്. ദിവ്യസ്ത്രീയായ ഉർവ്വശിയാണ് രണ്ടാമത്തേതിലെ നായിക. മൂന്നാമത്തെ ശാകുന്തളത്തിലാകട്ടെ ദിവ്യസ്ത്രീയായ മേനകയിൽ ക്ഷത്രിയവംശ്യനായ വിശ്വാമിത്ര മഹർഷിയുടെ പുത്രിയായ ശകുന്തളയാണ്. മാളവിക മുഗ്ധയായ നായിക, ഉർവ്വശി നിത്യയൗവ്വനയായ പ്രൗഢതന്നെ. ശകുന്തളയാകട്ടെ യൗവ്വനമദ്ധ്യസ്ഥയാണ്.

ദേവലോകവുമായി യാതൊരു ബന്ധവുമില്ലാത്ത നാടകമാണ് മാളവികാഗ്നിമിത്രം. എന്നാൽ വാനൊഴികളുടെ സമാഗമമാണ് വിക്രമോർവശീയം. വിക്രമോർവ്വശീയത്തിലെ കഥാപാത്രങ്ങളിൽ അധികവും സ്വർഗവാസികളാണ്. അതിലെ കഥാരംഗങ്ങളും മിക്കവാറും ദിവ്യപ്രദേശങ്ങൾ തന്നെ. എന്നാൽ ഭൂമിയും സ്വർഗ്ഗവും തമ്മിൽ സമ്മേളിച്ചുള്ള നാടകമാണ് ശാകുന്തളം. മാളവികാഗ്നിമിത്ര ത്തിലെ നായകനായ അഗ്നിമിത്രൻ തീരെ സ്വശക്തിയില്ലാത്ത രാജാവാണ്. രാഷ്ട്രതന്ത്രം യാതൊന്നും അദ്ദേഹത്തിനറിഞ്ഞുകൂടാ. യുദ്ധം തീരേ ശീലമില്ല. മന്ത്രിമാരുടെ ഗുണം കൊണ്ട് എല്ലാം ഭംഗിയായി നടക്കുന്നുവെന്നുമാത്രം. ഒരു സ്ത്രീലബടനുമാണയാൾ. നേരെ മറിച്ചാണ് പുരുരവസ്സിന്റെ സ്ഥിതി. ധിരോദാത്തനായ അദ്ദേഹം ഭീനാനു കമ്പിയാണ. യുദ്ധവീരനാണ് സ്വന്തം കാര്യങ്ങളെല്ലാം പരാപേക്ഷ കൂടാതെ നടത്താൻ അദ്ദേഹത്തിന് പ്രാപ്തിയുമുണ്ട്. ശാകുന്തളത്തിലെ ദുഷ്യന്തൻ മറ്റ് രണ്ടുപേരെയും അതിശയിക്കുന്നു. നായകഗുണങ്ങൾ എല്ലാം തികഞ്ഞ ഒരു രാജർഷിയാണ് അദ്ദേഹം. യുദ്ധത്തിലും രാജ്യഭരണത്തിലും ഒരുപോലെ വിദഗ്ദനായ ആ നയജ്ഞൻ മന്ത്രിമാരോടും പുരോഹിതനോടും മറ്റും ആലോചിക്കാതെ കാര്യമൊന്നും തീർച്ചപ്പെടുത്താറില്ല. പക്ഷപാതം കൂടാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കും ദയാലുവാണ് ധർമ്മമല്ലെന്ന് തോന്നുന്ന കാര്യങ്ങൾ ചെയ്യുകയില്ല.

മൂന്ന് നാടകങ്ങളിലും നർമ്മ സചിവന്മാരായ ഓരോ വിദുഷകന്മാരുണ്ട്. അവരുടെ സ്വഭാവവും പരസ്പരം വിലക്ഷണങ്ങൾ തന്നെ. അഗ്നിമിത്രന്റെ നർമ്മസചിവനായ ഗൗതമൻ അതിബുദ്ധിമാനും തന്ത്രജ്ഞനനുമാണ്. നേരെ വിപരീത സ്വഭാവകാരനാണ് പുരൂരവസ്സിന്റെ മാണവകൻ. അയാളെക്കൊണ്ട് പുരൂരവസ്സിന് ഉപദ്രവങ്ങളല്ലാതെ ഗുണമൊന്നും ഉണ്ടാകുന്നില്ല. ദുഷ്യന്തന്റെ മാഢവ്യനാകട്ടെ ഒരു മൃത്പിണ്ഡ ബുദ്ധിയാണ് എന്നു പറയാം. ശകുന്തളാ പ്രാപ്തിയിൽ അയാളെക്കൊണ്ട് ദുഷ്യന്തന് വിശേഷിച്ച് ഉപകാരമൊന്നുമുണ്ടാകുന്നില്ല.

### മാളവികാഗ്നിമിത്രം

കാളിദാസ വിരചിതമായ നാടകങ്ങളിൽ ഏറ്റവും ആദ്യത്തേതാണ് മാളവികാശിമിത്രം. മറ്റു രചനകളുമായി താരതമ്യം ചെയ്യുമ്പോൾ അപക്വമായ ഒരു രചനയാണ് ഇത്. നാടകത്തിന്റെ ആമുഖത്തിൽ തന്നെ തന്റെ പൂർവ്വീകരെ നമസ്കരിച്ചുകൊണ്ടും നാടകത്തിന്റെ വിജയത്തിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടും കവി തന്നെ അവതരിപ്പിക്കുന്ന വാക്കുകൾ ഇതിന്റെ സൂചനയായിരിക്കാം.

ഇതിലെ ഇതിവൃത്തം അഗ്നിമിത്രനും മാളവികയും തമ്മിലുള്ള പ്രണയമാണ്. നായകനായ അഗ്നിമിത്രൻ ആ.ഇ 2-ാം നൂറ്റാണ്ടിൽ രാജ്യം വാണിരുന്ന സുംഗ വംശത്തിലെ രാജാവാണ്. കഥാഘടനയിലും പാത്രസൃഷ്ടിയിലും ഗദ്യപദ്യരചനയിലും രസപോഷണ രീതിയിലുമെല്ലാം കാളിദാസന് മാർഗ്ഗദർശനം നൽകിയിട്ടുള്ളത് ഭാസമഹാകവിയാണ്. ഭാസന്റെ സ്വപ്നവാസവദത്തത്തിലെ കഥാപാത്രങ്ങളേയും കഥാഘടനയേയും ഒന്ന് മട്ടുമാറ്റി രചിച്ചിട്ടുള്ളതാണ് കാളിദാസന്റെ ഈ നാടകം. ഇവിടെ അഗ്നിമിത്രന്റെ പ്രഥമപത്നിയായ ധാരിണീദേവി സ്വഭർത്താവിന്റെ മൂന്നാം വിവാഹത്തിന് സ്വയം മുൻകൈ എടുത്ത് രണ്ടാമത്തെ ഭാര്യയായ ഇരാവതിയേയും പറഞ്ഞു സമ്മതിപ്പിക്കുന്നതായി കാണാം. അഗ്നിമിത്രനാകട്ടെ സ്നേഹമയികളായ രണ്ടു ഭാര്യമാർ ഉണ്ടായിട്ടും, യുവാവും ശൂരനുമായ പുത്രൻ ഉണ്ടായിരുന്നിട്ടും യുവതികളെ തേടിപ്പോകുന്ന ഒരു വിടനാണ്. പുരുഷൻ ദുഷിച്ചാൽ എത്രത്തോളം ദുഷിക്കാമെന്നും, സ്ത്രീ നന്നായാൽ എത്രത്തോളം നന്നാവാമെന്നും അഗ്നിമിത്രൻ, ധാരിണി എന്നീ കഥാപാത്രങ്ങളിലൂടെ കാണിച്ചു തരുകയാണ് കാളിദാസൻ ചെയ്തിട്ടുള്ളത്. ഇവിടെ നായികയായ മാളവിക കുറേക്കാലം തന്റെ യാഥാർത്ഥ്യം വെളിപ്പെടുത്താതെ ധാരിണിയെ ആശ്രയിച്ചു ജീവിക്കുന്നു. സിദ്ധന്മാരുടെ പ്രവചനത്തിലുള്ള വിശ്വാസം, രാഷ്ട്രതന്ത്രം അതിലൂടെയുള്ള രാജ്യങ്ങൾ തമ്മിലുള്ള ബന്ധം എന്നിവ ഇവിടെ വ്യക്തമായി വരച്ചു കാണിയ്ക്കുന്നുണ്ട്. ചുരുക്കത്തിൽ ഒരു നാടകമെന്ന നിലയിൽ കാളിദാസ പ്രതിഭയുടെ മൗലികസ്പർശം മികവോടെ ഈ നാടകത്തിൽ തെളിഞ്ഞു കാണുന്നില്ല.

## വിക്രമോർവശീയം

അഞ്ചങ്കങ്ങൾ ഉള്ള ഈ നാടകത്തിൽ രുരവസ്സിന്റെയും ഉർവ്വശിയുടെയും പ്രണയകഥയാണ് വർണ്ണിച്ചിരിക്കുന്നത്. ഋഗ്വേദത്തിലും പുരാണങ്ങളിലും പരാമർശിക്കപ്പെടുന്ന കഥയിൽ പല വ്യതിയാനങ്ങളും വരുത്തിക്കൊണ്ട് നാടകരൂപത്തിൽ അവതരിപ്പിക്കുകയാണ് കാളിദാസൻ ചെയ്തിരിക്കുന്നത്.

കേശി എന്ന രാക്ഷസനാൽ അപഹരിക്കപ്പെട്ട ഉർവ്വശിയെ പുരുരവസ്സ് രക്ഷിക്കുന്നതും പിന്നീട് തന്നിൽ അനുരക്തനായിത്തീർന്ന പുരുരവസ്സിന് ഉർവ്വശി സന്ദേശമയക്കുന്നതും, ആ സന്ദേശം രാജ്ഞിയുടെ കൈയിൽ എത്തിചേരുന്നതും എല്ലാം കാളിദാസന്റെ സംഭാവനയാണ്. അതുപോലെ ദേവേന്ദ്രന്റെ നിർദ്ദേശപ്രകാരം നാരദൻ വന്ന് ഉർവ്വശിയെ ജീവിതാവസാനം വരെ പുരുരവസ്സുമായി ഭൂമിയിൽ ജീവിക്കാൻ അവസരം ഒരുക്കുന്നതും, പുരൂരവസ്സിന്റെ പുത്രനായ ആയുസ്സിനെ യുവരാജാവായി അഭിഷേകം ചെയ്യിക്കുന്നതും കഥയിൽ വരുത്തിയ മാറ്റങ്ങളാണ്. ഈ വ്യത്യാസങ്ങൾ നാടകത്തിന് തനതായ ഒരു അസ്വാദ്യത ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

ഈ നാടകത്തിൽ കാളിദാസന്റെ പ്രതിഭാവിശേഷം അത്ര പ്രകടമാകുന്നില്ലെങ്കിലും ആ മഹാകവിയുടെ കാമുക ഹൃദയത്തെ തേടിയുള്ള അന്വേഷണവും, ആസൂത്രണ വൈദഗ്ദ്യവും നാടകത്തിലുടനീളം കാണാൻ കഴിയും.

## അഭിജ്ഞാന ശാകുന്തളം

മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനമാണ് ശാകുന്തളത്തിലെ മുഖ്യപ്രമേയം. എന്നാൽ ഉത്തമമായ ഒരു നാടകത്തിന് യോജിക്കുന്ന വിധത്തിലുള്ള വ്യത്യാസങ്ങൾ കഥയുടെ പലഭാഗത്തും കാളിദാസൻ വരുത്തിയിട്ടുണ്ട്.

കണ്വാശ്രമത്തിൽവെച്ച് ഗാന്ധർവ്വ വിധി പ്രകാരം ശകുന്തളയെ വിവാഹം കഴിച്ചശേഷം രാജധാനിയിലേക്ക് മടങ്ങിപോവുമ്പോൾ ദുഷ്യന്തൻ അഭിജ്ഞാനമായി ശകുന്തളക്ക് കൊടുക്കുന്ന മുദ്രാംഗിതമായ മോതിരത്തിന്റെ കഥ കാളിദാസ സങ്കൽപ്പമാണ്. ദുർവ്വാസാവിന്റെ ശാപവും കാളിദാസന്റെ സംഭാവനയാണ്. മഹാഭാരതകഥയിൽ ശകുന്തള പുത്രനോടുകൂടിയാണ് രാജധാനിയിലേക്ക് പോകുന്നത്. ശാകുന്തളത്തിൽ അങ്ങനെയല്ല. മഹാഭാരതത്തിൽ രാജധാനിയിൽ എത്തിചേർന്ന ശകുന്തളയേയും പുത്രനേയും സ്വീകരിക്കാൻ ദുഷ്യന്തൻ മടിക്കുന്നത് ജനാപവാദം ഭയന്നാണ്. എന്നാൽ ശാകുന്തളത്തിൽ കാളിദാസൻ രാജാവിനെ രക്ഷിക്കുന്നത് വിസ്മൃതിയുടെ കഥ പറഞ്ഞാണ്. ഭാരതകഥയിൽ ദുഷ്യന്തൻ ശകുന്തളയേയും പുത്രനേയും സ്വീകരിക്കുന്നത് അശരീരി കേട്ടാണ്. ശാകുന്തളത്തിലാകട്ടെ ഇന്ദ്രന്റെ അപേക്ഷ അനുസരിച്ച് സ്വർഗ്ഗത്തിൽ ചെന്ന് ശത്രുസംഹാരം കഴിഞ്ഞ് മടങ്ങിവരുമ്പോൾ ശകുന്തളയുമായി പുന:സമാഗമം ഉണ്ടാകുന്നത് മരിചമഹർഷിയുടെ ആശ്രമത്തിൽ വെച്ചാണ്. ഈ വ്യതിയാനങ്ങൾ എല്ലാം നാടകത്തിന്റെ വിജയത്തിന് പ്രയോജനപ്രദമാവുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കാളിദാസന് വിശ്വസാഹിത്യത്തിൽ തന്നെ ഒന്നാംസ്ഥാനം നേടിക്കൊടുത്ത ഒരു സാഹിത്യ സൃഷ്ടിയാണ് അഭിജ്ഞാന ശാകുന്തളം. കഥാപാത്ര സന്നിവേശത്തിൽ കാളിദാസ പ്രതിഭയുടെ

ഒരു ഉത്തമ ദൃഷ്ടാന്തമാണ് ശകുന്തള. ഒരു നാടകം എന്നതിലുപരിയായി അതിലെ കാവ്യാത്മകതയാണ് ശാകുന്തളത്തെ കൂടുതൽ ശ്രദ്ധേയമാക്കുന്നത്.

## ഭവഭൂതി

ക്രി.ഉ 8-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നാടകകൃത്താണ് ഭവഭൂതി. മഹാവീരചരിതം, ഉത്തരരാമചരിതം, മാലതീമാധവം എന്നീ മൂന്ന് ദൃശ്യകാവ്യങ്ങളുടെ കർത്താവാണ് ഭവഭൂതി.

## മഹാവീരചരിതം

ഭവഭൂതിയുടെ ദൃശ്യകാവ്യങ്ങളിൽ ആദ്യത്തേതാണ് മഹാവീരചരിതം. രാമായണകഥയെ ആസ്പദമാക്കിയാണ് ഈ കൃതി രചിക്കപ്പെട്ടിരിക്കുന്നത്. ശ്രീരാമപട്ടാഭിഷേകം വരെയുള്ള രാമായണകഥ മുഴുവനായും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. മൂലകഥയിൽ നിന്നും അവശ്യം വേണ്ട മാറ്റങ്ങൾ വരുത്തിയാണ് നാടകം രചിച്ചിട്ടുള്ളത്. കാംക്ഷിയായ രാവണൻ സ്വയം വരത്തിൽ പരാജിതനായി. ദു:ഖം സഹിക്കാതെ രാമനോട് പ്രതികാരം ചെയ്യാൻ ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി തന്റെ സോദരിയായ ശൂർപ്പണഖയേ കൈകേയിയുടെ ദാസിയായ മന്ഥരയുടെ രൂപത്തിൽ വേഷം മാറ്റി രാമാഭിഷേകം മുടക്കുന്നു. തുടർന്ന് നടക്കുന്ന സംഭവവികാസങ്ങൾ മൂലകഥയിലെ ഭാഗങ്ങൾ അതേപടി നാടകീയമായ രീതിയിൽ അവതരിപ്പിക്കുകയാണ് കഥാകാരൻ

## ഉത്തരരാമചരിതം

രാമായണത്തിലെ ഉത്തരകാണ്ഡകഥയെ അടിസ്ഥാനമാക്കി ഭവഭൂതിയാൽ രചിക്കപ്പെട്ട മറ്റൊരു ദൃശ്യകാര്യമാണ് ഇത്. സീതാപരിത്യാഗത്തോടെ തുടങ്ങുന്ന നാടകം സീതാരാമൻമാരുടെ സംഗമത്തിലൂടെ അവസാനിക്കുന്നു. ദണ്ഡകാരണ്യത്തിൽ വെച്ച് രാമന്റെ ദൃഷ്ടിയിൽ പെടാതെയുള്ള സീതാരാമ സംഗമം ഭവഭൂതിയുടെ നാട്യരചനാ വൈഭവത്തിന് ഉദാഹരണമാണ്. അവിടെ രാമൻ സീതയുടെ സ്പർശം അനുഭവിക്കുകയും, ശബ്ദം കേൾക്കുകയും ചെയ്യുന്നു. എന്നാൽ സീതയെ ഒരിക്കലും കാണുന്നില്ല. ലോക നാടക വേദിയിൽതന്നെ അത്യപൂർവ്വ സംഭവമായ അന്തർനാടകം എന്ന സങ്കല്പം ഈ നാടകത്തെ മറ്റ് നാടകങ്ങളിൽ നിന്ന് വേർതിരിക്കുന്നു. ഇതിലെ മുഖ്യരസം കരുണമാണെന്ന് ചിലരും, വിപ്രലംഭം ശൃംഗാരമാണെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

## മാലതീമാധവം

ഇത് പ്രകരണം എന്ന രൂപകവിഭാഗത്തിൽ ഉൾപ്പെടുന്നു. ഉജ്ജയിനിയിലെ മന്ത്രിയുടെ മകളായ മാലതിയും, വിദർഭയിലെ മന്ത്രിയുടെ മകനായ മാധവനും തമ്മിലുള്ള പ്രണയമാണ് ഇതിവൃത്തം. മുഖ്യരസം ശൃംഗാരമാണ്. ഹാസ്യരസത്തിന് ശൃംഗാരത്തോളം പ്രാധാന്യമുണ്ട്. കാളിദാസൻ വ്യംഗ്യരൂപേണ അവതരിപ്പിക്കുന്ന പല സംഭവങ്ങളും ഭവഭൂതി തന്റേതായ ശൈലിയിൽ പ്രത്യക്ഷമായി അവതരിപ്പിക്കുന്നു. ഭവദുതിനാടകങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത വിദൂഷകന്റെ അഭാവമാണ്. നാടക രചനയിൽ കാളിദാസനേക്കാളും പല സന്ദർഭങ്ങളിലും മികച്ചു നിൽക്കുന്നത് ഭവഭൂതിയുടെ രചനകളാണ്.

## മൃച്ഛകടികം

ശുദ്രകവിരചിതമായ ഒരു പ്രകരണമാണ് മൃച്ഛകടികം. ഭാസന്റെ ചാരുദത്തം എന്ന രൂപകത്തെ ആസ്പദമാക്കി തന്റെ ഭാവനയ്ക്കൊത്ത വിധത്തിൽ പാലകരാജാവിന്റെ കഥ കൂടി' ഇണക്കി ചേർത്തുകൊണ്ടാണ് പത്തംഗങ്ങളിലായി ഈ കൃതി രചിച്ചിട്ടുള്ളത്. നായകനായ ചാരുദത്തന്റെ പുത്രനായ രോഹസേനന്റെ കളിമൺവണ്ടി നായികയായ വസന്തസേന അവരുടെ ആഭരണങ്ങൾകൊണ്ട് അലങ്കരിച്ചു കൊടുക്കുന്ന സംഭവത്തെ ആസ്പദമാക്കിയാണ് ഈ രൂപകത്തിന് മൃത് ശകടികാ എന്ന അർത്ഥത്തിൽ മൃച്ഛകടികം എന്ന പേർ നൽകപ്പെട്ടിരിക്കുന്നത്.

ഉജ്ജയിനിയിലെ കുലീനനും സദ്ഗുണ സമ്പന്നനുമായ ഒരു വ്യാപാരിയാണ് ചാരുദത്തൻ. വസന്ത സേനയാകട്ടെ ആ രാജധാനിയിലെ അതിസുന്ദരിയായ ഒരു ഗണികയും. ദുർവൃത്തനും രാജസ്യാലനും ആയ സംസ്ഥാനകണ്ട് വസന്തസേനയിൽ അനുരക്തനാണ്. വസന്ത സേനയാകട്ടെ ചാരുദത്തനിൽ അനുരക്തയാണ്. ഒരു ദിവസം രാത്രിയിൽ സംസ്ഥാനകൻ അനുചരന്മാരുമായി ചാരുദത്തന്റെ വീടിന് സമീപത്തുവെച്ച് വസന്തസേനയെ ബലാൽകാരമായി

ആക്രമിക്കാൻ ശ്രമിക്കുന്നു. വസന്തസേനയാകട്ടെ ചാരുദത്തന്റെ വീട്ടിൽ അഭയം പ്രാപിക്കുന്നു. ആഭരണങ്ങൾ മോഷ്ടിക്കാൻ വേണ്ടിയാണ് തന്നെ ആക്രമിക്കാൻ ശ്രമിച്ചതെന്ന് തെറ്റിദ്ധരിച്ച് വസന്തസേന തന്റെ ആഭരണമെല്ലാം അഴിച്ച് ചാരുദത്തനെ ഏൽപ്പിച്ചശേഷം വീട്ടിലേക്ക് മടങ്ങിപോകുന്നു. ആ ആഭരണങ്ങൾ ശർവിലകൻ എന്ന തസ്കരൻ മോഷ്ടിക്കുകയും വസന്തസേനയുടെ ഏറ്റവും അടുത്ത തോഴിയും കാമുകിയുമായ മദനികയെ വസന്തസേനയിൽ നിന്ന് മോചിപ്പിക്കാനായി സമ്മാനമായി നൽകുന്നു. ആ വിവരം മനസ്സിലാക്കിയ വസന്തസേന ചാരുദത്തന്റെ വീട്ടിലേക്ക് പോകുന്ന വഴിക്ക് വണ്ടിമാറി സംസ്ഥാനകന്റെ വണ്ടിയിൽ കയറുന്നു. ഈ സന്ദർഭത്തിൽ വസന്തസേനയെ കണ്ട സംസ്ഥാനകൻ പ്രലോഭനങ്ങൾ കൊണ്ട് വശപ്പെടുത്താൻ ശ്രമിക്കുകയും ഫലമില്ലെന്ന് മനസ്സിലാക്കി അവളെ വധിക്കുന്നു. ചാരുദത്തനാണ് ആഭരണങ്ങൾ അപഹരിച്ചശേഷം വസന്തസേനയെ കൊന്നതെന്ന് പരാതി കൊടുക്കുകയും ചെയ്തു. കൊലക്കുറ്റം ചുമത്തപ്പെട്ട ചാരുദത്തൻ വധശിക്ഷക്ക് വിധിക്കപ്പെടുന്നു. ഒടുവിൽ ഒരു ബുദ്ധ സന്യാസിയുടെ പരിചരണം കൊണ്ട് മരണത്തിൽനിന്ന് രക്ഷപ്പെട്ട വസന്തസേന മടങ്ങിവന്ന് സത്യം വെളിപ്പെടുത്തുന്നതോടെ ചാരുദത്തൻ വിമുക്തനാവുകയും അവരുടെ പുന:സമാഗമം ഉണ്ടാവുകയും ചെയ്യുന്നു.

അക്കാലങ്ങളിൽ രാജധാനികളിൽ കണ്ടിരുന്ന അഴിമതികളും ഉപചാപങ്ങളും രാജസ്യാലന്മാരുടെ വിളയാട്ടങ്ങളും ഈ കൃതിയിൽ വിശദമായി വരച്ചുകാട്ടുന്നു. മുപ്പതോളം കഥാപാത്രങ്ങളുള്ള ഈ കൃതിയിൽ എല്ലാ കഥാപാത്രങ്ങളും വ്യക്തിത്വമുള്ളവയാണ്. അഭിനയക്ഷമതയുള്ളതുകൊണ്ട് ഈ രൂപകത്തിന് ആ കാലത്തുതന്നെ നല്ല പ്രചാരം ഉണ്ടായിരുന്നു. പാലകരാജാവിന്റെ ദുർഭരണത്തിൻ കീഴിൽ നട്ടം തിരിയുന്ന ജനങ്ങൾ ആര്യകന്റെ നേതൃത്വത്തിൽ നടത്തുന്ന ജനകീയ പ്രക്ഷോപവും ഈ കൃതിയെ മറ്റ് സംസ്കൃത രൂപകങ്ങളിൽ നിന്നും വേർതിരിച്ച് നിർത്തുന്നു.

## മുദ്രാരാക്ഷസം

മുദ്രാ രാക്ഷസം എന്ന ദൃശ്യകാവ്യത്തിന്റെ കർത്താവ് വിശാഖദത്തനാണ്. ശൃംഗാരരസത്തെ പൂർണ്ണമായും ഒഴിവാക്കിയ ഒരേ ഒരു ദൃശ്യകാവ്യമാണിത്. ചന്ദ്രഗുപ്ത രാജാവിന്റെ മന്ത്രിയും വിഖ്യാതനായ രാഷ്ട്രതന്ത്രജ്ഞനുമായ ചാണക്യന്റെ (കൗടില്യന്റെ) രാഷ്ട്രീയനീക്കങ്ങളാണ്. ഇതിലെ മുഖ്യ പ്രതിപാദ്യം. ശക്തമായ കഥാപാത്രങ്ങളുടെ സന്നിവേശം കൊണ്ടും ചാടുലത കൊണ്ടും ഈ നാടകം വിശ്വവേദിയിൽ പോലും ശ്രദ്ധ പിടിച്ചു പറ്റുന്നു. ഇതിവൃത്തവും അതിനെതിരായ ഉപ ഇതിവൃത്തങ്ങളും ഈ ദൃശ്യകാവ്യത്തെ കൂടുതൽ ആസ്വാദ്യമാക്കുന്നു. രാഷ്ട്രീയ നാടകങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്ന് മാതൃകാപരമായി പഠിപ്പിക്കാൻ കഴിയുന്ന ഒരു കൃതിയാണ് ഇത്. അതുപോലെതന്നെ രാഷ്ട്രീയ തന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വിശാഖദത്തന്റെ പ്രതിഭ വിശേഷമേറിയതാണ്.

## ആശ്ചര്യചൂഡാമണി

അത്ഭുതരസ പ്രധാനമായ ഈ നാടകം രചിച്ചത് ശ്രീശങ്കരന്റെ സമകാലിക എന്ന് വിശ്വസിക്കപ്പെടുന്ന ശക്തിഭദ്രൻ ആണ്. ശ്രീരാമന്റെ വനവാസം മുതൽ സീതയുടെ അഗ്നിപ്രവേശം വരെയുള്ള രാമായണ കഥയാണ് ഈ നാടകത്തിൽ വർണ്ണിച്ചിരിക്കുന്നത്. ശക്തിഭദ്രൻ ശ്രീശങ്കരന്റെ മുമ്പിൽ ഈ നാടകം വായിച്ചു കേൾപ്പിച്ചു എന്നും മൗനവ്രത നിഷ്ഠനായ ആചാര്യൻ ഒന്നും മറുപടി പറയാത്തതുകൊണ്ട് തന്റെ കൃതി നിന്ദ്യമാണെന്ന് കരുതി അത് കത്തികളഞ്ഞു എന്നും അവസാനം ശ്രീശങ്കരൻ സ്വന്തം ഓർമ്മയിൽ നിന്ന് ഈ കൃതി വീണ്ടും പറഞ്ഞു കൊടുത്തു എന്നുമാണ് ഐതിഹ്യം. ശങ്കരൻ ശക്തിഭദ്രന് ഭൂവനഭൂതി എന്ന പേര് സമ്മാനിക്കുകയും ചെയ്തു.

# UNIT III

## ഭാസനും അദ്ദേഹത്തിന്റെ കൃതികളും

ഭാസൻ എന്ന കവിയെ കുറിച്ചോ അദ്ദേഹത്തിന്റെ കാലം, കൃതികൾ എന്നിവയെകുറിച്ചോ കൃത്യമായ വിവരങ്ങൾ ഒന്നും തന്നെ സാഹിത്യ ചരിത്രത്തിൽ ഇല്ല എന്നു പറയാം. പ്രശസ്ത കവി കാളിദാസൻ മാളവികാഗ്നിമിത്രം എന്ന നാടകത്തിന്റെ ആമുഖത്തിൽ ഭാസനെ കുറിച്ച് ഇപ്രകാരം പരാമർശിക്കുന്നു. ഇതാണ് ഈ കവിയെകുറിച്ച് ഇപ്പോൾ നമുക്ക് ലഭ്യമായിട്ടുള്ള ആദ്യത്തെ അധികാരിക വാക്യം

''प्राथितयशसां भाससौमिल्लकविपुत्रादीनां प्रबन्धानतिक्रम्य

वर्तमानकवेः कालिदासस्य क्रियायां कथं परिषदोऽस्याः वहुमानः''

ഇവിടെ കാളിദാസൻ ഭാസന്, സൗമില്ലൻ, കവിപുത്രൻ എന്നീ കവികളുടെ മുന്നിലാണ് സ്ഥാനം നൽകിയിരിക്കുന്നത്. പിന്നീട് പ്രശസ്ത ഗദ്യരചിയിതാവായ ബാണഭട്ടനും ഭാസന് വളരെ ആദരണീയമായ ഒരു സ്ഥാനം കൊടുത്ത് കാണുന്നുണ്ട്. അദ്ദേഹത്തിന്റെ ഹർഷചരിതത്തിൽ ഇപ്രകാരം പറഞ്ഞു കാണുന്നു

सूत्रधारकृतारम्भैर्नाटकैर्बहुभूमिकैः।

सपातकैर्यशो लेभे भासो देवकुलैरिव।।

. അതുപോലെ കാവ്യമീമാംസയുടെ കർത്താവായ രാജശേഖരൻ ഭാസനാടകങ്ങളെക്കുറിച്ചും പ്രത്യേകിച്ച് സ്വപ്നവാസവദത്തത്തെക്കുറിച്ചും ഇപ്രകാരം പ്രകീർത്തിച്ചു കാണുന്നുണ്ട്.

भासनाटकचक्रेऽस्मिन् छेकैःक्षिप्ते परीक्षितुम् /

स्वप्नवासवदत्तस्य दाहकोऽभून्नपावकः//

ഈ അടുത്തകാലം വരെ സൗമില്ലന്റെയും, കവിപുത്രന്റെയും കൃതികൾ നഷ്ടപ്പെട്ടപോലെ, ഭാസന്റെ കൃതികളും നഷ്ടപ്പെട്ടിരിക്കാനാണ് സാദ്ധ്യത എന്നാണ് കരുതിയിരുന്നത്. എന്നാൽ 1906ൽ മഹാമഹോപാധ്യായ ശ്രീ.ടി.ഗണപതി ശാസ്ത്രികളുടെ ഗവേഷണത്തിന്റെ ഫലമായി ഭാസന്റെതെന്ന് കരുതപ്പെടുന്ന 13 കൃതികൾ കണ്ടെടുക്കുകയും അവ ദൃശ്യസാഹിത്യ ചരിത്രത്തിലെ ഒരു നാഴിക കല്ലായി മാറുകയുമാണുണ്ടായത്. (1) സ്വപ്നവാസവദത്തം (2) പ്രതിജ്ഞായൗഗന്ധരായണം (3) അവിമാരകം (4) ചാരുദത്തം (5) ബാലചരിതം (6) മദ്ധ്യമവ്യായോഗം (7) പഞ്ചരാത്രം (8) ദൂതവാക്യം (9) ദൂതഘടോത്കചം (10) കർണ്ണഭാരം (11) ഊരുഭംഗം (12) പ്രതിമാനാടകം (13) അഭിഷേകനാടകം എന്നിവയാണവ. ഇതിൽ ആദ്യത്തെ രണ്ടെണ്ണം കഥാസരിത്സാഗരത്തിലെ ഉദയനകഥയെ ആസ്പദമാക്കിയുള്ളതാണ്. മൂന്നും നാലും സാമുദായിക പ്രശനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. അഞ്ചാമത്തെ കൃതിയായ ബാലചരിതം പുരാണകഥയെ ആസ്പദമാക്കിയുള്ളതാണ്. പിന്നീട് വരുന്ന ആറ് കൃതികളും മഹാഭാരതകഥയെ ആസ്പദമാക്കിയുള്ളവയാണ്. അവസാനത്തെ രണ്ട് കൃതികളാകട്ടെ രാമായണകഥയെ ആസ്പദമാക്കി രചിച്ചിട്ടുള്ളവയാണ്. ചിലരുടെ അഭിപ്രായത്തിൽ കേരളത്തിലെ ചാക്യാന്മാരുടെ രചനകളാണ് ഇവ. എന്നാൽ രംഗാവതരണങ്ങളിലൂടെ ഇവ സൃഷ്ടിച്ചത് ചാക്യാർമാർ ആണെന്നും, അവതരണത്തിന് സൗകര്യപ്രദമായ രീതിയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ടാകാമെങ്കിലും ഇവയെല്ലാം ഭാസന്റെ മൂലകൃതികളെ അടിസ്ഥാനമാക്കി രചിച്ചതായിരിക്കാം എന്ന് അനുമാനിക്കാം.

### വ്യായോഗം

ദശരൂപകങ്ങളിൽ ഒന്നാണ് വ്യായോഗം. നാട്യശാസ്ത്രത്തിൽ വ്യായോഗത്തിന്റെ നിർവചനം ഇപ്രകാരമാണ്.

व्यायोगस्तु विधिज्ञैः कार्यः प्रख्यातनायकशरीरः

अल्पस्त्रीजनयुक्तस्त्वेकाहकृतस्तथा चैव।।

बहवश्च तत्र पुरुषा व्ययच्छन्ते यथा समवकारे।

नच दिव्यनायककृतः कार्यो राजर्षिनायकानिबन्धः।।

एवंविधस्तु कार्यो व्यायोगो दीप्तकाव्यरसयोनिः

പ്രഖ്യാതനായ നായകനും, പ്രഖ്യാതമായ കഥാവസ്തുവും, സ്ത്രീകഥാപാത്രങ്ങൾ കുറവ്, ഒരു ദിവസത്തെ കഥ, പുരുഷകഥാപാത്രങ്ങൾ കൂടുതൽ, നായകൻ ദിവ്യനാകരുത്, എന്നാൽ നായകൻ രാജർഷിതുല്യനായിരിക്കണം. ആക്രമണങ്ങളും, മൽപ്പിടുത്തങ്ങളും വാഗ്വാദങ്ങളും ഉണ്ടായിരിക്കണം, ദീപ്തമായ അംഗീരസത്തോടു കൂടിയതായിരിക്കണം. രസം വീരമോ, രൗദ്രമോ അദ്ഭുതമോ ആവാം.

## മദ്ധ്യമവ്യായോഗം

മഹാഭാരതത്തിലെ കഥാപാത്രങ്ങളായ ഭീമൻ, ഘടോത്കചൻ, ഹിഡിംബ എന്നീ പ്രധാന കഥാപാത്രങ്ങളെ അവലംബിച്ച് ഭാസന്റെ പ്രതിഭയിൽ മെനഞ്ഞെടുത്തതാണ് ഈ കൃതി. ഐതരേയ ബ്രാഹ്മണത്തിൽ ശുനഃശേഫോപാഖ്യാനത്തിലെ യാഗബലിക്കായി അംബരീഷ രാജാവിന് തന്റെ മധ്യമപുത്രനെ വിട്ടുകൊടുത്ത ഋചിക മുനിയുടെ കഥ പ്രധാന ഇതിവൃത്തത്തിൽ സന്ദർഭോചിതമായി ഇണക്കി ചേർക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മഹാഭാരതത്തിലെ ബകവധകഥക്ക് തുല്യമായ രീതിയിൽ ഇവിടെ ഭീമൻ തന്നെ ബ്രാഹ്മണപുത്രന് പകരമായി ഹിഡിംബയുടെ ഭക്ഷണമാകുന്ന സന്ദർഭവും ഇണക്കിചേർത്തിട്ടുണ്ട്. അത്തരത്തിൽ മഹാഭാരതത്തിൽ നിന്നും മറ്റു കഥാസന്ദർഭങ്ങളിൽ നിന്നും സ്വീകരിച്ച പേരുകളെ തന്റെ വിപുല ഭാവനയോട് ചേർത്ത് ഭാസൻ രസകരമായൊരു കഥാവസ്തു നെയ്തെടുക്കുകയും അതിനെ വീരം, ഉത്കണ്ഠ, ദയ, ഭയം, ഭക്തി, വാത്സല്യം തുടങ്ങിയ നിരവധി ഭാവങ്ങളിലൂടെ പരിപുഷ്ടമാക്കിയെടുക്കുകയും ചെയ്തു. मध्यमौ अधिकृत्य रचितः व्यायोगःരണ്ടു മധ്യമന്മാരെ അധികരിച്ച് രചിക്കപ്പെട്ട വ്യായോഗം ബ്രാഹ്മണപുത്രനായ മദ്ധ്യമനും, പാണ്ഡവമദ്ധ്യമനും. मध्यमं (मध्यमपाडवं) अधिकृत्य कृतो व्यायोगः പാണ്ഡവമദ്ധ്യമനായ ഭീമനെ അധികരിച്ച് രചിച്ച വ്യായോഗംमध्यमौ व्यायुज्येते (विशेषेण संयुज्येते) अत्र इति।മധ്യമന്മാർ പ്രത്യേക രീതിയിൽ ഒന്നിക്കുന്നു. मध्यमस्य (भीमस्य) व्यायोगः (विशेषेण संयोगः)मध्यमव्यायोगः ഭീമൻ ഭാര്യയോടും പുത്രനോടും ഒന്നിച്ചു ചേരൽ.

## नान्दी

നാടകരംഭത്തിൽ സൂത്രധാരൻ ആലപിക്കുന്ന ആശംസാപരമായ മംഗളശ്ലോകം सूत्रधारः पठते नान्दिम् എന്ന് നാട്യശാസ്ത്രം വിധിക്കുന്നു. വിഘ്നോപശാന്തിയാണ് നാന്ദിയുടെ ലക്ഷ്യം അതുകൊണ്ടു തന്നെ നാടകം തുടങ്ങുന്നതിനു മുമ്പെ ചെയ്യുന്ന പവിത്രമായ ചടങ്ങിനെ നാന്ദി എന്ന് വിളിക്കുന്നു. ഈ കൃതിയിൽ നാന്ദിക്ക് ശേഷമാണ് സൂത്രധാരൻ പ്രവേശിക്കുന്നത്. അതിനാൽ തിരശ്ശീലക്ക് പിന്നിൽ ദേവന്മാരേയും ഗുരുക്കന്മാരേയും സ്മരിച്ചുകൊണ്ട് ചെയ്യുന്ന പൂർവ്വരംഗ പൂജാക്രമത്തെ നാന്ദി എന്ന് വിളിക്കാം.

1. नन्दान्ति देवाःसामाजिकाःचअस्यामितिनान्दी

२. देवाद्विजनृपादीनामाशीर्वादपरायणा। नन्दान्ति देवता यस्मात् तस्मात्नान्दीति कीर्तिता, यथाप्यवश्यंकर्तव्या नान्दी विघ्नोपशान्तये/

३. आशीर्वचनसंयुक्ता स्तुतिर्यस्मात् प्रयुज्यते।

देवद्विजनृपादीनां तस्मात् नान्दीति संमता।

मंगल्य शंखचन्द्राब्जकोककैरवशंसिनि।

पदैर्यूक्ता द्वादशभिरष्टाभिर्वा पदैरुत।

1. ഈ പ്രയോഗത്തിൽ ദേവന്മാരും സാമാജികന്മാരും ഒരുപോലെ ആനന്ദിയ്ക്കുന്നു എന്നുള്ളതുകൊണ്ട് ഇതിനെ നാന്ദി എന്ന് വിളിക്കുന്നു.

2. ദേവന്മാരേയോ, ബ്രാഹ്മണന്മാരേയോ, പ്രകീർത്തിച്ചുകൊണ്ടോ രാജാവിനും രാജ്യത്തിനും പ്രജകൾക്കും മംഗളം ആശംസിച്ചുകൊണ്ടോ ദേവതകളെ ആനന്ദിപ്പിക്കുന്നു എന്നതിനാൽ ഇതിനെ നാന്ദി എന്നു വിളിക്കുന്നു. രൂപകങ്ങളുടെ വിഘ്ന നിവാരണത്തിന് ഇത് അവശ്യം ചെയ്യപ്പെടേണ്ടതാണ്.

3. ആശീർവചനങ്ങളോടുകൂടിയതും, സ്തുതിയോടുകൂടിയതും ദേവന്മാരെയോ, ബ്രാഹ്മണരേയോ രാജാക്കന്മാരേയോ പരാമർശിക്കുന്നതുമാകായാൽ നാന്ദി എന്ന് വിളിക്കപ്പെടുന്നു. അത്തരം അവതരണം മംഗളസൂചകങ്ങളായ ശംഖ്, ചന്ദ്രൻ, താമര, വേഴാമ്പൽ, വെള്ളാമ്പൽ എന്നീ പദങ്ങളോടുകൂടിയതോ, പന്ത്രണ്ടോ എട്ടോ പദങ്ങളോടു കൂടിയതോ ആകാം.

## <u>सूत्रधारः</u>

सूत्रधारः सूत्रं धारयाति, धराति, वा इति सूत्रधारः।

സൂത്രം എന്ന പദത്തിന് നാട്യസൂത്രങ്ങൾ എന്നാണ് അർത്ഥം. അതായത് നാട്യകലയെ സംബന്ധിച്ചിട്ടുള്ള അറിവ് പൂർണ്ണമായി ഉൾക്കൊണ്ടവൻ.

वर्णनीयं कथासूत्रं प्रथमं येन पूज्यते

रङ्गभूमिं समासाद्य सूत्रधारः सः उच्चते।

१. **स्थापना/प्रस्तावना**

२. स्थापयति काव्यार्थं इति स्थापना।

രൂപകത്തിലെ വസ്തുവിനെ അഥവാ കഥാശരീരത്തെ സ്ഥാപിക്കുന്നത് ഏതാണോ അതിനെ സ്ഥാപന അഥവാ പ്രസ്താവന എന്നു വിളിക്കുന്നു. നാടകീയ സന്ദർഭത്തെ കാണികൾക്ക് പരിചയപ്പെടുത്താൻ ഉപയോഗിക്കുന്ന സങ്കേതമാണ് പ്രസ്താവന. ഭാസൻ തന്റെ രൂപകങ്ങളിൽ സ്ഥാപന എന്ന പദമാണ് ഉപയോഗിച്ച് കാണുന്നത്. ഇതിലൂടെ സൂത്രധാരൻ അല്ലെങ്കിൽ അദ്ദേഹത്താൽ നിയോഗിക്കപ്പെടുന്ന ഏതെങ്കിലും നടനോ, നടിയോ, അഭിനേതാക്കളുടേയും, കഥാപാത്രങ്ങളുടേയും, കഥാവസ്തുവിന്റെയും രചയിതാവിന്റെയും വിവരങ്ങൾ സാമാജികരെ അറിയിക്കുന്നു.

# UNIT IV

**श्रीः**

**महाकवि भासविरचितः**

**मध्यमव्यायोगः**

(नान्द्यन्ते ततः प्रविशति सूत्रधारः)

മഹാകവി ഭാസനാൽ രചിക്കപ്പെട്ടതായ മധ്യമവ്യായോഗം

(നാന്ദിയുടെ പരിസമാപ്തിക്കുശേഷം സൂത്രധാരൻ പ്രവേശിക്കുന്നു.)

सूत्रधार : -

पायात्स वोऽसुरवधुहृदयावसादः
पादो हरेः कुवलयामलखड्गनीलः।
यः प्रोद्यतस्त्रिभुवनक्रमणे रराज
वैडूर्यसङ्क्रम इवाम्बरसागरस्य।। १ ।।

अन्वयः

असुरवधूहृयावसादः, कूवलयामलखड्गनीलः यःत्रिभुवनक्रमणे प्रोद्यतः(सन्) आम्बरसागरस्य बैडूर्यसङ्क्रम इव रराज सः हरेः पादः वः पातु।

സൂത്രധാരൻ: അസുരപത്നിമാരുടെ ഹൃദയത്തിൽ ദു:ഖമുളവാക്കുന്നതും, നീലത്താമര പോലെയോ, മൂർച്ചയേറിയ വാൾത്തല പോലെയോ നീലനിറത്തോടുകൂടിയതും, യാതൊന്നാണോ മൂവുലകും അളക്കുന്നതിനായി തന്റെ പാദം ഉയർത്തപ്പെട്ടപ്പോൾ ആകാശമാകുന്ന സമുദ്രത്തിന് വൈഢൂര്യ നിർമ്മിതമായ ഒരു തടയണ പോലെ ശോഭിച്ചത്, അങ്ങനെയുള്ളതായ ആ വിഷ്ണുപാദം നിങ്ങളെ രക്ഷിക്കുമാറാകട്ടെ. (ശ്ലോ 1)

त्रयाणां भुवनानां समाहारः - त्रिभूवनम्। त्रिभुवनक्रमणे - द्विगुसमास

अम्बरम् एव सागरः - अम्बरसागरः। तस्य - अम्बरसागरस्य - कर्मधारयसमासः।

वैडूर्येण निर्मितः सङ्क्रम - बैडूर्यसङ्क्रमशब्दः मय - कर्मणिप्रयोगः। अहं शब्दं शृणोमि - कर्तरीयप्रयोगः खलु एष खल्वेषः। ज्ञा धातु, क्तप्रत्ययान्त।

एवमार्यमिश्रान् विज्ञापयामि। अये! किन्नु खलु मयि विज्ञापनव्यग्रे शब्द इव श्रुयते। अङ्ग। पश्यामि।

മാന്യ ജനങ്ങളെ ഇപ്രകാരം അറിയിക്കാൻ ആഗ്രഹിക്കുന്നു. എങ്ഹേ! എന്താണിത്. ഞാൻ അറിയിപ്പിനൊരുങ്ങുമ്പോൾ ഒരു ശബ്ദം പോലെ കേൾക്കപ്പെടുന്നത്? ഞാനൊന്ന് നോക്കട്ടെ.

(नेपथ्ये)

(അണിയറയിൽ നിന്ന്)

भोस्तात ! को नु खल्वेषः ?

ഭോ! പിതാവേ! ഇയാളാരാണ്?

सूत्रधारः -- भवतु, विज्ञातम्।

സൂത്ര: ശരി, മനസ്സിലായി

(ശ്ലോ 2)

भोश्शव्दोच्चारणादस्यब्राह्मणोऽयं न संशयः।
त्रास्यते निर्विशङ्केन केनचित्पापचेतसा।। २ ।।

ब्राहणः अयम् ब्राह्मणोऽयम् - विसर्गसन्धिः

।

अन्वयः अस्य भोशव्दोच्चारणात्अयं ब्राहमणः, न संशयः। (अयं) केनचित् निर्विशङ्केन पापचेतसा त्रास्यते।

ആ 'ഭോ' എന്ന ഉച്ചാരണം കേട്ടിട്ട് അയാൾ ബ്രാഹ്മണനാണെന്ന കാര്യത്തിൽ തർക്കമില്ല. അദ്ദേഹം വരും വരായ്മകളെപ്പറ്റി ചിന്തയില്ലാത്ത ഏതോ ഒരു ദുഷ്ടാത്മാവിനാൽ ഭീഷണിപ്പെടുത്തപ്പെടുകയാണ്

निर्गता विशङ्का यस्यसः निर्विशङ्कः तेन - निर्विशङ्केन। वहुव्रीहिसमासः

पापं चेतः यस्य, तेन पापचेतसा। ब्राह्मणःकेनचित् त्रास्यते - कर्मणि प्रयोगः। ब्राह्मणं कोऽपि त्रासयति - कर्तरि।

(नेपथ्ये)

(അണിയറയിൽ നിന്ന്)

भोस्तात ! को नु खल्वेष ?

ഭോ! പിതാവേ! ഇയാളാരാണ്?

सूत्रधार :- हन्त, दृढं विज्ञातम्। एष खलु पाण्डवमध्यमस्यात्मजोहिडिम्बारणिसम्भूतो

राक्षसाग्निरकृतवैरं ब्राह्मणजनं वित्रासयति। भोः कष्टम्। अत्र हि--

സൂത്ര:ഓ.ശരിക്കും മനസ്സിലായി. ഇയാൾ പാണ്ഡവമധ്യമന്റെ പുത്രനായി ഹിഡിംബ എന്ന അരണിയിൽ നിന്നും ഉണ്ടായ രാക്ഷസനാകുന്ന അഗ്നിയാണ്: അയാൾ യാതൊരു ശത്രുതയ്ക്കും കാരണമാകാത്ത ബ്രാഹ്മണജനത്തെ ഭയപ്പെടുത്തുകയുമാണ്. കഷ്ടം!! ഇവിടെ ഇപ്പോൾ -

भ्रान्तैः सुतैःपरिवृतस्तरुणैः सदारैः (रो)

वृद्धो द्विजो निशिचरानुचरः स एष।
व्याघ्रानुसारचकितो वृषभः सधेनुः
संत्रस्तवत्सक इवाकुलतामुपैति।। ३।।

परिवृतः तरुणैः- परिवृतस्तरुणैः- विसर्गसन्धिः। इव आकुलताम् -इवाकुलताम्।

अन्वयः- भान्तैः तरुणैः परिवृतः सदारः सएष वृद्धः द्विजःनिशिचरानुचरः(सन्) व्याघ्रानुसारचकितः सधेनुःसन्त्रस्तवत्सकः वृषभःइव आकुलतामुपैति।

പരിഭ്രാന്തരും തരുണരുമായ മക്കളോടൊത്തവനും ഭാര്യാസമേതനുമായ ആ വൃദ്ധബ്രാഹ്മണൻ രാക്ഷസനാൽ അനുഗമിക്കപ്പെട്ട് പിന്നാലെ പുലി വരുന്നതു കൊണ്ട് സ്വയം ചകിതനും പശുവോടും ഭയന്ന കിടാങ്ങളോടും കൂടിയതുമായ ഒരു കാളയെപ്പോലെ വിഷമാവസ്ഥയിൽ പെട്ടിരിക്കുന്നു (ശ്ലോ.3)

दारैः सह वर्तते इति- सदारः - वहुव्रीहि

चरति इति - चरः। निशि चरः। निशिचरः अनुचरः यस्य सः निशिचरानुचरः

धेन्वा सह वर्तते इति- सधेनुः। - वहुव्रीहि।

(निष्क्रान्ताः)

(പോകുന്നു)

स्थापना

സ്ഥാപന.

(ततः प्रविशति सुतत्रयकलत्रपरिवृतो ब्राह्मणः पृष्टतो घटोत्कचः)

(ശേഷം മൂന്നു പുത്രന്മാരോടും കളത്രത്തോടുമൊപ്പം ബ്രാഹ്മണനും പിന്നാലെ ഘടോത്കചനും പ്രവേശിക്കുന്നു).

वृद्धब्राह्मणः --- भोस्तात! को नु खल्वेष ?

വൃദ്ധനായ ബ്രാഹ്മണൻ : ഭോ:! ഇയാളാരാണ്?

तरुणरविकरप्रकीर्णकेशो
भ्रुकुटिपुटोज्ज्वलपिङ्गलायताक्षः।
सतडिदिव घनः सकण्ठसूत्रो
युगनिधने प्रतिमाकृतिर्हरस्य ।। ४।।

प्रतिमाकृतिःहरस्य- प्रतिमाकृतिर्हरस्य

अन्वयः- तरुणरविकरप्रकीर्णकेशः भ्रुकुटिपुटोज्वलपिङ्गलायताक्षः सकण्ठसूत्रः (अत एव) सतडित् घन इव (स्थितः) यूगनिधने हरस्य प्रतिमाकृतिः (एषः कः?)

ഉദയസൂര്യന്റെ കിരണങ്ങൾ പോലെ ചിതറിക്കിടക്കുന്ന മുടിയോടു കൂടിയവനും വടിവൊത്ത പുരികങ്ങൾക്കിടയിൽ ജ്വലിക്കുന്നതും മഞ്ഞ നിറത്തിലുള്ളതും നീണ്ടതുമായ കണ്ണുകളോട് കൂടിയവനും കഴുത്തിൽ സ്വർണ്ണനൂലോടുകൂടിയവനും (ഇതുകൊണ്ടൊക്കെ) മിന്നൽ പിണരോടുകൂടിയ മേഘം പോലെയും പ്രളയകാലത്തെ ഹരനെപ്പോലെയും കാണപ്പെടുന്നവനായ (ഇയാളാരാണ്?)

कण्ठसूत्रेण सह वर्तते इति- सकण्ठसूत्रः।

तडिता सह वर्तते इति- सतडित्।

युगस्य निधने - युगनिधने। -- तत्पुरुषः

प्रतिमा आकृतिः यस्य सः- प्रतिमाकृतिः।

प्रथमः --- भोस्तात! कोनु खल्वेषः

ഒന്നാമത്തെ മകൻ: അല്ലയോ പിതാവേ, ഇയാളാരാണ്?

ग्रहयुगलनिभाक्षः पीनविस्तीर्णवक्षः
कनककपिलकेशः पीतकौशेयवासाः।
तिमिरनिवहवर्णः पाण्डरोद्वृत्तदंष्ट्रो
नव इव जलगर्भो लीयमानेन्दुलेखः।। ५।।

अन्वयः- ग्रहयुगलनिभाक्षः पीनविस्तीर्णवक्षः कनककपिलकेशः तिमिरनिवहवर्णः पाण्डरोद्वृत्तदंष्टः लीयमानेन्दुलेखःनव जलगर्भः (एषः कःनु खलु?)

രണ്ട് ഗ്രഹങ്ങൾക്ക് (സൂര്യചന്ദ്രന്മാർ) തുല്യമായ കണ്ണുകളോടെ, ദൃഢവും പരന്നതുമായ നെഞ്ചോടെ, സ്വർണ്ണം പോലെ മഞ്ഞച്ച മുടിയോടെ, മഞ്ഞപ്പട്ട് വസ്ത്രമാക്കിക്കൊണ്ട്, കൂരിരുട്ടിന് തുല്യമായ നിറത്തോടെ, വെളുത്തതും ഉയർന്നു നിൽക്കുന്നതുമായ പല്ലുകളോടെ, ഇയാൾ ചന്ദ്രക്കലയെ ഉള്ളിൽ ഒളിപ്പിച്ച പുതുമേഘം പോലെ കാണപ്പെടുന്നു (ശ്ലോ.5)

ग्रहयोः युगलम् -ग्रहयुगलम्। ग्रहयुगलनिभे अक्षिणि यस्य सः-ग्रहयुगलनिमाक्षः। निभ

എന്നതിന് സദൃശ്യം എന്നർത്ഥം. എന്നാലിത് സമാസത്തിലേ ഉപയോഗിക്കാറുള്ളു.

पीन विस्तीर्ण च वक्षः यस्य सः-पीनदिविस्तीर्णवक्षः। - बहुव्रीहि

कंनकमिव कपिलः केशः यस्य सः-कनककपिलकेशः। - बहुव्रीहि

पीतं कौशेयं वासः यस्य सः-पीतकौशेयवासाः । - बहुव्रीहि

जेलं गर्भै यस्य सः-जलगर्भः। - बहुव्रीहि

लीयमाना इन्दोः लेखा यस्मिन् सः- लीयमानेन्दुलेखः। - बहुव्रीहि

द्वितीयः --- क एष भोः?

രണ്ടാമത്തെ മകൻ ഇയാളാരാണപ്പാ

कलमदशानदंष्ट्रो लाङ्गालाकारनासः
करिवरकरबाहुर्नीलजीमूतवर्णः।
हुतहुतवहदीप्तो यः स्थितो भाति भीम-
स्त्रिपुरपुरनिहन्तुः शङ्करस्येव रोषः।।६।।

शङकरस्य इव -शङ्करस्येव ।

अन्वयः कलभदशनदंष्ट्रः लाङ्गालाकारनासः करिवरकरबाहुः नीलजीमूतवर्णः हुतहुतवहदीप्तः यः (तत्र) स्थितः त्रिपुरपुरनिहन्तुः शङ्करस्य रोषःइव भीति।

ത്രിപുരങ്ങൾ - സ്വർണ്ണം, വെള്ളി, ഇരുമ്പ് എന്നിവ കൊണ്ട് ആര്യന്മാർക്കു വേണ്ടി മയനാൽ ഉണ്ടാക്കപ്പെട്ട മൂന്ന് നഗരങ്ങൾ. ബ്രഹ്മാവിൽ നിന്നും കിട്ടിയ വരപ്രസാദത്താൽ എറെക്കുറെ അമരന്മാരായിത്തീർന്ന ഈ ത്രിപുരവാസികളെ ശിവൻ മറ്റെല്ലാ ദേവന്മാരുടെയും സഹായത്തെടെ നശിപ്പിച്ചു.

ഒരു കുട്ടിയാനയുടെ കൊമ്പുകൾ പോലുള്ള പല്ലുകളോടെയും കലപ്പയുടെ ആകൃതിയിലുള്ള മൂക്കോടെയും ഗജശ്രേഷ്ഠന്റെ തുമ്പിക്കൈ പോലുള്ള കൈകളോടെയും കാർമേഘത്തിന്റെ നിറത്തോടെയും ഹോമദ്രവ്യങ്ങളാൽ ആളിക്കത്തുന്ന അഗ്നിപോലെയും ആരാണോ ഇവിടെ നില്ക്കെ ത്രിപുരഹന്താവായ രുദ്രന്റെ രോഷം രൂപമെടുത്തതു പോലെ തോന്നിക്കുന്നവനുമാകുന്നത് (ശ്ലോ 6)

तृतीयः --- भोस्तात! को नु खल्वस्मान् पीडियति?

മൂന്നാമത്തെ മകൻ അല്ലയോ പിതാവേ. നമ്മളെ ഉപദ്രവിക്കാൻ വന്ന ഇയാളാരാണ്.

वज्रपातोऽचलेन्द्राणां श्येनः सर्वपतत्रिणाम्।
मृगेन्द्रो मृगसंघानां मृत्युः पुरुषविग्रहः।।७।।

अन्वयः अचलेन्द्रणआम् वज्रपातः सर्वपतत्रिणाम् श्येनःमृगसंघानांमृगेन्द्रः (इव) पुरुषविग्रहःमृत्युः (एषः कः आस्मान् पीडयति)?

पुरुषस्य इव विग्रहः यस्य सः-पुरुषविग्रह

കുലപർവ്വതങ്ങൾക്ക് വജ്രപാതം പോലെയും പക്ഷിവർഗ്ഗത്തിന് കഴുകനെപ്പോലെയും മാൻകൂട്ടങ്ങൾക്ക് സിംഹം പോലെയും ഇയാൾ മനുഷ്യരൂപമെടുത്ത മരണം തന്നെയാണ്

(ശ്ലോ 7)

ब्राह्मणी --आर्य! क एषोऽस्मान् सन्तापयति?

(अय्य! को एसो अह्मा अं सन्तावेह?

ബ്രാഹ്മണി ആര്യ നമ്മെ വിഷമിപ്പിക്കുന്ന ഇയാളാരാണ്

घटोत्कचः --- भो ब्राह्मण! तिष्ठ तिष्ठ।

ഘടോത്കചൻ ഹേ, ബ്രാഹ്മണ നില്ക്ക് നില്ക്ക്

किं यासि मद्भयविनाशितधैर्यसारो
वित्रस्तदारसुतरक्षणहीनशक्ते।
ताक्ष्यर्यग्रपक्षपवनोद्धतरोषवाह्नि-
तीव्रः कलत्रसहितो भूजगो यथार्तः ।।८।।

यथा आर्त्तः-यथार्त्तः

अन्वयः- हे वित्रस्तदारसुतरक्षणहीनशक्ते, (त्वम) ताक्ष्र्यग्रपक्षपवनोद्धतरेषवह्निः तीव्रः कलत्रसहितः आर्तः भुज्ञगः यथा तथा मदभयविनाशितधैर्यसारः किं यासि ?

സർപ്പത്തിന് ഗരുഡനിൽ നിന്നെന്നപോലെ നിനക്കെന്നിൽ നിന്ന് ഒളിച്ചോചാനാകില്ലെന്നർത്ഥം.

പേടിച്ചരണ്ട ഭാര്യയേയും മക്കളേയും രക്ഷിക്കാൻ കെല്പില്ലാത്തവനേ! നീ ഗരുഡന്റെ ചിറകുകളുടെ അറ്റത്തെ കാറ്റേറ്റ് ആളിക്കത്തപ്പെട്ട രോഷാഗ്നിയാൽ ഭീകരനെങ്കിലും ദുഃഖിതനും ഭാര്യാസമേതനുമായ ഒരു സർപ്പത്തെപ്പോലെ എന്നിൽ നിന്നുമുണ്ടായ ഭയത്താൽ ധൈര്യം മുഴുവൻ ചോർന്നുപോയവനായിട്ട് എന്താ പോകുകയാണോ ?

(ശ്ലോ 8)

भो ब्राह्मण! न गन्तव्यं, न गन्तव्यम् !

അല്ലയോ ബ്രാഹ്മണാ പോകരുത് പോകരുത്

वृद्धः --- ब्राह्मणि! न भेतव्यम् । पुत्रकाः न भेतव्यम्। सविमर्शा ह्यस्य वाणी।

വൃദ്ധൻ ബ്രാഹ്മണി! പേടിക്കേണ്ട മക്കളെ! പേടിക്കേണ്ട അയാളുടെ വാക്കുകളിൽ അല്പം വീണ്ടുവിചാരം ധ്വനിക്കുന്നുണ്ട്. सविमर्शा हास्य वाणी -ഘടോത്കചന്റെ താരതമ്യേന സംസ്ക്കാരസമ്പന്നമായ ഉച്ചാരണരീതിയും 'ഭോ ബ്രാഹ്മണ' എന്ന സംബോധനയും ബ്രാഹ്മണനിൽ അയാൾ വീണ്ടുവിചാരവും വിവേകവുമുള്ളവനാണെന്ന തോന്നൽ ഉണ്ടാക്കുന്നു.

घटोत्कचः --- भोः कष्टम्!

ഘടോ . ഛെ! കഷ്ടം

जानामि सर्वत्र सदा च नाम
द्विजोत्तमाः पूज्यतमाः पृथिव्याम्।
अकार्यमेतच्च मयाद्य कार्य
मातुर्नियोगादपनीय शङ्काम्।।९।।

एतत् च -एतच्च - व्यञ्जनसन्धिः/ मया अद्य -मयाद्य

अन्वयः- द्विजोत्तमाः पृथिव्याम् सर्वत्र सदा च पूज्यतमाः नाम (इत्यहं) जानामि। (तथापि) मया अद्य एतत् अकार्यम् मातुः नियोगत् शङ्काम् अपनीय कार्यं च।

द्विजेषु उत्तमाः-द्विजोत्तमाः। - तत्पुरुषसमासः

न कार्यम् -अकार्यम् - नञ्तत्पुरुषः

എനിക്കറിയാം. ബ്രാഹ്മണശ്രേഷ്ഠർ ഭൂമിയിലെല്ലായിടത്തും എല്ലായ്പ്പോഴും അങ്ങേയറ്റം പൂജിക്കപ്പെടേണ്ടവരാണെന്ന് എന്നിരുന്നാലും എനിക്ക് ഇന്നീ ചെയ്യാൻ പാടില്ലാത്ത കാര്യം അമ്മയുടെ നിയോഗമാണെന്നതുകൊണ്ട് ശങ്ക വെടിഞ്ഞ് ചെയ്യേണ്ടി വന്നിരിക്കുന്നു

(ശ്ലോ 9)

वृद्धः ------ ब्राह्मणि! किं न स्मरसि तत्र भवता जनक्लिन्नेन मुनिनोक्तम् अनपेतराक्षसमिदं वनम्, अप्रमादेन गत्यव्यमिति, तदेवोत्पन्नम् भयम्।

किं न स्मरसि - - - - -

न अपेता राक्षसाः यस्मिन् तत् -अनपेतराक्षसम्। - बहुव्रीहि

വൃദ്ധൻ = ബ്രാഹ്മണി, ഭവതി ഓർക്കുന്നില്ലേ ആദരണീയനായ ജലക്ലിന്നമുനി പറഞ്ഞത് ഈ കാട് രാക്ഷസന്മാരില്ലാത്തതല്ല. ശ്രദ്ധിച്ചുവേണം പോകാൻ' എന്ന് അങ്ങനെ തന്നെയാണ് ഇപ്പോൾ ഭയത്തിനിടം വന്നിരിക്കുന്നത്.

ब्राह्मणी --- किमिदानीमार्यो मध्यस्थवर्ण इव दृश्यते? (किं दाणिं अय्ये मज्जझत्यवण्णो विअ दिस्सदि?)

ഒരു വിവാദത്തിൽ ഏർപ്പെടാതിരിക്കുന്നവനാണല്ലോ മധ്യസ്ഥൻ. ജലക്ലിന്നമുനി മുമ്പേ പറഞ്ഞതല്ലെ അപകടസാദ്ധ്യതയുണ്ടെന്ന് എന്ന് പറയുന്ന ബ്രാഹ്മണൻ എനിക്കതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ പറ്റില്ലെന്ന മട്ടിൽ ഒഴിയുകയാണോ എന്ന് ശങ്കിക്കുകയാണ് ഭാര്യ.

ബ്രാഹ്മണി: അങ്ങെന്താ ഉദാസീനനെപ്പോലെ കാണപ്പെടുന്നത്

वृद्धः ------ किं करिष्यामि मन्दभाग्यः?

വൃദ്ധൻ : ഈ ഭാഗ്യംകെട്ട ഞാൻ പിന്നെ എന്തുചെയ്യണം

ब्राहमणी --- ननु विक्रोशामः। (णं विक्कोसामो)

ബ്രാഹ്മണി : നമുക്ക് ഉറക്കെ കരഞ്ഞുനോക്കാം

प्रथमः ------ भवति, कस्य वयं विक्रोशामः।

ഒന്നാ : അമ്മേ! നമ്മളാരോടാണ് കരയേണ്ടത്

ഉറക്കെ കരയുന്നതിന്റെ ഫലം കരച്ചിൽ ആരെങ്കിലും കേൾക്കും; അങ്ങനെ സഹായം കിട്ടും എന്നാണല്ലോ. എന്നാൽ ഈ കോടുംകാട്ടിൽ ഉറക്കെ കരഞ്ഞതുകൊണ്ടെന്തു ഫലം എന്നർത്ഥം.

इदं हि शून्यं तिमिरोत्करप्रभैः
नगप्रकारैरवरुद्धदिक्पथम्।
रवगैर्मृगैश्चापि समाकूलान्तरं
वनं निवासाभिमतं मनस्विनाम्।।१०।।

स्वगैःमृगैःच अपि -स्वगैर्मृगैश्चापि

अन्वयः तिमिरोत्करप्रभैः नगप्रकारैः अवरुद्धदिक्पयं, स्वगैः मृगैः च अपि समाकुलान्तरं इदं वनं मनस्विनाम् निवासाभिमतम्।

കട്ടിയായ കൂരിരുട്ടിന് തുല്യങ്ങളായ പർവ്വതനിരകളാലും പലതരം വൃക്ഷക്കൂട്ടങ്ങളാലും തടയപ്പെടുന്ന കാഴ്ചയോടു കൂടിയതും, പക്ഷികളെക്കൊണ്ടും മൃഗങ്ങളെക്കൊണ്ടും നിറഞ്ഞ ഉൾഭാഗത്തോടു കൂടിയതും വിജനവുമായ ഈ വനം മനസ്വികൾക്ക് താമസിക്കാൻ കൊള്ളാം (ശ്ലോ.10).

तिमिरस्य उत्कर -तिमिरोत्करः तस्य इव प्रभा येषां तैः-तिमिरोत्करप्रभैः।

न गच्छन्ति इति -नगाः (पर्व ताः वृक्षाः च) नगानां प्रकारैः-नगप्रकारैः।

अवरुद्धाःदिशांपन्थानः यस्मिन् तत् -अवरुद्धदिक्पथम्। - वहुव्रीहि

समाकुलम् अन्तरं यस्य तत् -समाकुलान्तरम्।

प्रशस्तं मनः येषां ते -मनस्विनः- तेषाम् -मनस्विनाम्।

ബ്രാഹ്മണകുമാരൻ ഉദ്ദേശിക്കുന്നത് വലിയ പർവ്വതനിരകളാലും വൃക്ഷങ്ങളാലും മറ്റു പ്രദേശങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെട്ട ഈ വനപ്രദേശം സന്യാസിമാർക്ക് തപസ്സു ചെയ്യാൻ പറ്റിയ സ്ഥലമാണെന്നും അതുകൊണ്ടു തന്നെ കരഞ്ഞുവിളിച്ചതുകൊണ്ട് സഹായിക്കാൻ വരാൻ ഒരാളെ ഇവിടെ പ്രതീക്ഷിക്കേണ്ടതില്ലെന്നുമാണ്.

वृद्धः --- ब्राह्मणि, न भेतव्यं, न भेतव्यम्। मनस्विजननिवासयेग्यमिति श्रुत्वा विगत इव संत्रासः। शङ्के नातिदूरेण पाण्डवाश्रमेण भवितव्यम्।

വൃദ്ധൻ: ബ്രാഹ്മണി! പേടിക്കേണ്ട, പേടിക്കേണ്ട മനസ്വികൾക്ക് താമസിക്കാൻ കൊള്ളാവുന്നതെന്ന് കേട്ടപ്പോൾ എന്റെ ഭയം ഒഴിഞ്ഞതുപോലെ. അധികം ദൂരത്തല്ലാതെ പാണ്ഡവരുടെ ആശ്രമം ഉണ്ടായിരിക്കുമെന്ന് തോന്നുന്നു.

पाण्डवास्तु।

युद्धप्रियाश्च शरणागतवत्सलाश्च
दीनेषु पक्षपतिताः कृतसाहसाश्च।
एवंविधप्रतिभयाकृतिचेष्टितानां
दण्डं यथार्हमिह धारयितुं समर्थाः।।११।।

युद्धप्रियाःच -युद्धप्रियाश्च विसर्गसन्धिः।

अन्वयः (पण्डवाः तु ) युद्धप्रियाः शरणागतवत्सलाःदीनेषुपक्षपतिताः कृतसाहसाः एवंविधप्रतिभयाकृतिचेष्टितानां यथार्ह दण्डं धारयितुं समर्थाः च (भवन्ति)।

युद्धं प्रियं योषां ते -युद्धप्रियाः

शरणार्थम् आगताः-शरणागताः। तेषु वत्सलाः-शरणगतवत्सलाः।

पक्षे पतिताः-पक्षपतिताः

कृतं साहसं यैः ते -कृतसाहसाः

പാണ്ഡവരാകട്ടെ, യുദ്ധപ്രിയരും, ശരണാഗതവത്സലരും, പീഡിതരുടെ പക്ഷത്ത് നിൽക്കുന്നവരും, സാഹസികരും, ഇത്തരത്തിൽ ആകൃതികൊണ്ടും പ്രവൃത്തികൊണ്ടും ഭയമുളവാക്കുന്നവർക്ക് തക്ക ശിക്ഷ കൊടുക്കാൻ കെല്പുള്ളവരുമാണ്. (ശ്ലോ.11)

प्रथमः --- भोस्तात! न तत्र पाण्डवा इति मन्ये।

ഒന്നാ: അച്ഛാ, പക്ഷേ പാണ്ഡവർ ഇവിടെ ഇല്ലെന്നാണെനിക്ക് തോന്നുന്നത്.

वृद्धाः --- कथं त्वं जानीषे?

വൃദ്ധൻ : നിനക്കെങ്ങനെ അറിയാം?

प्रथमः --- श्रुतं मया तस्मादागच्छता केनचिद्ब्राह्मणेन शतकुम्भं नाम यज्ञमनुभवितुं महर्षेर्धौम्यस्याश्रमं गता इति।

ഒന്നാ : അവിടെ നിന്നും വന്ന ഒരു ബ്രാഹ്മണൻ പറയുന്നത് ഞാൻ കേട്ടു. ശതകുംഭം എന്ന് പേരുള്ള യജ്ഞത്തിൽ പങ്കുകൊള്ളാൻ ധൗമ്യമഹർഷിയുടെ ആശ്രമത്തിലേക്ക് പോയിരിക്കുന്നു എന്ന്

वृद्धः --- हन्त! हताः स्मः।

വൃദ്ധൻ : കഷ്ടം! നമ്മൾ കൊല്ലപ്പെട്ടതു തന്നെ.

प्रथमः --- तात! न तु सर्व एव। आश्रमपरिपालनार्थमिह स्थापित किल मध्यमः।

ഒന്നാ: അച്ഛാ, എല്ലാവരും പോയിട്ടില്ല. ആശ്രമം സൂക്ഷിപ്പിനായി ഇവിടെ മധ്യമനെ നിർത്തിയിട്ടുണ്ടത്രെ.

वृद्ध --- यद्येवं सन्निहिताः सर्वे पाण्डवाः

വൃദ്ധൻ : അങ്ങനെയെങ്കിൽ സർവ്വ പാണ്ഡവരും ഇവിടെത്തന്നെയുണ്ട്

ബ്രാഹ്മണൻ സൂചിപ്പിക്കുന്നത് പാണ്ഡവമധ്യമനായ ഭീമൻ സ്ഥലത്തുണ്ടെങ്കിൽ അത് സർവ്വ പാണ്ഡവരും ഉണ്ടാകുന്നതുപോലെയാണ് എന്നാകുന്നു. അദ്ദേഹം ഒരാൾ മതി ഏത് പ്രതികൂലതയേയും തരണം ചെയ്യാൻ.

प्रथमः --- स चाप्यस्यां वेलायां व्यायामपरिचयार्थम् विप्रकृष्टदेशस्थ इति श्रुयते।

ഒന്നാ : അദ്ദേഹവും ഈ സമയത്ത് വ്യായാമാഭ്യാസത്തിനായി ദൂരത്താണെന്നാണ് കേൾക്കുന്നത്.

वृद्धः --- हन्त! निराशाः स्मः। भवतु। पुत्र, व्यपाश्रयिष्ये तावदेनम्।

വൃദ്ധൻ : കഷ്ടം! നമ്മൾ വീണ്ടും ആശയറ്റവരായി. ഇരിക്കട്ടെ. മകനേ! നമുക്കിയാളെത്തന്നെ ഒന്ന് ആശ്രയിച്ചു നോക്കാം.

प्रथमः --- अलमलं परिश्रमेण।

ഒന്നാ : ആ പരിശ്രമം വേണ്ട

ആ പരിശ്രമം വേണ്ട എന്നർത്ഥം. അയാളെ ആശ്രയിക്കുന്നതുകൊണ്ട് ഫലമൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നാണ് മകന്റെ അഭിപ്രായം. രാക്ഷസനുണ്ടോ ആശ്രയിക്കലിന്റെ സ്വരം ശ്രദ്ധിക്കുന്നു.

वृद्धः -- पुत्र! निर्वेदप्रत्यर्थिनी खलू प्रार्थना। भवतु, पश्यमस्तावत्। भो भो पुरुष! अस्त्यस्माकं मोक्षः?

വൃദ്ധൻ : മകനേ, പ്രാർത്ഥന എന്നത് നിരാശയ്ക്ക് എതിരായിട്ടുള്ളതാണ്. നമുക്കൊന്ന് നോക്കിക്കളയാം.ഹേ! പുരുഷ! ഞങ്ങളുടെ രക്ഷയ്ക്ക് എന്തെങ്കിലും മാർഗ്ഗമുണ്ടോ?

പ്രാർത്ഥന നിരാശക്കും അതിനെ തുടർന്നുണ്ടാകുന്ന പ്രവർത്തനവൈമുഖ്യത്തിനും എതിരായിട്ടുള്ളതാണ്. ആശയറ്റ് മൗനം ഭജിച്ചിരിക്കുന്നതുകൊണ്ട് ഒന്നും നേടാനാകില്ല. എന്നാൽ അർത്ഥന ചിലപ്പോൾ ഫലവത്താകുകയും അഭിലഷണീയമായ നേട്ടം ഉണ്ടാക്കുകയും ചെയ്തേക്കാം.

घटोत्कचः --- मोक्षोऽस्ति समयतः।

ഘടോ: ചില കരാറിന്മേൽ രക്ഷയ്ക്ക് മാർഗ്ഗമുണ്ട്.

वृद्धः -- कः समयः?.

വൃദ്ധൻ : എന്താണ് കരാറ്?

घटोत्कचः --- अस्ति मे तत्र भवती जननी तयाहमाज्ञप्तः। 'पुत्र। ममोपवासनिसर्गार्थमस्मिन् वनप्रदेशे कश्चिन्मानुषः प्रतिगृहयानेतव्यः'' इति। ततो मयाऽऽसादितो भवान्।

ഘടോ: എന്റെ വളരെ ആദരണീയയായ എന്റെ അമ്മയുണ്ട്. അവരെന്നോട് കല്പിച്ചിരിക്കുന്നു. 'മകനെ, എന്റെ ഉപവാസസമാപനത്തിനായി (പാരണ) ഈ വനപ്രദേശത്തു നിന്നും ഒരു മനുഷ്യനെ പിടിച്ചു കൊണ്ടുവന്നു തരണം' എന്ന് അങ്ങനെയിരിക്കെയാണ് എനിക്ക് നിങ്ങളെ കിട്ടിയിരിക്കുന്നത്.

मोक्षः = മോക്ഷത്തിനുള്ള ഉപായം

उपवासस्य निसर्गः-उपवासनिसर्गः। तदर्थम् - उपवासनिसर्गार्थम् - तत्पुरुषः।

प्रतिग्रहा - ग्रह धातुः, प्रति उपसर्ग, ल्यहन्तमव्ययम्।

आनेतुम् योग्यः-आनेतव्यः।

पत्न्या चारित्रशालिन्या द्विपुत्रो मोक्षमिच्छसि।

बलाबलं परिज्ञाय पुत्रमेकं विसर्जय।।१२।।

अन्वयः- (त्वं) मोक्षमिच्छसि (तर्हि) चारित्रशालिन्या पत्न्या(सह) द्विपुत्रः (त्वं) (मोक्षमर्हसि)। बलाबलं परिज्ञाय एकं पुत्रं विसर्जय।

അങ്ങ് രക്ഷ ആഗ്രഹിക്കുന്നുവെങ്കിൽ ചാരിത്ര്യവതിയായ ഭാര്യയോടും രണ്ട് മക്കളോടും കൂടി അങ്ങേയ്ക്ക് രക്ഷയുണ്ട്. യോഗ്യായോഗ്യതകൾ പരിഗണിച്ച് ഒരു മകനെ എനിക്ക് വിട്ടുതരിക.

വിനയത്തോടെയും എന്നാൽ ശക്തമായും ഘടോത്കചൻ തന്റെ ആവശ്യം ബ്രാഹ്മണന്റെ മുമ്പിൽ വിവരിക്കുകയാണ്. അതായത് എനിക്ക് അമ്മയുടെ പാരണ നിറവേറ്റാൻ ഒരു മനുഷ്യനെ കിട്ടണമെന്നേ ഉള്ളു. അതുകൊണ്ട് ഒരു മകനെ വിട്ടുതരാമെങ്കിൽ ചാരിത്രവതിയായ പത്നിയോടും രണ്ടു മക്കളോടുംകൂടി അങ്ങേക്ക് പോകാം. അതല്ലെങ്കിലോ ചിലപ്പോൾ മുഴുവൻ കുടുംബത്തിനും അപകടം സംഭവിച്ചേക്കാം. അതിന്റെ സൂചനയാണ് बलाबलंपरिज्ञाय എന്ന പ്രയോഗം. മകനെ കൊടുത്താലോ, കൊടുത്തില്ലെങ്കിലോ എന്നതിന്റെ ഗുണവും ദോഷവും മനസ്സിലാക്കിയിട്ട് എന്നതിനോടൊപ്പം തന്നെ, എന്റെ ശക്തിയും നിങ്ങളുടെ ശക്തിഹീനതയും പരിഗണിച്ച് എന്നുകൂടി അർത്ഥം സൂചിപ്പിക്കപ്പെടുന്നുണ്ട്.

(ശ്ലോ.12)

वृद्धः- हं भो राक्षसापसद ! किमहमब्राह्मणः ?

വൃദ്ധൻ: ഹേയ്! ഞാനെന്താ ഒരു അബ്രാഹ്മണനാണോ?

ഒരു ബ്രാഹ്മണന് ഒരിക്കലും തന്റെ ഒരു മകനെ കുരുതിക്ക് കൊടുത്തട്ട് തന്റെയും മറ്റു കുടുംബാംഗങ്ങളുടെയും ജീവൻ രക്ഷിക്കാൻ സാധ്യമല്ല. അങ്ങനെ ചെയ്യാൻ ഒരുമ്പെടുന്നുവെങ്കിൽ അവൻ ബ്രാഹ്മണനല്ലായിരിക്കണം.

ब्राह्मणःश्रुतवान्वृद्धः पुत्रं शीलगुणान्वितम्।
पुरुषादस्य दत्वाहं कथंनिर्वृतिमाप्नुयाम् ।।१३।।

ജ്ഞാനിയും വൃദ്ധനുമായ ഒരു ബ്രാഹ്മണന് ശീലഗുണങ്ങളോടു കൂടിയ (തന്റെ) പുത്രനെ ഒരു നരഭോജിക്ക് വിട്ടുകൊടുത്തിട്ട് എങ്ങനെ സ്വസ്ഥനായിരിക്കാൻ പറ്റും

अन्वयः- श्रुतवान् वृद्धः ब्राह्मणः (अहम्) शीलगुणान्वितम् पुत्रं पुरुषादस्य दत्वा कथं निर्वृतिमाप्नुयाम्?।

श्रुतम् अस्य अस्ति इति - श्रुतवान्

शीलेन गुणैः च अन्वितः- शीलगुणान्वितः। तम् - शीलगुणान्वितम्। तत्पुरुष।

अति इति -आदः परुषस्य अदः-पुरुषाद। तस्य -पुरुषादस्य - उपपदसमासः

आप्नुयाम् - आप् धातुः विधिंलिङ्, उ - ए।

(ശ്ലോ. 13)

घटोत्कचः----

यद्यर्थितो द्विजश्रेष्ठ पुत्रमेकं न मुञ्चसि।
सकुटुम्बः क्षणेनैव विनाशमुपयास्यसि।।१४।।

अन्वयः हे द्विजश्रेष्ठ! यदि आर्थितः (सन्नपि) एकंपुत्रं न मुञ्चतसि (तर्हि) सकुटुम्बः क्षणेनैव विनाशम् उपयस्यसि।ഘടോ: അല്ലയോ ബ്രാഹ്മണശ്രേഷ്ഠ! ഞാനിങ്ങനെ അർത്ഥിച്ചിട്ടു പോലും അങ്ങ് ഒരു പുത്രനെ വിട്ടുതരുന്നില്ല. എങ്കിൽ ക്ഷണത്തിനുള്ളിൽ കുടുംബത്തോടെ നാശം പ്രാപിക്കുന്നതാണ്

यदि अर्थितः-यद्यर्थितः - स्वरसन्धिः।

क्षणेन एव -क्षणेनैव - स्वरसन्धिः।

(ശ്ലോ.14)

वृद्धः- एष एव मेंनिश्चयः।

വൃദ്ധൻ : എന്റെ തീരുമാനം ഇതാണ്

कृतकृत्यं शरीरंमे परिणामेन जर्जरम्।
राक्षसाग्नौ सुतापेक्षी होष्यामि विधिसंस्कृतम्।।१५।।

अन्वयः- मेकृतकृत्यं,परिणामेन जर्जरम्, विधिसंस्कृतम् शरीरं सुतापेक्षी राक्षसाग्नौ होष्यामि।

എന്റെ ഈ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞിട്ടുള്ളതും, പ്രായാധിക്യത്താൽ ജീർണ്ണിച്ചതും, വേദവിധികളാൽ ശുദ്ധമാക്കപ്പെട്ടതുമായ ശരീരത്തെ മക്കളെ രക നായി രാക്ഷസാഗ്നിയിൽ ഹോമിക്കാം.

कृतं कृत्यं येन तत् - कृतकृत्यम् - बहुव्रीहि।

ഒരു മനുഷ്യശരീരം കൊണ്ട് പ്രധാനപ്പെട്ട മൂന്ന് കടങ്ങൾ വീട്ടേണ്ടതായിട്ടുണ്ട്. ഋഷിമാരുടുള്ളത് (ऋपित्रऋणम्), പിതൃക്കളോടുള്ളത് (पित्रृऋणम्), ദേവന്മാരോടുള്ളത് दैव-ऋणम्). അതുപോലെത്തന്നെ സ്വന്തം കുടുംബത്തോടും സമൂഹത്തോടും രാജ്യത്തോടും ഒരുത്തന് ബാദ്ധ്യതയുണ്ട്. ഇവിടെ ബ്രാഹ്മണൻ ഉദ്ദേശിക്കുന്നത് തന്റെ ശരീരം കൊണ്ട് ചെയ്യേണ്ടതായ ഈ കടം വീട്ടലുകളെല്ലാം ചെയ്തുകളഴിഞ്ഞുവെന്നാണ്.

(ശ്ലോ.15)

ब्राह्मणी - आर्य! मा मा एवम्। पतिमात्रधर्मिणी पतिव्रतेति नाम। गृहीतफलेनैतेन शरीरेणार्यम् कुलं च रक्षितुमिच्छामि। (अय्य! मा मा एवं। पतिमतवम्मिणी पदिव्वदतिणाम। गहीदफलेग एदिण। सरीरेण अय्यं कुलं अ रकिखदुमिच्छमि।)

ബ്രാഹ്മണി ആര്യ! അരുത്! അങ്ങനെ ചെയ്യരുത്! ഭർത്താവിനെ മാത്രം ജീവിതധർമ്മമാക്കിയിട്ടുള്ളവളാണല്ലോ പതിവ്രത എന്നറിയപ്പെടുന്നത്. ഫലങ്ങളെല്ലാം കൊയ്തെടുത്തു കഴിഞ്ഞതായ ഈ ശരീരം കൊണ്ട് ആര്യനേയും കുടുംബത്തേയും എനിക്ക് രക്ഷിക്കണം

ഭർത്താവു മാത്രം ധർമ്മായിട്ടുള്ളവൾ. പതിമാത്രധർമ്മിണി. ആരുടെയാണോ സകല പ്രവൃത്തികളും ഭർത്താവിന്റെ സുഖത്തിനും നന്മയ്ക്കും ഉയർച്ചയ്ക്കും മാത്രമായിട്ടുള്ളത്.

गृहीतं फलं यस्य तेन - गृहीतफलेन ----ഒരു ബ്രാഹ്മണൻ രണ്ട ആവശ്യങ്ങൾക്കാണ് ഭാര്യയെ സ്വീകരിക്കുന്നത്; ഒന്ന്, ആദ്ധ്യാത്മിക കാര്യങ്ങൾ അനുഷ്ഠിക്കുക, രണ്ട്, വംശപരമ്പര നിലനിർത്തി സന്തതി ഉണ്ടാക്കുക. ഇവിടെ ഈ രണ്ടു കൃത്യങ്ങളും ഫലവത്താക്കിയിട്ടുള്ളതാണ് തന്റെ ശരീരം എന്നാണ് ബ്രാഹ്മണി സൂചിപ്പിക്കുന്നത്.

घटोत्कचः- भवति! नखलुस्त्रीजनोऽमिमतस्तत्रमवत्या।

ഘടോ : ഭവതി, എന്റെ വന്ദ്യമാതാവിന് സ്ത്രീജനം സ്വീകാര്യമല്ല

वृद्ध :----अहमनुगमिष्यामि भवन्तम्।

വൃദ്ധൻ : അങ്ങയുടെ പിന്നാലെ ഞാൻ വന്നുകൊള്ളാം

घटोत्कचः - आः ! वृद्धस्त्वमपसर।

ഘടോ: ച്ഛേ! നിങ്ങളൊരു വയസ്സൻ: മാറി നിൽക്ക്

प्रथमः --- भोस्तता ! ब्रवीमि खलु तावत्किंचिद् ।

ഒന്നാ: അച്ഛാ, ഞാനൊരു കാര്യം പറയാം

वृद्धः --- ब्रूहि, ब्रूहि, शीध्रम्।

വൃദ്ധൻ: പറയൂ, പറയൂ വേഗമാകട്ടെ

प्रथमः --

मम प्राणैर्गुरुप्राणानिच्छामि परिरक्षितुं।
रक्षणार्य कुलस्यास्य मोक्तुमर्हति मां भवान्।।१६।।

प्राणैःअ गुरुप्राणान् उ प्रणैगुंरुप्राणान् - विसर्गसन्धिः। कुलस्य अ अस्य उ कुनस्यास्य।

अन्वयः मम प्राणैः गुरुप्रणान् परिरक्षितुम् (अहम) इच्छामि। अस्य कुलस्य रक्षणार्थ भवान् मां मोक्तुकर्हति।

ഒന്നാ: എന്റെ ജീവിതം കൊണ്ട് ഗുരുക്കന്മാരുടെ പ്രാണങ്ങളെ സംരക്ഷിക്കുവാൻ എനിക്കാഗ്രഹമുണ്ട്. ഈ കുടുംബത്തിന്റെ രക്ഷയ്ക്കായി അങ്ങെന്നെ വിടണം

गुरुणाम् प्रणान् उ गुरुप्रणान्

गुरु = മൂത്തവർ

(ശ്ലോ.16)

द्वितीयः---- आर्य ! मा मैवम्।

രണ്ടാ: ജ്യേഷ്ഠ, അരുത് അത് പാടില്ല

ज्येष्ठः श्रेष्ठः कुले लोकेपितृणां च सुसंप्रियः।
ततोऽहमेव यास्यामि गुरुवृत्तिमनुस्मरन्।।१७।।

अन्वयं : ज्येष्ठः कुले लोके च श्रेष्ठः, पितृणां सुसंप्रियः च। ततः गुरुवृतिमनुस्मरन् अहमेव यास्यामि।

तत अअहम् अ एव उ ततोऽहमेव - विसर्गसन्धिः।

ജ്യേഷ്ഠപുത്രൻ കുടുംബത്തിലും ലോകർക്കിടയിലും പ്രധാനിയാണ്. അയാൾ പിതൃക്കൾക്കും മാതാപിതാക്കൾക്കും പ്രിയപ്പെട്ടവനാണ്. അതുകൊണ്ട് എന്റെ കടമയാണിതെന്നോർത്തുകൊണ്ട് ഞാൻ തന്നെ പൊയ്ക്കൊള്ളാം.

കുടുംബത്തിൽ അച്ഛൻ കഴിഞ്ഞാൽ പ്രധാന്യം അർഹിക്കുന്ന വ്യക്തി മൂത്ത മകനാണ്. പിതൃക്രിയ ചെയ്യുമ്പോൾ അത് നേരിട്ട് അനുഷ്ഠിക്കുന്നത് മൂത്ത മകൻ മാത്രമാണ്. താഴെയുള്ളവർ അടുത്തു നിൽക്കുകയേ ഉള്ളൂ.

(ശ്ലോ.17)

तृतीयः---- आर्यौ ! मा मैवम्।

മൂന്നാ : ജ്യേഷ്ഠന്മാരെ, അങ്ങനെ വേണ്ട

ज्येष्ठो भ्राता पितृसमःकथितोब्रह्मवादिमिः।
ततोऽहं कर्तुमस्म्यहो गुरूणाँ प्राणरक्षणम्।।१८।।

ततः-अहम्  ततोऽहम् - विसर्गसन्धिः। कर्तुम् असि अर्हः-कर्तुमस्म्यहः।

अन्वयः- ज्येष्ठः भ्राता पितृसमः (भवति इति) ब्राह्मवादिभिः कथितः। गुरुणां प्रणरक्षणाम् कर्तुमर्हः आस्मि।

ജ്യേഷ്ഠസഹോദരൻ അച്ഛന് തുല്യനാണെന്നാണ് വേദജ്ഞർ പറയുന്നത്; അതുകൊണ്ട് ഗുരുക്കന്മാരുടെ പ്രാണങ്ങളെ രക്ഷിക്കാൻ അർഹനായിട്ടുള്ളത് ഞാനാണ്

वदन्ति इति - वादिनः। व्रह्माणं वादिनः- ब्रह्मवादिनः।। दैः ब्रह्मवादिभिः।

(ശ്ലോ.18)

प्रथमः--- वत्स! मा मैवम्।

ഒന്നാ : കുഞ്ഞേ, പാടില്ല. അങ്ങനെ പറയാനേ പാടില്ല.

आपदं हि पिता प्राप्तो ज्येष्ठपुत्रेण तार्यते।  
ततोऽहमेव यास्यामि गुरूणां प्राणरक्षणात्।।१९।।

अन्वयः-  आपदं प्राप्तः पिता ज्येष्ठपुत्रेण तार्यते। ततःगुरूणां प्राणरक्षणात् अहमेव यास्यामि।।

ആപത്തിലകപ്പെട്ട പിതാവ് മൂത്ത പുത്രനാലാണ് രക്ഷിക്കപ്പെടേണ്ടത്. അതുകൊണ്ട് ഗുരുക്കന്മാരുടെ പ്രാണരക്ഷക്കായി ഞാൻ തന്നെയാണ് പോകേണ്ടത്

(ശ്ലോ.19)

वृद्धः ----- ज्येष्ठमिष्टतमं न शक्नोमि परित्यक्तुम्।

വൃദ്ധൻ : എനിക്കേറ്റവും പ്രിയപ്പെട്ടവനായ മൂത്തവനെ പറഞ്ഞയക്കാൻ എനിക്ക് സാദ്ധ്യമല്ല.

ब्राह्मणीः---- यथार्यो ज्येष्ठमिच्छति तथाहमपि कनिष्ठमिच्छामि।

(जह अय्यो जेष्ठमिच्छदि तह अहं पि कणिट्ठमिच्छामि।)

ബ്രാഹ്മണി : ആര്യൻ മൂത്തവനെ (കൂടെ നിർത്താൻ) ആഗ്രഹിക്കുന്നതുപോലെ ഇളയവനെ എനിക്കും വേണം

द्वितीयः--- पित्रोरनिष्टःकस्येदानीम् प्रियः?

രണ്ടാ: അച്ഛനമ്മമാർക്ക് വേണ്ടാത്ത ഞാനിപ്പോൾ പിന്നെ ആർക്കാണ് വേണ്ടപ്പെട്ടവനാകുന്നത്?

पित्रोः  अनिष्टः-पित्रोरनिष्टः। विसर्गसन्धिः। कस्य  इदानीम्- कस्येदानीम् - स्वरसन्धिः। माता च पिता च पितरौ। तयोः-पित्रोः। एकशेषद्वन्दः।

രണ്ടാമത്തെ ഈ ചോദ്യത്തിൽ വല്ലാത്തൊരു ദൈന്യഭാവം കലർന്നിട്ടുണ്ട്. ഇവർ ആദ്യമേ രാക്ഷസന്റെ കൂടെ പോകാൻ തയ്യാറായിരുന്നതാണ്; അതും തന്റെ കടമയാണെന്നറിഞ്ഞുകൊണ്ട് (ശ്ലോകം 17) അപ്പോൾത്തന്നെ അച്ഛൻ സമ്മതിച്ചിരുന്നുവെങ്കിൽ വളരെ തൃപ്തിയോടെ തന്നെ പോകാമായിരുന്നു. ഇപ്പോഴാകട്ടെ അച്ഛനമ്മമാർക്ക് വേണ്ടാത്തവനായി പോകേണ്ടിവന്നപ്പോൾ അതവനെ ദുഃഖത്തലാഴ്ത്തുന്നു.

घटोत्कचः---- अहं प्रीतोऽस्मि। शीघ्रमागच्छ।)

ഘടോ ഞാൻ സന്തുഷ്ടനാണ് ഇനി വേഗം വന്നോളൂ

द्वितीयः----

धन्योऽस्मि यद्गुरुप्राणाः स्वैःप्राणैः परिरक्षिताः  
बन्धुस्नेहाद्धि महतः कायस्नेहस्तु दुर्लभः।।२०।।

धन्यः  आस्मि -धन्योऽस्मि । - विसर्गसन्धिः। कायस्नेहः  तु -कायस्नेहस्तु।विसर्गसन्धिः।

अन्वयः- (अहम्)  धन्यः अस्मिः यत् स्वैः प्राणैः गुरुप्राणाः परिरक्षिताः ।महतः बन्धुस्नेहात् (हेतोः) कायस्नेहः दुर्लभः तु।

രണ്ടാ: ഞാൻ ധന്യനായി; എന്തെന്നാൽ സ്വന്തം ജീവിതം കൊണ്ട് ഗുരുക്കന്മാരുടെ പ്രാണങ്ങളെ രക്ഷിക്കാൻ കഴിഞ്ഞുവല്ലോ. വലിയതായ ബന്ധുസ്നേഹം കാരണമായി എനിക്ക് എന്റെ ശരീരത്തോട് സ്നേഹം ഒട്ടുമില്ലാതായിരിക്കുന്നു

ബ്രാഹ്മണകുമാരൻ പറയുന്നത്, മാതാപിതാക്കളോടും കുടുംബത്തിലെ മറ്റുള്ളവരോടുമുള്ള സ്നേഹാധിക്യം കാരണം സ്വന്തം ജീവിതത്തോട് ഒട്ടും മമത തോന്നുന്നില്ലെന്നാണ്. മാത്രമവുമല്ല, ഇങ്ങനെ ഒരു അവസരം കിട്ടിയതു കാരണം താൻ ധന്യനായെന്നും കരുതുന്നു. कायस्नेहः എന്നിടത്ത कालस्नेहः എന്ന് പഠിക്കുന്നുവെങ്കിൽ വാചകത്തിന് ഇങ്ങനെ അർത്ഥം പറയാം. ബന്ധുസ്നേഹം കാരണമായി മരണത്തെ സ്നേഹിക്കുക എന്നത് ദുർലഭമായ ഒരനുഭവമാണ്.

(ശ്ലോ.20)

घटोत्कचः- अहो स्वजनवात्सल्यमस्य ब्राह्मणवटोः।

ഘടോ; അഹോ ഈ ബ്രാഹ്മണകുമാരന് സ്വന്തക്കാരോടുള്ള ഒരു സ്നേഹം

ബ്രാഹ്മണകുമാരൻ സ്വന്തം ജീവൻ കൊടുത്ത് ഗുരുപ്രാണങ്ങളെ രക്ഷിക്കുന്നതിനും അതു കാരണമായി ധന്യനായെന്നഭിമാനിക്കുന്നതും യാതൊരു മടിയും കൂടാതെ തന്നെ അനുഗമിക്കാൻ തയ്യാറാകുന്നതും കണ്ടിട്ട് ഘടോത്കചൻ തനിക്കുണ്ടായ അത്ഭുതവും ആരാധനയും പ്രകടിപ്പിക്കുകയാണ്.

द्वितीयः--- भोस्तात! अभिवादये।

രണ്ടാ. അല്ലയോ അച്ഛാ ഞാനിതാ നമസ്ക്കരിക്കുന്നു.

वृद्धः--- एहि एहि पुत्र।

വൃദ്ധൻ വരൂ വരൂ മകനേ

विनिमाय गुरुप्राणान् स्वैः प्राणैर्गुरुवत्सल।
अकृतात्मदुरावापं ब्रह्मलोकमवाप्नुहि।।२१ ।।

अन्वयः- हे गुरुवत्सल! स्वैः प्राणैः गुरुप्राणान् विनिमाय अकृतत्मदुरावापं ब्रह्मलोकम् अवाप्नुहि।

സ്വന്തം ജീവൻ വില കൊടുത്ത് ഗുരുപ്രാണങ്ങളെ വാങ്ങിയ അല്ലയോ ഗുരുവത്സലനായിട്ടുള്ളവനേ നീ ജിതേന്ദ്രിയർക്കല്ലാതെ അപ്രാപ്യമായ ബ്രഹ്മലോകം പ്രാപിക്കുമാറാകട്ടെ

अकृतात्मभिः दुःखेन आप्तुम् शक्यम् - अंकृतात्मदुरावापम्। अवाप्नुहि - अव उपसर्गः आप् धातुः लोट् मध्यमपुरुष - एकवचनम्।

(ശ്ലോ 21)

द्वितीयः--- अनुगृहीतोऽस्मि। अम्बा! अभिवादये।

രണ്ടാ. ഞാൻ അനുഗൃഹീതനായി! അമ്മേ. ഞാനിതാ നമസ്ക്കരിക്കുന്നു

ब्राह्मणीः--- जात! चिरं जीव (जाद! चिरं जीव।)

ബ്രാഹ്മണി.. മകനേ. വളരെക്കാലം ജീവിക്കുമാറാകട്ടെ

द्वितीयः---- अनुगृहीतोऽस्मि। आर्य! अभिवादये।

രണ്ടാ ഞാൻ അനുഗൃഹിതനായി ജ്യേഷ്ഠ ഞാനിതാ വന്ദിക്കുന്നു

प्रथमः---एह्येहि वत्स।

ഒന്നാ വരൂ അനിയാ വരൂ

परिष्वजस्व गाढं मां परिष्वक्तः शुमैर्गुणैः।
कित्यां तव परिष्वक्ता भविष्यति वसुन्धरा।।२२।।

शुभै ---- गुणै - सुभैर्गुणै - विसर्गसन्धिः

अन्वयः शुभैःगुणैःपरिशष्वक्त (त्वं) मां गाढं परिष्वजस्व। वसुदन्धरा तव कीर्त्या पिरष्वक्त भविष्याति।

ശോഭാദായകങ്ങളായ ഒരുപാട് ഗുണങ്ങളോടു കൂടിയ നീ എന്നെ മുറുകെ ആലിംഗനം ചെയ്യൂ. ഈ ഭൂമി നിന്റെ കീർത്തിയാൽ ചുറ്റപ്പെട്ടതായിത്തീരും

शुभै ःगणैः परिष्वक्तः നല്ല ഗുണങ്ങളോടു കൂടിയവൻ. ദയ, അനുസരണം, ഉദാരത മുതലായ നല്ല ഗുണങ്ങൾ തന്നിലുണ്ടെന്ന് കുമാരൻ തെളിയിച്ചുകഴിഞ്ഞല്ലോ.

(22)

तृतीयः-- आर्य! अभिवादये।

മൂന്നാ ജ്യേഷ്ഠ. ഞാൻ അങ്ങയെ നമസ്ക്കരിക്കുന്നു.

द्वितीयः-- स्वस्ति।

രണ്ടാ (നിനക്ക്) നല്ലതു വരട്ടെ

तृतीयः--अनुगृहीतोऽस्मि ।

മൂന്നാ . ഞാൻ അനുഗൃഹിതനായി.

द्वितीयः--भोः पुरुष! किंचिद् ब्रवीमि।

രണ്ടാ.. ഹേ, പുരുഷ എനിക്കൊരു കാര്യം പറയാനുണ്ട്

घटोत्कचः--- ब्रूहि ब्रूहि शीघ्रम्।

ഘടോ.. പറയ് പറയ് വേഗം പറയ്

द्वितीयः--- एतस्मिन्वनान्तरे जलाशय इव दृश्यते। तत्र मे प्रकल्पितपरलोकस्य पिपासाप्रतीकारं करिष्यामि।

രണ്ടാ.. ഇവിടെ വനത്തിനുള്ളിൽ 'ഒരു ജലാശയം പോലെ ഒന്ന് കാണുന്നുണ്ട്. അവിടെ ഈ പരലോകം വിധിക്കപ്പെട്ട എന്റെ ദാഹമൊന്ന് ശമിപ്പിച്ചുകൊള്ളട്ടെ

प्रकल्पितः परलोकः यस्य तस्य प्रकल्पितपरलोकस्य- वहुव्रीहि

पातुम् इच्छा - पिपासा तस्याः प्रतिकाराम् - पिपासाप्रतिकारम्।

ഇവിടെ ബ്രാഹ്മണകുമാരന്റെ ദാഹം വെള്ളം കുടിക്കാനുള്ളത് മാത്രമല്ല. അയാൾ മരണാനന്തരം തനിക്കുവേണ്ടി ചെയ്യേണ്ടതായ ജലതർപ്പണവും തന്നത്താൻ ചെയ്ത് പിതൃസംതൃപ്തി കൂടി നിവർത്തിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം രാക്ഷസി കൊന്നു തിന്നാൻ പോകുന്ന തനിക്കുവേണ്ടി ആരും ഇനി പിതൃതർപ്പണം നടത്തില്ലല്ലോ. ഈ ആശയം ശ്ലോകം 31 -ൽ കൂടി വ്യക്തമാക്കപ്പെടുന്നുണ്ട്.

घटोत्कचः----दृढव्यवसायिन्! गम्यताम्। अतिक्रामति मातुराहारकालः। शीध्रमागच्छ।

ഘടോ: അല്ലയോ നിശ്ചയദാർഢ്യമുള്ളവനേ. ചെല്ലൂ അമ്മയുടെ ഭക്ഷണസമയം വൈകുന്നു. വേഗം പോയി വരൂ

दृढः व्यवसायः यस्य, तस्य सम्बुद्धि ........ दृढव्यवसायिन्।

ബ്രാഹ്മണകുമാരന്റെ ധൈര്യത്തെയും നിശ്ചയദാർഢ്യത്തെയും ഘടോത്കചൻ അനുമോദിക്കുന്നതുകൊണ്ടാണ് ഇങ്ങനെത്തന്നെ സംബോധന ചെയ്യുന്നത്.

द्वितीयः--- भोस्तात! एव गच्छामि।

രണ്ടാ: പിതാവേ! ഇവനിതാ പോകുന്നു

(निष्क्रान्तः)

(പുറത്തേക്ക് പോകുന്നു).

वृद्धः---हा हा परिमुषिताः स्मो भोः! परिमुषिताः स्मः।

വൃദ്ധൻ: അയ്യയ്യോ! ഞങ്ങളിതാ കൊള്ള ചെയ്യപ്പെട്ടുവല്ലോ. ഞങ്ങൾ കൊള്ളചെയ്യപ്പെട്ടുവല്ലോ.

यस्त्रिशृङ्गो मम त्वासीन्मनोज्ञो वंशपर्वतः।
स मध्यशृङ्गभङ्गेन मनस्तपति मे भृशम्।।२३।।

य त्रिशुङ्गः- यस्त्रिशृङ्गः -विसर्गसन्धिः।

तु आसीत् - त्वासित् - स्वरसन्धिः। मनः तपसि - मनस्तपसि - विसर्गसन्धिः।

अन्वयः- मम वंशपर्तः यः त्रिशृङ्गः मनोज्ञः आसित्, सः मध्यमशृङ्गमङ्गेन मे मनः भुशं तपति।

എന്റെ ഈ വംശപർവ്വതം മൂന്ന് കൊടുമുടികളോടെ മനോഹരമായിരുന്നത് ഇപ്പോൾ നടുവിലെ കൊടുമുടി മുറിഞ്ഞതുകൊണ്ട് എന്റെ മനസ്സ് വല്ലാതെ വേദനിക്കുന്നു

त्रीणि शृङ्गाणि यस्यसः- त्रिशृङ्गः

वंश एव पर्वतः- वंशपर्वतः - कर्मधारयः

(ശ്ലോ 23)

हा पुत्रक! कथं गत एव?

ഹാ! എന്റെ കുഞ്ഞു മകനെ! നീ പൊയ്ക്കഴിഞ്ഞുവോ?

तरुण! तरुणतानुरूपकान्ते!
नियमपराध्ययनप्रसक्तबुद्धे!।
कथमिव गजराजदन्तभग्न-
स्तरुरिव यास्यसि पुष्पितो विनाशम्।।२४।।

तरुः - इव - तरुरिव - विसर्गसन्धिः।

अन्वयः- तरुण! तरुणतानुरूपकान्ते! नियमपराध्यनप्रसक्तबुद्धे! त्वं गजराजदन्तभग्नः पुष्पितः तरुरिव कथं विनाशं यास्यसि?

തരുണ! താരുണ്യത്തിനൊത്തെ സൗന്ദര്യമുള്ളവനേ! നിയമപരമായ അധ്യയനത്തിൽ വ്യാപിച്ചിരുന്ന ബുദ്ധിയോടുകൂടിയവനെ! നീ പുഷ്പിച്ചു നിൽക്കുന്ന വൃക്ഷം കൊമ്പനാനയുടെ കൊമ്പേറ്റ് മുറിയുന്നതുപോലെ എങ്ങനെ നാശത്തെ ഏറ്റുവാങ്ങും!!

താരുണ്യത്തിന്റേതായ സൗന്ദര്യത്തോടെയും ബുദ്ധിപരമായ പ്രവർത്തനങ്ങളോടെയും യൗവ്വനത്തിലേക്ക് കാലൂന്നി നിൽക്കുന്ന ബ്രാഹ്മണകുമാരനെ പുഷ്പിച്ചു നിൽക്കുന്ന വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നത് ഭംഗിയായിരിക്കുന്നു.

यास्यसि - या धातुः लृट् - मध्यमपपुरुष - एक।आहूयतां पुत्रः त्वया - कर्मणि। त्वं पुत्रं आह्वय । - कर्तरि।

(ശ്ലോ.24).

घटोत्कचः-- चिरायते खलु ब्राह्मणवटुः। अतिक्रामति मातुराहारकालः। किं नु खलु करिष्ये? दृष्टम्। भो ब्राह्मण! आहूयतां तव पुत्रः।

ഘടോ.. ബ്രാഹ്മണകുമാരൻ പോയിട്ട് കുറെനേരമായല്ലോ അമ്മയുടെ ആഹാരസമയമാണെങ്കിൽ വൈകുന്നു. ഞാനിപ്പോൾ എന്തു ചെയ്യും ശരി നോക്കാം ഭോ ബ്രാഹ്മണ നിങ്ങളുടെ മകനെ ഒന്ന് വിളിക്കൂ

वृद्धः---आ ! अतिराक्षसं खलु ते वचनम्।

വൃദ്ധൻ ആഹ നിന്റെ വാക്കുകൾ രാക്ഷസനെയും കടത്തിവെട്ടുന്നതാണല്ലോ

राक्षसम् अतिक्रान्तः- अतिराक्षसम्

മകനെ മരണത്തിലേക്ക് വിളിച്ചു വരുത്തേണ്ടി വരുമ്പോൾ ഒരച്ഛന് ഉണ്ടായേക്കാവുന്ന വേദനയെക്കുറിച്ചൊന്നും ഘടോത്കചൻ ചിന്തിക്കുന്നില്ല. അയാൾക്ക് അമ്മയുടെ ആഹാരസമയം വൈകുന്നുവെന്ന വിചാരം മാത്രമേയുള്ളു. ഇതിനെയാണ് ബ്രാഹ്മണൻ അതിരാക്ഷസമെന്ന് വിശേഷിപ്പിച്ചത്.

घचोत्कचः---- कथं रुष्यति। मर्षयतु भावन् मर्षयतु। अयं मे प्रकृतिदोषः। अथ किंनामा तव पुत्रः?

ഘടോ: എന്താ കോപം വന്നുവോ ക്ഷമിക്കൂ അങ്ങ് ക്ഷമിക്കൂ. ഇതെന്റെ പ്രകൃതിദോഷമാണ് അപ്പോൾ അങ്ങയുടെ മകന്റെ പേരെന്തായിരുന്നു?

ഘടോത്കചന് വൃദ്ധന്റെ കോപം എന്തുകൊണ്ടെന്ന് മനസ്സിലാകുന്നില്ലെങ്കിലും കോപിക്കുന്നുവെന്നറിഞ്ഞ ഉടനെ തന്റെ ആവശ്യം പിൻവലിക്കാനും ക്ഷമചോദിക്കാനും തയ്യാറാകുന്നു.

वृद्धः -- एतदपि न शक्यं श्रोतुम्।

വൃദ്ധൻ : അതും നീ കേൾക്കാൻ പോകുന്നില്ല

घटोत्कच :- युक्तम्। भोः ब्राह्मणकुमार। किंनामा ते भ्राता?

ഘടോ.. ശരി ആയ്ക്കോട്ടെ അല്ലയോ ബ്രാഹ്മണകുമാരാ. നിന്റെ സഹോദരന്റെ പേരെന്താണ്

प्रथमः- तपस्वी मध्यमः।

ഒന്നാ: പാവം മധ്യമൻ !!

ജ്യേഷ്ഠപുത്രനും തന്റെ അനിയന്റെ യഥാർത്ഥനാമം രാക്ഷസനോട് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. അയാളുടെ വായിൽ നിന്നും അനിയനോടുള്ള സഹാനുഭൂതി പ്രകടിപ്പിച്ചുപോയതാണ് तपस्वि मध्यम എന്ന്.

घटोत्कचः---- मध्यम इति सदृशमस्य। अहमेवाह्वयामि। भो मध्यम! मध्यम! शीघ्रमगच्छ।

(ततः प्रविशति भीमसेनः)

ഘടോ: മധ്യമനെന്നത് അവനു യോജിച്ചതു തന്നെ ഞാൻതന്നെ വിളിച്ചു നോക്കാം ഭോ! മധ്യമാ മധ്യമാ വേഗം വരൂ

(അപ്പോൾ ഭീമസേനൻ പ്രവേശിക്കുന്നു)

भीम :--- कस्यायं स्वरः ?

ഭീമൻ : ഇതാരുടേതാണീ ശബ്ദം

खगशतविरुते विरौति तारं
        द्रुमगहने दृढसङ्कटे वनेऽस्मिन्।
जनयति च मनोज्वरं स्वरोऽयं
        बहुसद्दशो हि धनञ्जयस्वरस्य।। २५।।

वने आस्मिन् -वनेऽस्मिन्- स्वरसन्धिः

स्वरः अयम् स्वरोऽयं - विसर्गसन्धिः

अन्वयः- (कस्य अयं स्वरः?) खगशतविरुते द्रुमगहने दृढसङ्कटे वने तारं विरौति? धनञ्जयस्वरस्य वहुसदृशः (हि) मनोज्वरं जनयति च।

നൂറുകണക്കിന് പക്ഷികൾ കരഞ്ഞുകൊണ്ടിരിക്കുന്നതും വൃക്ഷങ്ങൾ ഇടതിങ്ങി നിൽക്കുന്നതും കടന്നുപോകാൻ ബുദ്ധിമുട്ടേറിയതുമായ ഈ കാട്ടിൽ ഉച്ചസ്ഥായിയിൽ കേൾക്കപ്പെടുന്നത്? അർജ്ജുന ശബ്ദത്തോട് വളരെയധികം സാദൃശ്യമുള്ളതിനാൽ ഇത് മനസ്സിനെ അസ്വസ്ഥമാക്കുകയും ചെയ്യുന്നു.

(ശ്ലോ.25)

घटोत्कच : - चिरायते खलु ब्राह्मणवटुः। अतिक्रमति मातुराहार-कालः किं नु खलु करिष्ये? भवतु, दृष्टम्। उच्चैः शब्दापयामि। भो मध्यम! शीघ्रमगच्छ।

ഘടോ: ബ്രാഹ്മണകുമാരൻ വൈകുന്നല്ലോ. അമ്മയുടെ ആഹാരസമയവും തെറ്റിക്കൊണ്ടിരിക്കുന്നു. ഇനി ഇപ്പോൾ എന്താണ് ചെയ്യുക? ശരി ഉച്ചത്തിൽ വിളിച്ചു നോക്കാം. ഭോ! മധ്യമാ വേഗം വരൂ

भीमः--- भोः! को नु खल्वेतस्मिन् वनान्तरे मम व्यायामविघ्नमुत्पाद्य 'मध्यम' 'मध्यम' इति मां शब्दापयति? भवतु, पश्यामि तावत्। (परिक्रम्यावलोक्य सविस्मयम्) अहो दर्शनीयोऽयं पुरुषः।

ഭീമൻ: ഹെ! ഇതാരാണിത്, ഈ കാട്ടിനുള്ളിൽ എനിക്ക് വ്യായാമത്തിന് തടസ്സമുണ്ടാക്കിക്കൊണ്ട് മധ്യമ മധ്യമ എന്നിങ്ങനെ വിളിച്ചുകൊണ്ടിരിക്കുന്നത്? ശരി നോക്കിക്കളയാം (ചുറ്റി നടന്ന് നോക്കിയിട്ട് അദ്ഭുതത്തോടെ) അഹോ! ഇയാളൊരു കാണപ്പെടേണ്ട ആളു തന്നെ !

दृष्टुं योग्यः दर्शनियः - उपपदसमासः।

अयं हि,

सिंहास्यः सिहदंष्ट्रो मधुनिभनयनःस्निग्धगंभीरकण्ठो
बभ्रुभ्रूः श्येननासो द्विरदपतिहनुर्दीप्तविश्लिष्टकेशः।
व्यूढोरा वज्रमध्यो गजवृपभगतिर्लम्बपिनांसबाहुः
सुव्यक्तंराक्षसीजो विपुलबलयुतो लोकविरस्य पुत्रः।।२६।।

अन्वयम् - सिंहास्यः, सिंहदंष्ट्रः, मधुनिभनयनः, स्निग्धगांभीरकण्ठः, बभ्रुभ्रुःश्येननासः द्विरदपतिहनुः दीप्तविश्लिष्टकेशः व्यूढोरा वज्रमध्यःगजवृषभगतिः लम्बपिनांसबाहुः (अयं) विपुलबलयुतः लोकवीरस्य राक्षसीजःपुत्रःइति सुव्यक्तम्।

സിംഹത്തിന്റേതുപോലുള്ള മുഖവും ദംഷ്ട്രകളും, തേൻ നിറമുള്ള കണ്ണുകളും, മയവും അതേ സമയം ഗംഭീരവുമായ ശബ്ദവും, ചെമ്പൻനിറത്തിലുള്ള പുരികക്കൊടികളും. കഴുകന്റേതുപോലുള്ള മൂക്കും ഗജരാജന്റേതു പോലുള്ള താടിയും, തിളങ്ങുന്ന ചിതറിയ മുടിയും, വിസ്തൃതമായ മാറും. വജ്രം പോലെ ഉറച്ച മദ്ധ്യഭാഗവും ആന, കാള എന്നിവകളെപ്പോലെയുള്ള നടത്തവും, നീണ്ട് തടിച്ച തോളുകളും കൈകളും ഉള്ള ഇയാൾ തീർച്ചയായും അതിബലവാനായ ഒരു ലോകവീരന് രാക്ഷസിയിൽ ജനിച്ച പുത്രനായിരിക്കണം.

राक्षस्यां जातः- राक्षसीजः - उपपदसमासः

लोके वीरः - लोकवीरः - तत्पुरुषसमासः

सिंहस्य इव आस्यः यस्य सः- सिंहास्यः।

सिहस्य इव दंष्ट्रे यस्य सः- सिहदंष्ट्रः।

मधुनिभे नयने यस्य सः- मधुनिभनयनः।

बभ्रु भ्रुवौ यस्य सः- बभ्रुभ्रुः।

श्येनस्य इव नासा यस्य सः- श्येननासः

द्विरदानां पतिः - द्विरदपतिः, तस्य हनू यस्य सः- द्विरदपतिहनुः।

दीप्ताः विश्लिष्टाः केशाः यस्य सः-दीप्तविशलिष्टकेशः

व्यूढं उरः यस्य सः- व्यूढोराः

(ശ്ലോ.26)

घटोत्कचः--- चिरायते खलु ब्राह्मणवटुः। उच्चैः शब्दापयामि। भो भो मध्यम! शीघ्रमागच्छ।

ഘടോ : ബ്രാഹ്മണകുമാരൻ ഇനിയും എത്തിയില്ലല്ലോ. ഉച്ചത്തിൽ വിളിച്ചു നോക്കട്ടെ. ഭോ! ഭോ! മധ്യമാ വേഗം വരൂ

भीमः--- भोः! प्राप्तोऽस्मि।

ഭീമൻ : ഹേയ്! ഞാനിതാ എത്തിയിരിക്കുന്നു.

घटोत्कचः--- न खल्वयं ब्राह्मणवटुः। अहो दर्शनीयोऽयं पुरुषः।यएषः -----

ഘടോ : ഇത് ബ്രാഹ്മണകുമാരനല്ല. എന്നാലും കാണപ്പെടേണ്ട ഒരു വ്യക്തി തന്നെ.

सिंहाकृतिः कनकतालसमानबाहुः
मध्ये तनुर्गरुडपक्षविलिप्तपक्षः।
विष्णुर्भवेद् विकसिताम्बुजपत्रनेत्रो
नेत्रे ममाहरति बन्धुरिवागतोऽयम्।।२७।।

विष्णु भवेत् - विष्णुर्भवेत् - विसर्गसन्धि। मम आहरति - ममाहरति।

अन्वयः - सिहाकृतिः, कनकतालसमानबाहुः, मध्ये तनुः, गरुडपक्षविलिप्तपक्षः, विकसिताम्बुजपत्रनेत्रः अयं विष्णुःभवेत्? आगतः (सः) बन्धुः मम नेत्रे आहरति।

ഇയാൾ സിംഹത്തിന്റേതുപോലുള്ള ആകൃതിവിശേഷത്തോടെ, സ്വർണ്ണപ്പനകൾക്ക് തുല്യമായ കൈകളോടെ, മദ്ധ്യഭാഗം മെലിഞ്ഞ്, ഗരുഡന്റെ ചിറകുകൾ പോലെ മിനുസമായ വശങ്ങളോടെ, വിടർന്ന താമരപ്പൂവിതൾ പോലെയുള്ള കണ്ണുകളോടെ, വിഷ്ണുഭഗവാൻ തന്നെ ആയിരിക്കുമോ? ഇദ്ദേഹം മുന്നോട്ടു വന്നുകൊണ്ടിരിക്കെ, ഒരു ബന്ധു എന്നപോലെ എന്റെ കണ്ണുകളെ ആകർഷിക്കുകയും ചെയ്യുന്നുണ്ട്.

अयं मम नेत्रे आहरति।

अनने मम नेत्र आहिरीयते - कर्मणि

(ശ്ലോ.27)

भो मध्यम! त्वां खल्वहं शब्दापयामिः

ഭോ! മധ്യമാ. നിന്നെയാണ് ഞാൻ വിളിക്കുന്നത്.

भीमः--- अतः खल्वहं प्राप्तः।

ഭീമൻ: അതുകൊണ്ടു തന്നെയാണല്ലൊ ഞാൻ വന്നതും

घटोत्कचः-- किं भवानपि मध्यमः?

ഘടോ : എന്താ അങ്ങും മധ്യമനാണോ?

भीमः--- न तावदपरः।

ഭീമൻ : മറ്റൊരാളല്ല

मध्यमोऽहमवध्यानामुत्सिक्तनां च मध्यमः।
मध्यमोऽहं क्षितौ भद्र! भ्रातृणामपि मध्यमः।।२८।।

अन्वयः- भद्र! अवध्यानाम् अहं मध्यमः, उत्सिक्तानां च अहं मध्यमः,क्षितौ अहं मध्यमःभ्रातृणामपि मध्यमः।

അവധ്യരിൽ മധ്യമൻ ഞാനാണ്. ഞാൻ ഉദ്ധതരിലും മധ്യമനാണ്. ഞാൻ ഭൂമിയിലാണെന്നതുകൊണ്ട് മധ്യമനായി; സഹോദരന്മാർക്കിടയിലും ഞാൻ മധ്യമൻ തന്നെ (ശ്ലോ.28)

मध्यमः अहम् - मध्यमोऽहम् - विसर्गसन्धिः

घटोत्कचः-- भवितव्यम्।

ഘടോ : ആയിരിക്കാം

भीमः-- अपि च,

ഭീമൻ : മാത്രവുമല്ല

मध्यमः पञ्चभूतानां पार्थिवानां च मध्यमः।
भवे च मध्यमो लोके सर्वकार्येषु मध्यमः।।२९।।

अन्वयः- अहं पञ्चभूतानां मध्यमः, पार्थिवानां च मध्यमः, भवे चअहं मध्यमः, लोके सर्वकार्येषु मध्यमः।

പഞ്ചഭൂതങ്ങളിൽ ഞാൻ മധ്യമനാണ്. രാജാക്കന്മാർക്കിടയിൽ മധ്യമനാണ്. ജന്മം കൊണ്ട് മധ്യമനാണ്; ലോകത്തിലെ സർവ്വകാര്യങ്ങളിലും ഞാൻ മധ്യമനാണ്

ഈ രണ്ട് ശ്ലോകങ്ങളിലൂടെ ഭീമൻ താൻ ഒന്നല്ല, രണ്ടല്ല, എട്ട് കാരണങ്ങളാൽ മധ്യമനാണെന്ന് ഉറപ്പിക്കുന്നു. अवध्यानां -- - -അവധ്യരിൽ (കൊല്ലപ്പെട്ടവരിൽ): उत्सि - - - -സ്വന്തം കഴിവുകളിൽ അഭിമാനിക്കുന്നവരിൽ; क्षितौ - - - ഭൂമിയിൽ (മധ്യലോകത്തിൽ ജനിച്ചതുകൊണ്ട്: भ्रातृणामयि - - -സഹോദരന്മാർക്കിടയിൽ: पञ्चभुतानां - - ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നിവയാണ് പഞ്ചഭൂതങ്ങൾ. ഭീമൻ വായുപുത്രനായതുകൊണ്ട് തന്നെ പിതാവിൽ നിന്നും അഭിന്നനാക്കിക്കൊണ്ടാണ് പഞ്ചഭൂതങ്ങളിൽ മധ്യമനെന്ന് വിശേഷിപ്പിക്കുന്നത്. പഞ്ചഭൂതങ്ങളില വായുവിന്റെ സ്ഥാനം കൃത്യമായും മധ്യത്തിലല്ലെങ്കിലും ആദ്യത്തേതിന്റെയും അവസാനത്തേതിന്റേയും ഇടയിലായതുകൊണ്ട് മധ്യമനെന്ന് പറയുന്നതിൽ തെറ്റില്ല. पार्थिवानां - - പാണ്ഡവർ അഞ്ചുപേരും രാജാക്കന്മാരു തന്നെ എന്ന അഭിമാനം भवे मध्यमः - - - - ജന്മംകൊണ്ട് കുന്തീപുത്രന്മാരിൽ മധ്യമൻ എന്നർത്ഥം लोके सर्वकार्येषु - - - -ലോകത്ത് സർവ്വരുടെയും കാര്യങ്ങളിൽ മധ്യസ്ഥത പുലർത്താൻ കെല്പുള്ളവർ.

ഇങ്ങനെ എട്ടു തവണ മധ്യമത്വം എടുത്തുപറയുന്നതുകൊണ്ട് തന്നിലെ എട്ടു ഗുണങ്ങളെയും പ്രകടമാക്കുന്നുണ്ട് ഭീമൻ. അതായത്, ബലവാൻ, ബലം കൊണ്ടും വീര്യംകൊണ്ടും അഭിമാനിക്കാൻ വകയുള്ളവൻ, ഭൂലോകജാതനായ മനുഷ്യൻ, അഗ്രജരായും കനിഷ്കരായും സഹോദരന്മാരുള്ളവൻ, വായുപുത്രൻ, രാജാവ് മധ്യമനായ പുത്രൻ, സർവ്വലോകഹിതകാര്യകരണസമർത്ഥൻ.

(ശ്ലോ.29)

वृद्धः---

मध्यमस्त्विति संप्रोक्ते नूनं पाण्डवमध्यमः।
अस्मान्मोक्तुमिहायातो दर्पान्मुत्योरिवोत्थितः।।३०।।

मध्यमःतु इति -मध्यमस्त्विति। इह आयातः - इहायातः। दर्पात् मृत्योःइव उत्थितः-दर्पान्मुत्योरिवोत्यितः।

अन्वयः- मध्यमःइति संप्रोक्ते तु नूनं पाण्डवमध्यमः। मृत्योःदर्पात् उत्थितःइव अस्मान् मोक्तम् इह आयातः।

വൃദ്ധൻ : ഞാനാണ് മധ്യമൻ എന്നിങ്ങനെ പറയുമ്പോൾ തീർച്ചയായും ഇദ്ദേഹം പാണ്ഡവമധ്യമൻ തന്നെ; മരണത്തിന്റെ ദർപ്പത്തിൽ നിന്നും ജന്മമെടുത്തവനെപ്പോലെ നമ്മളെ രക്ഷിപ്പാനായി ഇവിടെ എത്തിയിരിക്കുകയാണ്

(ശ്ലോ.30)

വൃദ്ധനായ ബ്രാഹ്മണന് പെട്ടെന്നു തന്നെ അദ്ദേഹം മധ്യമപാണ്ഡവനായിരിക്കണമെന്ന് തോന്നുകയും അതുകൊണ്ടു തന്നെ തനിക്കും തന്റെ കുടുംബത്തിനും രക്ഷയുണ്ടാകും എന്ന പ്രതീക്ഷ ജനിക്കുകയും ചെയ്യുന്നു.

प्रविश्य

(പ്രവേശിച്ച്)

मध्यमः---

अस्यामाचम्य पद्मिन्यां परलोकेषु दुर्लभम्।
आत्मनैवात्मनो दत्तं पद्मपत्रोज्वलं जलम्।।३१।।

आत्मना अएव अआत्मनःउआत्मनैवात्मनः

अन्वयः- अस्यां पद्मिन्यां, आचम्य परलोकेषु दुर्लभम् पद्मपत्रोज्वलं जलम् आत्मना आत्मनः एव दत्तम्)

पदमानि अस्यां सन्ति इति -पद्मिनी, तस्याम् -पद्मिन्याम्।

മധ്യമൻ : ഈ പൊയ്കയിൽ ആചമനക്രിയ അനുഷ്ഠിച്ചതുകൊണ്ട് പരലോകത്തിൽ ദുർലഭമായ താമരയിലയിലെ തിളക്കമേറിയ വെള്ളം എനിക്കായി ഞാൻ തന്നെ തർപ്പണം ചെയ്തിരിക്കുന്നു

ബ്രാഹ്മണകുമാരൻ പറയുന്നത് താൻ വെള്ളം കുടിച്ച് സ്വന്തം ദാഹശമനം വരുത്തുന്നതിനോടൊപ്പം മരണാനന്തരം തനിക്ക് മറ്റൊരു കൈകൊണ്ട് ലഭിക്കേണ്ടതായ ജലതർപ്പണം കൂടി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു എന്നാണ്. കാരണം, ഇങ്ങനെയൊരു അപമൃത്യുവിന് ഇരയാകേണ്ടി വരുന്ന തനിക്ക് മരണാന്തരക്രിയകൾ പ്രതീക്ഷിക്കുന്നതിലർത്ഥമില്ലല്ലോ. അതുകൊണ്ടായിരിക്കാം परलोकेषु दुर्लभम् എന്നെടുത്തുപറയുന്നത്.

(ശ്ലോ.31)

(उपगम्य) भोः पुरुष ! प्राप्तोऽस्मि।

(സമീപിച്ചുകൊണ്ട്) ഭോ! പുരുഷ! ഞാനിതാ എത്തിയിരിക്കുന്നു

घटोत्कचः---- भवानिदानीं खल्वसिमध्यमः। मध्यम ! इत इतः।

ഘടോ: നീയാണിവിടുത്തെ മധ്യമൻ മധ്യമ! ഇതിലെ വരൂ

वृद्धः--- (भीमसेनमुपगम्य) भो मध्यम ! परित्रायस्व ब्राह्मणकुलम्।

വൃദ്ധൻ : (ഭീമനെ സമീപിച്ച്) ഭോ! മധ്യമാ! ഈ ബ്രാഹ്മണകുടുംബത്തെ ഒന്ന് രക്ഷിക്കൂ.

भीमः--- न भेतव्यम्, न भेतव्यम् मध्यमोऽहमभिवादये।

ഭീമൻ : പേടിക്കേണ്ട, പേടിക്കേണ്ട. മധ്യമനായ ഞാനിതാ അങ്ങയെ നമസ്ക്കരിക്കുന്നു.

वृद्धः----वायुरिव दीर्घायुर्भव।

വൃദ്ധൻ : വായുവിനെപ്പോലെ ദീർഘായുഷ്മാനാകട്ടെ.

भीमः---- अनुगृहितोऽस्मि। कुतो भयमार्यस्य ?

ഭീമൻ: ഞാൻ അനുഗൃഹീതനായി. അങ്ങ് ആരെയാണ് പേടിക്കുന്നത്?

वृद्धः--- श्रूयताम् ! अहं खलु कुरुराजेन युधिष्ठिरेणाधिष्ठिनपूर्वे कुरुजाङ्गले यूपग्रामवास्तव्यो माठरसगौत्रश्च कल्पशाखाध्वर्युः केशवदासो नाम ब्राह्मणः। तम्य ममोत्तरस्यं दिशि उद्यामकग्रामवासी मातुलः कौशिकगोत्रे यज्ञबन्धुर्नामास्ति। तस्य पुत्रोपनयनाय सकलत्रोऽस्मि प्रस्थितः।

വൃദ്ധൻ : കേൾക്കൂ. ഞാൻ കുരുരാജാവായ യുധിഷ്ഠിരൻ മുമ്പുവാണ കുരുജാംഗലത്തിൽ യൂപഗ്രാമത്തിൽ താമസിക്കുന്നവനും, മാഠരഗോത്രത്തിൽ പെട്ടവനും കൽപ്പശാഖയിലെ പുരോഹിതനും കേശവദാസനെന്ന് പേരുള്ളവനുമായ ഒരു ബ്രാഹ്മണനാണ്. അങ്ങനെയുള്ള എനിക്ക് അങ്ങ് വടക്ക് ഉദ്യാമകഗ്രാമത്തിൽ വസിക്കുന്ന കൗശികഗോത്രത്തിൽപെട്ട യജ്ഞബന്ധു എന്നു പേരുള്ള ഒരു അമ്മാവനുണ്ട്. അദ്ദേഹത്തിന്റെ മകന്റെ ഉപനയനത്തിനായി കുടുംബസമേതം പുറപ്പെട്ടതായിരുന്നു ഞാൻ.

कुरुणाम् राजा -कुरुराजः। तेन -कुरुराजेन।

पूर्वम् अधिष्ठितम् -अधिष्ठितपूर्वम्। तस्मिन् -अधिष्ठितपूर्वे - केवलसमासः।

माठरेण समानं गोत्रं यस्य सः-माठरसगोत्रः।

भीमः--- अरिष्टोऽस्तु पन्थाः। ततस्ततः।

ഭീമൻ: അങ്ങയുടെ മാർഗ്ഗം അപകടങ്ങളില്ലാത്തതാകട്ടെ എന്നിട്ടെന്തുണ്ടായി?

वृद्धः--- ततो मामैष हि-

വൃദ്ധൻ: അപ്പോൾ ഈ.....

सजलजनदगात्रः पद्मपत्रायताक्षो
मृगपतिगतिलीलो राक्षसः प्रोग्रदंष्ट्रः।
जगति विगतशङ्कस्त्वद्विधानां समक्षं
ससुतपरिजनं भो! हन्तुकामोऽभ्युपैति।३२।।

विगतशङ्कःत्वद्विधानाम् -विगतशङ्कस्त्वद्विधानाम्। हन्तुकामःअभ्यूपैति -हन्तुकामोऽभ्युपैति।

अन्वयः -- सजलजलदगात्रः पद्मपत्रायताक्षः मृगपतिगतिलीलःप्रोग्रदंष्ट्रः राक्षसः त्वद्धिधानां समक्षं ससुतपरिजनं मा हन्तुकामः अभ्युपैति।

കാർമേഘം പോലുള്ള (ഇരുണ്ട) ശരീരത്തോടും താമരയിതൾ പോലെ നീണ്ട കണ്ണുകളോടും, സിംഹത്തിന്റേതു പോലുള്ള ആകർഷകമായ നടത്തത്തോടും, ഉയർന്ന് ഭീകരമായ ദംഷ്ട്രകളോടും കൂടിയ രാക്ഷസൻ അങ്ങയെപ്പോലുള്ളവരുടെ കൺമുമ്പിലായിട്ടും ലോകത്തിലെ ഒന്നിനെയും ഭയമില്ലാതെ പുത്രരോടൊപ്പം എന്നെ കൊല്ലാൻ ആഗ്രഹിക്കുന്നവനായി അടുത്തുവന്നു

पद्मपत्रे इव अयते अक्षिणी यस्य सः-पदमपत्रायताक्षः - बहुव्रीहि

विगता शङ्का यस्य सः-विगतशङ्कः

अक्षणौः अभिमुखम् -समक्षाम् - अव्ययिभावसमासः

तव इवव विधा येषां -त्वद्विधानाम्

सूतैः परिजनेन च सह वर्तते इति -ससुतपरिजनम्।

हन्तं कामः यस्य सः-अभ्युपैति - इ धातुः, अभि उप उपसर्गाः, प्र. - ए। (ह्यः.३२)

भीमः--- एवम्। अनेन ब्राह्मणजनस्य मार्गविघ्नः कृतः। भवतु निग्रहिष्यामि तावदेनम्। भोः पुरुष! तिष्ठ, तिष्ठ।

ഭീമൻ: അങ്ങനെയോ? ഇവൻ ബ്രാഹ്മണജനത്തിന് മാർഗ്ഗതടസ്സം ഉണ്ടാക്കിയിരിക്കുന്നു - ഇരിക്കട്ടെ. ഞാനവനെ അടക്കിക്കൊള്ളാം - ഭോ! പുരുഷ! നില്ക്കവിടെ.

निग्रहिषयामि - ग्रह धातुः नि उपसर्गः लृद्,, उ - ए।

अनेन मार्गविध्नः कृताः - कर्मणि।

अयं मार्गविघ्नं कृतवान् - कर्तरि

घटोत्कचः---एष स्थितोऽस्मि।

ഘടോ: ഞാനിതാ നിന്നു.

भीमः---- किमर्थं ब्राह्मणजनमपराध्यसि?

ഭീമൻ : എന്തിനാണു ബ്രാഹ്മണജനത്തോട് ഈ കടുപ്പം കാണിച്ചത്?

पुत्रनक्षत्रकिर्णस्य पत्नीकान्तप्रभस्य च।
वृद्धस्य विप्रचन्द्रस्य भवान् राहुरिवोत्थितः ।३३।।

राहुःइव उत्थितः-राहुलिवोत्थितः।

अन्वयम् ---- पुत्रनक्षत्रकीर्णस्य पलिकान्तप्रभस्य वृद्धस्य च विप्रजन्द्रस्य भवान्राहु इव उत्थितः।

പുത്രന്മാരായ നക്ഷത്രങ്ങളാൽ ചുറ്റപ്പെട്ടവനും പത്നിയാകുന്ന മനോഹര ചൈതന്യത്തോടു കൂടിയവനുമായ ഈ വൃദ്ധബ്രാഹ്മണനാകുന്ന ചന്ദ്രന് നീ രാഹു എന്നപോലെ ഉയർന്ന് വന്നിരിക്കുകയാണല്ലോ.

विप्र एव चन्द्र -विप्रचन्द्रः, तस्य -विप्रचन्द्रस्य।

पुत्रएव नक्षत्राणि -पुत्रनक्षत्राणि तैः कीर्णस्य -पुत्रक्षत्रकीर्णस्य।

पत्नी एव कान्ता प्रभा यस्य तस्य -पत्नीकान्तप्रभस्य

(ശ്ലോ.33)

घटोत्कचः---- अथ किम्? राहुरेव।

ഘടോ: അതിനെന്താ? രാഹു തന്നെയാണ് ഞാൻ.

ഘടോത്കചന്റെ മറുപടി രാഹുവിനെപ്പോലെയല്ല, രാഹു തന്നെയാണെന്നാണ്.

भीमः---- आः,

ഭീമൻ : ങ്ഹാ ങ്ഹ!

निवृत्तव्यवहारोऽयं सदारस्तनयैः सह।
सर्वापराधेऽवध्यत्वान्मुच्यतां द्विजसत्तमः।।३४।।

निवृत्तव्यवहारःअयम् -निवृत्तव्यवहारोऽयम्

सदारःतनयैः- सदारस्तनयैः। सर्वपराधे अपि अवध्यत्वात् सुच्यताम् -सर्वापराधेऽव्यवध्यत्वान्मुच्यताम्।

ലൗകികവ്യവഹാരങ്ങളിൽ നിന്ന് വിരമിച്ചവനായ ബ്രാഹ്മണശ്രേഷ്ഠൻ ഏതപരാധത്തിലും കൂടി അവധ്യനാണെന്നതുകൊണ്ട് ഇദ്ദേഹം ഭാര്യാപുത്രന്മാരോടൊപ്പം മോചിപ്പിക്കപ്പെടട്ടെ.

ബ്രാഹ്മണർ അപരാധികളാണെങ്കിൽക്കൂടി വധ്യരാകുന്നില്ല. ഇവിടെയാകട്ടെ തികച്ചും നിരപരാധികളാണ് താനും. മാത്രമല്ല, ബ്രാഹ്മണന്റെ രണ്ട് വിശേഷണങ്ങൾ അദ്ദേഹം ഒന്നുകൂടി അവധ്യനാണെന്ന് ഓർമ്മിപ്പിക്കുന്നു - ഒന്ന്, നിവൃത്തവ്യവഹാരൻ, രണ്ട്, ദജസത്തമൻ. (ശ്ലോ.34).

घटोत्कचः--- न मुच्यते।

ഘടോ: അയാൾ മോചിതനാകില്ല.

भीमः--- (आत्मगतम्) भोः! कस्य पुत्रेषानेन भवितष्यम्?

ഭീമൻ (ആത്മഗതം) ഇവനാരുടെ പുത്രനായിരിക്കും?

भ्रातृणां मम सर्वेषां कोऽयं भोःगुणतस्करः।
दृष्ट्वैतद्वलशौडियं सौभद्रस्य स्मराम्यहम् ।।३५।।

कःअयम् -कोढयम् - विसर्गसन्धिः।

दृष्ट्वा एतत् बालशैणडीर्यम् -दृष्ट्वैतद्वालशैणडीर्यम्।

स्मरामि अहम् -स्मराम्यहम्

अन्वयम् ------ मम सर्वेषां भ्रातृणां गुणतस्करः अयं कः? एतत् बालशेणडीयं दृष्ट्वा अहं सौभद्रस्य स्मरामि।

എന്റെ സകല സഹോദരന്മാരുടെയും ഗുണങ്ങളെ തട്ടിയെടുത്തിട്ടുള്ള ഇവനാരാണ്? ഇവന്റെ ഈ ബാലിശമായ കടുംപിടുത്തം കണ്ടിട്ട് എനിക്ക് സുഭദ്രാപുത്രനെ (അഭിമന്യു) ഓർമ്മ വരുന്നു

सुभद्रायाः उपत्यं पुमान् -सैभद्रः। तस्य सौभद्रस्य

(ဗ္ဗ.३५).

(प्रकाशम्) भोः पुरुष ! मुच्यताम्।

(ഉറക്കെ) ഭോ! പുരുഷ! അയാളെ മോചിപ്പിക്കൂ.

घटोत्कचः----- न मुच्यते।

ഘടോ : മോചിപ്പിക്കില്ല.

मुच्यतमिति विस्रब्धं ब्रवीति यदि मे पिता।
न मुच्यते तथा ह्येष गृहितो मातुराज्ञया।।३६।।

हि एषः-ह्योषः - स्वरसन्धिः

मातुःआज्ञया -मातुराज्ञया - विसर्गसन्धिः

अन्वयः --- मुच्यतमिति यदि मे पिता विस्रब्धं ब्रवीति तयापि न मुच्यते; हि एषः मातुराज्ञया गृहीतः।

മോചിപ്പിക്കൂ എന്ന് എന്റെ പിതാവ് തന്നെ വിശ്വാസത്തോടെ പറയുന്നുവെങ്കിൽക്കൂടി ഇയാൾ മോചിതനാകില്ല; എന്തുകൊണ്ടെന്നാൽ അമ്മയുടെ ആജ്ഞപ്രകാരമാണ് ഇയാളെ ഞാൻ പിടികൂടിയിരിക്കുന്നത്.(36)

भीमः--- (आत्मगतम्) कयं मातुराज्ञोति। अहो कुरुशुश्रूषुः खल्यं तपस्वी।

ഭീമൻ: (ആത്മഗതം) എന്ത്! മാതാവിന്റെ ആജ്ഞയെന്നോ! ഓഹൊ! മുതിർന്നവരുടെ വാക്ക് അനുസരിക്കുകയാണീ പാവം.

ചെയ്യുന്നത് പാതകമാണെങ്കിലും അത് അമ്മയുടെ ആജ്ഞപ്രകാരമാണെന്നറിയുമ്പോൾ ഭീമന്റെ പ്രതികരണം മാറുന്നു. അതു കൊണ്ടാണ് ഇതുവരെ അപരാധിയായി കണ്ട ഘടോത്കചനെ तपस्वी (പാവം) എന്ന് വിശേഷിപ്പിക്കുന്നത്.

माता किल मनुष्याणां दैवतानां च दैवतम्।।
मातुराज्ञां पुरस्कृत्य वयमेतां दशां गताः।।३७।।

अन्वयम् ---- माता किल मनुष्याणां दैवतानां च दैवतम्। मातुराज्ञां पुरस्कृत्य वयम् (अपि) एतां दशां गताः।

മാതാവെന്നാൽ മനുഷ്യർക്ക് ദേവതകളിലും ദേവതയാണ്. അമ്മയുടെ വാക്ക് മുൻനിർത്തിയതുകൊണ്ടാണല്ലോ ഞങ്ങളും ഈ അവസ്ഥയിൽ എത്തിയിരിക്കുന്നത്

പാണ്ഡവർ എന്നും മാതാവായ കുന്തിയുടെ വാക്കുകളെ അനുസരിക്കുന്നതിലും പാലിക്കുന്നതിലും ശ്രദ്ധാലുക്കളായിരുന്നു. അവരുടെ ഉയർച്ചയ്ക്കും പ്രശസ്തിക്കുമെല്ലാം കാരണം അതാണെന്നവർ വിശ്വസിക്കുകയും ചെയ്യുന്നു. एतं दशाम् എന്നതു കൊണ്ട് ഭീമൻ ഉദ്ദേശിക്കുന്നത് തങ്ങൾക്കിന്നുള്ള അഭിമാനകരമായ പദവിയെയാണ്.

(ശ്ലോ.37)

(प्रकाशम्) भोः पुरुष ! प्रष्टव्यं खलु तावदस्ति।

(ഉറക്കെ) ഭോ! പുരുഷ, നിന്നോടൊരു കാര്യം ചോദിക്കാനുണ്ട്.

घटोत्कचः---ब्रूहि ब्रूहि, शीघ्रम्।ഘടോ ചോദിക്കൂ. ചോദിക്കൂ. വേഗം

भीमः-- का नाम भवतो माता?ഭീമൻ ഭവാന്റെ അമ്മയുടെ പേരെന്താണ്

घटोत्कचः-- श्रूयताम्। हिडिम्बा नाम राक्षसी,

ഘടോ: കേട്ടോളൂ.ഹിഡിംബ എന്ന് പേരുള്ള രാക്ഷസി

कौरव्यकुलदीपेन पाण्डवेन महात्मना।
सनाथा या महाभागा पूर्णेन द्यौरिवेन्दुना।।३८।।

द्यौःइव अइन्दुना उद्यौरिवेन्दुना।

अन्वयः या महाभाग पुर्णेना द्यौःइव कौरव्यकुलदीपेन महात्मना पाण्डवेन सनाथा (सा हिडिम्बा मान राक्षसी)।

ഏതൊരു ഭാഗ്യവതിയാണോ പൂർണ്ണചന്ദ്രനാൽ ആകാശമെന്നപോലെ കൗരവകുലദീപമായ മഹാത്മാവായ പാണ്ഡവനാൽ ഭർതൃമതിയായിരിക്കുന്നത്

कुरुणां राजा कौरव्यः। तल्य कुलम् उकौरव्यकुलम्। तस्य दीपः कौरव्यकुलदीपः।

नाथेन सह वर्तते इति सनाथा।

महा आत्मा यस्य तेन महात्मना

(ശ്ലോ 38)

भीमाः--- (सहर्षऽमात्मगकतम्) एवं हिडिम्बायाः पुत्रोऽयम्। सदृशो हयस्य गर्वः।

ഭീമൻ (സന്തോഷത്തോടെ ആത്മഗതമായി) അപ്പോൾ ഹിഡിംബയുടെ പുത്രനാണിവൻ ഇവന്റെ ഈ അഹങ്കാരം ഇവന് യോജിച്ചതു തന്നെ

रूपं सत्वं बलं चैव पितृभिः सदृशं बहु।
प्रजासु वितकारुण्यं मनश्चैवास्य कीदृशम्।।३९।।

मनःअच अएव अअस्य उमनश्चैवास्य

अन्वयः रूपं सत्वं वलं चैव पितृभिः बहु सदृशम; प्रजासु वितकरुण्यम् अस्य मनः एव किदृशम्?

രൂപവും ധൈര്യവും ശക്തിയും പിതാക്കളുടേതുമായി (പിതാവും പിതൃസഹോദരന്മാരും) വളരെയധികം യോജിപ്പുള്ളതു തന്നെ എന്നാൽ ആളുകളോട് കാരുണ്യലേശമില്ലാത്ത ഈ മനസ്സ് മാത്രം എങ്ങനെ ഉണ്ടായി

वितम् करुण्यम् यस्मिन् तत् वितकारुण्यम्।

(ശ്ലോ.39)

(प्रकाशम) भोः पुरुष! मुच्यताम्।

(ഉറക്കെ) ഭോ! പുരുഷ! അദ്ദേഹത്തെ വിടു

घटोत्कचः-- न मुच्यते।

ഘടോ വിടില്ല

भीमः-- भो ब्राह्मण! गृहातं तव पुत्रः। वयमेनमनुगमिष्यामः।

ഭീമൻ ഭോ ബ്രാഹ്മണ അങ്ങ് അങ്ങയുടെ മകനെ കൂടെ കൂട്ടിക്കൊള്ളുക. ഞാൻ ഇയാളുടെ കൂടെ പൊയ്ക്കൊള്ളാം.

गृहीतां तव पुत्रः - कर्मणि।

तव पुत्रं गृहाण - कर्तरि।

द्वितीयः---- मा मा भवानेवम्।

വേണ്ടാ അരുത്. അരുത്, അങ്ങനെ പറയരുത്

त्यक्ताः प्रागेव मे प्राणाः गुरुप्राणेष्वपेक्षया।
युवा रूपगुणोपेतो भवांस्तिष्ठतु भूतले।।४०।।

प्राक् एव प्रगेव। गुरुप्राणेषु अपेक्षया गुरुप्राणेष्तपेक्षया। भवान् तिष्ठतु भवांस्तिष्ठतु - व्यञ्जनसन्धि।

अन्वयः गुरुप्रणेषु अपेक्षया मे प्राणाः प्रगोवं त्वक्तः। रुपगुणोपेतःयुवाभवान् भुतले तिष्ठतु।

ഗുരുപ്രാണങ്ങളെ കരുതി ഞാൻ ആദ്യമേ തന്നെ എന്റെ പ്രാണനേ ഉപേക്ഷിച്ചു കഴിഞ്ഞു യുവാവും സൗന്ദര്യാദിഗുണങ്ങളോടുകൂടിയവനുമായ അങ്ങ് ഭൂമിയിൽത്തന്നെ ഉണ്ടാവണം.

रूपैः गुणैः च उपेतःऽरूपगुणोपेतः

भीमः--- आर्य! मा मैवम्। क्षत्रियकुलोप्तन्नोऽहम्। पूज्यतमाः खलु आह्मणाः। तस्मान्मच्छरीरेण ब्राह्मणशरीरं विनिमातुमिच्छामि।

ഭീമൻ: ആര്യ, അങ്ങനെയല്ല. ഞാൻ ക്ഷത്രിയകുലത്തിൽ ഉണ്ടായവനാണ്. ബ്രാഹ്മണൻ എനിക്ക് അങ്ങേയറ്റം പൂജിക്കപ്പെടേണ്ടവരാണ്. അതുകൊണ്ട് എന്റെ ശരീരം വിലയായി കൊടുത്ത് ബ്രാഹ്മണശരീരത്തെ വാങ്ങാൻ ഞാൻ ആഗ്രഹിക്കുന്നു.

घटोत्कचः--एवं क्षत्रियोऽयं, तेनास्य दर्पः। भवतु, इममेव गृहीत्वा (हत्वा) नेष्यामि। अत केनायं वारितः?

ഘടോ: ഓഹൊ ഇയാൾ ക്ഷത്രിയനാണല്ലെ. അതുകൊണ്ടാണിവന് ഇത്ര അഹങ്കാരം ശരി: ഇവനെ കൈയ്യോടെ പിടിച്ചുകൊണ്ടുപൊയ്ക്കൊള്ളാം. ച്ഛെ! അപ്പോൾ ആരാണിവനെ തടഞ്ഞുവെക്കുന്നത്

भीमः--- मया।

ഭീമൻ: ഞാനാണ്

घटोत्कचः--- किं त्वया?

ഘടോ. എന്ത്! നീയോ!!

भीमः-- अथ किम्।

ഭീമൻ: പിന്നെ, അല്ലാതെ?

घटोत्कचः--- तेन हि भवानेवागच्छतु।

ഘടോ: അങ്ങനെയെങ്കിൽ അങ്ങുതന്നെ വരൂ

भीमः-- एवमतिवीर्यबलं नानुगच्छामि। यदि ते शक्तिरस्ति, बलात्कारेण मां नय।

ഭീമൻ: ഞാനങ്ങനെ അധികം വീര്യവും ശക്തിയും ഉള്ളവനെ പിന്തുടരാറില്ല. നിനക്ക് ശക്തിയുണ്ടെങ്കിൽ  എന്നെ ബലം പ്രയോഗിച്ച് കൊണ്ടുപൊയ്ക്കൊള്ളുക

अतिशयिते विर्यबले यस्य, तम् -अतिवीर्यबलम्।

घटोत्कचः-- किं मां प्रत्यभिजानिते भवान्?

ഘടോ: നിങ്ങൾക്ക് ഞാനാരാണെന്നറിയാമോ?

ഘടോത്കചൻ അർത്ഥമാക്കുന്നത് താൻ ഹിഡിംബയിൽ ഭീമസേനന് ജനിച്ചവനും അതിബലവാനുമാണെന്ന കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ താനുമായൊരു യുദ്ധത്തിന് ഇയാൾ തയ്യാറാകുമായിരുന്നില്ല എന്നാണ്.

भीमः--- मत्पुत्र इति जाने।

ഭീമൻ: എന്റെ പുത്രനാണെന്നറിയാം.

घटोत्कचः-- कथं कथं तव पुत्रोऽहम्?

ഘടോ: എന്ത്! നിങ്ങളുടെ പുത്രനോ ഞാൻ?

भीमः--- कथं रुष्यति। मर्षयतु भवान्। सर्वाः प्रजाः क्षत्रियाणां पुत्रशब्देनाभिधीयन्ते। अत एवं मयाभिहितम्।

ഭീമൻ എന്തിനാ ദേഷ്യപ്പെടുന്നത്? നീ ക്ഷമിക്ക് എല്ലാ പ്രജകളേയും ക്ഷത്രിയർ പുത്രനെന്നാണ് വിളിക്കുന്നത്. അതുകൊണ്ടാണ് ഞാനങ്ങനെ പറഞ്ഞത്.

घटोत्कचः--भीतानमायुधं गृहीतम्।

ഘടോ: ഭീരുക്കളുടെ ആയുധം എടുത്തിരിക്കുകയാണ്.

തന്റെ എതിരാളി തന്നെ പുത്രനെന്ന് വിളിക്കുന്നത് തന്നെ പ്രീണിപ്പിക്കാനും കോപത്തെ ശമിപ്പിക്കാനുമാണെന്നാണ് ഘടോത്കചൻ കരുതുന്നത്. അത് ഒരു ഭീരുവിന്റെ അടവാണല്ലോ.

भीमः--

शपामि सत्येन भयं न जाने ज्ञातुं तदिच्छामि भवत्समीपे
किंरूपमेद्वद भद्र तस्य गुणागुणज्ञः सदृशं प्रपत्स्ये।।४१।।

अन्वयः (अहं) भयं जाने (इति) सत्येन शपामि। भवत्समीपे तत् ज्ञातुमिच्छामि। हे भद्र! एतत् किंरुपमिति वद; तस्य गुणागुणज्ञः सदृशं प्रपत्स्ये।

ഭീമൻ: സത്യമായിട്ടും ഞാനിതാ ആണയിട്ടു പറയുന്നു. എനിക്ക് ഭയം എന്തെന്നറിയില്ല. അത് ഭവാന്റെ അടുത്തു നിന്നും അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലയോ, നല്ലവനേ, അത് ഏതു രൂപത്തിലുള്ളതാണെന്നൊന്ന് പറഞ്ഞുതരൂ. അതിന്റെ ഗുണദോഷങ്ങളറിഞ്ഞ് എനിക്ക് യുക്തമായത് സ്വീകരിച്ചുകൊള്ളാം.

गुणान् अगुणान् च जानाति इति - गुणागुणज्ञः

(ശ്ലോ. 41)

घटोत्कचः--- एष ते भयमुपदिशामि। गृह्यतामायुधम्।

ഘടോ: ഈ ഞാൻ നിങ്ങൾക്ക് ഭയം ഉപദേശിച്ചു തരാം. എടുക്ക് ആയുധം

भीमः--- आयुधमिति? गृहितमेतत्।

ഭീമൻ: ആയുധമോ? അത് എടുത്തു കഴിഞ്ഞു.

घटोत्कचः--- कथमिव?

ഘടോ: എങ്ങനെ?

भीमः---

काञ्चनस्तम्भसदृशो रिपूणां निग्रहे रतः।
अयं तु दक्षिणो बाहुरायुधं सहजं मम।।४२।।

वाहु अप्आयुधम् उबाहुरायुधम् - विसर्गसन्धिः।

अन्वयः काञ्चनस्तम्भसदृशः रिपुणां निग्रहे रतः अयं मे दक्षिणो बाहुः मम सहजम् आयुधम्।

ഭീമൻ: സ്വർണ്ണത്തൂണുകൾക്ക് സമമായിട്ടുള്ളതും ശത്രുക്കളെ നശിപ്പിക്കുന്നതിൽ മാത്രം രസം കാണുന്നതുമായ ഈ വലത്തെ കൈ എനിക്ക് സഹജമായിട്ടുള്ള എന്റെ ആയുധമാണ്.

रतः अभिरतः ----ആസക്തമായത്, രമിക്കുന്നത്.

(ശ്ലോ.42)

घटोत्कचः--- इदमुपपन्नं पितुर्मे भीमसेनस्य।

ഘടോ : ഇപ്പറഞ്ഞത് എന്റെ അച്ഛനായ ഭീമസേനന് യോജിച്ചതാണല്ലോ.

भिमः-- अथ कोऽयं भिमो नाम?

ഭീമൻ: അതാരാ ഈ ഭീമനെന്ന് പേരുള്ളവൻ.

विश्वकर्त शिवः कृष्णः शक्तिधरो यमः।
एतेषु कथ्यतां भद्र केन ते सदृशः पिता।।४३।।

अन्वयः हे भद्रे! विश्वकर्ता, शिवः कृष्णः, शक्रः, शक्तिधरः, यमः (इति) एतेषु केन ते पिता सदृशः? कथ्यातान्।

പ്രപഞ്ചസൃഷ്ടാവ്, ശിവൻ, മഹാവിഷ്ണു, ഇന്ദ്രൻ, ശക്തിധരനായ സുബ്രഹ്മണ്യൻ, യമൻ: ഇവരിൽ ആരുമായിട്ടാണ് നിന്റെ പിതാവ് തുല്യനായിരിക്കുന്നത്? ഹേ! ഭദ്ര! നീ എനിക്ക് പറഞ്ഞുതരൂ (ശ്ലോ.43)

घटोत्कचः-- सर्वैः।

ഘടോ: എല്ലാവരുമായി

भीमः--धिगनृमेतत्

ഭീമൻ: ച്ഛേ! ച്ഛേ! അത് നുണയാണ്.

धटोत्कचः--- कथं कथमनृतमित्याह! क्षिपसि मे गुरुम्। भवतु. इमं स्थुलं वृक्षमुत्पाटय प्रहरामि (उत्पाटय प्रहरति) कथमनेनापि न शक्यते हन्तुम्। किं नु खलु करिष्ये। भवतु, दृष्टम्। एतद गिरिकूटमुत्पाटय प्रहरामि।

ഘടോ: എങ്ങനെ? നുണയെന്നു പറയുന്നതെങ്ങനെ? എന്റെ അച്ഛനെ നീ അധിക്ഷേപിക്കുന്നുവല്ലെ? ശരി ഞാനീ തടിച്ച വൃക്ഷം പുഴക്കിയെടുത്ത് ഒരടി കൊടുക്കട്ടെ (മരം പുഴക്കി അടിക്കുന്നു) എന്ത്! അതുകൊണ്ട് കൊല്ലാൻ പറ്റിയില്ലെന്നോ! ഇനി ഇപ്പോൾ എന്തുചെയ്യും? ശരി, വഴി കണ്ടു ഈ കുന്ന് പിഴുതെടുത്ത് എറിയാം.

शैनकूटं मया क्षिप्तं प्राणानादाय यास्यति।

ഞാൻ എറിയുന്ന ഈ പാറ (അവന്റെ) പ്രാണങ്ങളെയും എടുത്തുകൊണ്ട് പൊയ്ക്കൊള്ളും

भीमः---रूष्टोऽपि वृञ्जरो वन्यो न व्याघ्रं धर्षयेद्वने।।४४।।

रुष्ट अपि रुष्टोऽपि - विसर्गसन्धिः

अन्वयः मया क्षिप्तं शैलकूटं प्रणान् आदाय यस्यति। वन्यः कुञ्जरः रुष्टेऽपिवने व्याध्रं न घर्षयेत्।

ഭീമൻ : വനത്തിൽ കാട്ടാന കോപിച്ചെന്നുവെച്ച് പുലിയെ കയറി ആക്രമിക്കാറില്ലല്ലോ.

वने भवःउवन्यः।

धर्षयेत - धर्ष धातुः, लिङ् - प्र - ए - ।

(ശ്ലോ.44)

घटोत्कचः--- (प्रहृत्य) कथमनेनापि न शाक्यते हन्तुम्? किं नु खलु करिष्ये। भवतु दृष्टम्।ഘടോ: (പ്രഹരിച്ചിട്ട്) എന്ത്! ഇതുകൊണ്ടും കൊല്ലാൻ കഴിഞ്ഞില്ല. ഇനി ഇപ്പോൾ എന്തു ചെയ്യും. ശരി; വഴി കണ്ടിട്ടുണ്ട്.

नन्वहं भीमसेनस्य पुत्रः पौत्रो नभस्वतः।
तिष्टदानीं सुसन्नद्वे नियुद्वे नास्ति मत्समः।।४५।।

ननु आहम् -नन्वहम् - स्वरसन्धिः। तिष्ठ इदानिम् -तिष्ठेदानिम्। न अस्ति -नास्तिं

अन्वयः अहं भीमसेनस्य पुत्रः नभस्वतः पौत्रः ननु; इदानीं सुसन्नद्धः तिष्ठाः नियुद्धे मत्समः नास्ति।

ഞാൻ ഭീമസേനന്റെ പുത്രനും വായുവിന്റെ പൗത്രനുമാണെങ്കിൽ; നീയവിടെ നല്ലവണ്ണം തയ്യാറായി നിന്നുകൊള്ളുക; മുഷ്ടിയുദ്ധത്തിൽ എനിക്ക് തുല്യനായി മറ്റൊരാളില്ല.

മുഷ്ടിയുദ്ധം സാധാരണ തുല്യന്മാർ തമ്മിലേ നടത്താറുള്ളു. വംശവും പിതൃത്വവും അറിയിച്ചിട്ടുവേണം യുദ്ധത്തിന് വിളിക്കാൻ. പിഴുതെറിഞ്ഞ വൃക്ഷവും വീശിയെറിഞ്ഞ പാറക്കഷണവും ശരീരത്തിലേശില്ല എന്നതുകൊണ്ട് എതിരാളി തനിക്ക് ഏകദേശം തുല്യനാണെന്ന് ഘടോത്കചന് തോന്നിത്തുടങ്ങി. അതുകൊണ്ടാണ് ഘടോത്കചൻ താൻ ഭീമന്റെ പുത്രനും വായുവിന്റെ പുത്രനുമാണെന്ന് ഒരിക്കൽക്കൂടി വിളിച്ചുപറയുന്നത്.

(ശ്ലോ.45)

(इत्युमौ नियुद्धं कुरुतः)

രണ്ടുപേരും മുഷ്ടിയുദ്ധത്തിൽ ഏർപ്പെടുന്നു

घटोत्कचः--- (भीमसेनं बदुध्वा)

ഘടോ: (ഭീമസേനനനെ ബന്ധിച്ചിട്ട്)

व्रजसि कथमिह त्वं वीर्यमुल्लङ्घ्य वाहोः।
गज इव दृढपाशैः पीडितो मद्भुजाभ्याम्?।।४६

अन्वयः दृढपाशैः राज इव मद्भुजाभ्यां पीडितः त्वं मम विर्यम् उल्लघ्य कथमिह व्रजसि?डु

മുറുക്കമേറിയ കയർകൊണ്ട് (ബന്ധിതനായ) ആന എന്നപോലെ എന്റെ ഇരുകൈകളാലും അമർത്തപ്പെട്ട നീ എന്റെ കൈത്തണ്ടകളുടെ ശക്തിയെ മറികടന്ന് എങ്ങിനെയാണാവോ ഇപ്പോൾ പോകുന്നത് (ശ്ലോ.46).

भीमः--- (आत्मगतम्) कथं गृहितोऽस्स्येन। भोः सुयोधन वर्धते ते शत्रुपक्षः कृतरक्षो भव (प्रकाशम्) भोः पुरुष, अवहितो भव।

ഭീമൻ : (ആത്മഗതം) എന്ത്? എന്നെ ഇവൻ പിടിച്ചുകെട്ടിയെന്നോ? ഭോ! സുയോധന! നിന്റെ ശത്രുപക്ഷം കൂടുതൽ കൂടുതൽ ശക്തമായിക്കൊണ്ടിരിക്കുന്നു. നീ രക്ഷാനടപടികളിൽ ഏർപ്പെട്ടുകൊള്ളുക. (ഉറക്കെ) ഭോ! പുരുഷ! ശ്രദ്ധിച്ചു നിന്നുകൊള്ളൂ.

घटोत्कचः-- अवहितोऽस्मि ।

ഘടോ: ഞാൻ ശ്രദ്ധാലു തന്നെ

भीमः---- (नुयुद्धवन्घवधुय)

ഭീമൻ : (ബാഹുബന്ധനത്തെ)

व्यपनय बलदर्षं दृष्टसारोऽसि वीर।
न हि मम परिखेदो विद्यते बाहुयुद्धे।।४७।।बलदर्षं

दृष्टसारःप्असि -दृष्टसारोढसि - विसर्गसन्धिः।

अन्वयः है वीर! त्वं बलदर्षं व्यपनय, दृष्टसारः असि। बाहुयुद्धे मम परिखेदः न हि विद्यते।

കുടഞ്ഞെറിഞ്ഞുകൊണ്ട് ഹേ വീര! നിന്റെ ഈ ശക്തിയിലുള്ള അഹന്ത വെടിഞ്ഞുകൊള്ളുക. നിന്റെ കഴിവ് ഞാൻ കണ്ടു. പക്ഷെ, എനിക്കുണ്ടല്ലോ, ഈ ബാഹുയുദ്ധത്തിൽ ക്ഷീണമെന്നത് ഇല്ലേയില്ല. (ശ്ലോ.47).

घटोत्कचः कथमनेनापि न शक्यते हन्तुम्! किं नु खलु करिष्ये? भवतु, दृष्टम्। अस्ति मातृप्रसादलव्धो मायापाशः तेन बध्वैनं नेश्यामि। कुतः खल्वापः। भो गिरे! अपस्तावत्। हन्त! स्रवति। (आचम्य, मन्त्रं जपति) भोः पुरुष!

ഘടോ: എന്ത്! ഇതുകൊണ്ടും കൊല്ലാൻ സാധിച്ചില്ലെന്നോ! ഇനി ഇപ്പോൾ എന്തു ചെയ്യും? ശരി വഴിയുണ്ട്. എനിക്ക് അമ്മ പ്രസാദിച്ചു തന്നെ മായാപാശം എന്റെ പക്കലുണ്ട്. അതുകൊണ്ട് ബന്ധിച്ച് ഇവനെ കൊണ്ടുപോകാം. എവിടെ നിന്നാണിപ്പോൾ കുറച്ച് വെള്ളം കിട്ടുക? അല്ലയോ പർവ്വതമേ! എനിക്കൊരല്പം വെള്ളം തരൂ. ഹായ്! അതാ ഒഴുകുന്ന. (ആചമിച്ച് മന്ത്രം ജപിക്കുന്നു). ഭോ. പുരുഷ,

मायापाशेन बद्धस्त्वं विविशोऽनुगमिष्यसि
राजसे रज्जुभिर्बद्धः शक्रध्वज इवोतस्वे।। ४८।।

बद्ध त्वम् -बद्धस्त्वम् - विसर्गसन्धिः। विवशःअनुगमिष्यसि -विवशो ഽनुगमिष्यसि। ड़व उत्सवे -इवोत्सवे - स्वरसन्धिः।

अन्वयःमायापाशेन बद्धः त्वं विवशः (माम्) अनुगमिष्यसि। (इदानीं त्वं) उत्सवे रज्जुभिः बद्धः शक्रध्वज इव राजसे।

മായാപാശത്താൽ ബന്ധിതനായ നീ വിവിശനായി എന്നെ പിന്തുടർന്നുകൊള്ളും. (അപ്പോൾ നീ) (ഇന്ദ്രസംബന്ധിയായ) ഉത്സവത്തിന് കയറുകൊണ്ട് വരിഞ്ഞ ഇന്ദ്രന്റെ കൊടിമരം പോലെ ശോഭിക്കും. (ശ്ലോ.48).

(इति मायया बध्नाति)

(എന്നുപറഞ്ഞ് മായകൊണ്ട് ബന്ധിക്കുന്നു).

भीमः--- कथं मायापाशेन बद्धोऽस्मि। किमिदानीं करिष्ये। भवतु दृष्टम्। आस्ति मे महेश्वरप्रसादलब्धो मायापाशमोक्षो मन्त्रः। तं जपामि कुतः खल्वापः। भो ब्राह्मणकुमार! आनय कमण्डलुगता आपः।

ഭീമൻ : ഞാൻ മായാപശത്താൽ ബന്ധിതനായോ? ഇനി ഇപ്പോൾ എന്തു ചെയ്യും? ശരി ഒരു വഴിയുണ്ട്. എനിക്ക് പരമേശ്വരന്റെ പ്രസാദത്താൽ ലഭിച്ച മായാപാശമോക്ഷമെന്ന മന്ത്രം അറിയാം. അത് ജപിച്ചു കളയാം. എവിടെ നിന്നാണ് വെള്ളം കിട്ടുക! ഹേ, ബ്രാഹ്മണകുമാര! കമണ്ഡലുവിൽ നിന്ന് കുറച്ച് വെള്ളം തരൂ.

वृद्धः--- इमा आपः। (भीमः आदायाचम्य मन्त्रं जप्त्वा मायामपनयति।

വൃദ്ധൻ: ഇതാ വെള്ളം (ഭീമൻ വാങ്ങി ആചമിച്ച് മന്ത്രം ജപിച്ച് മായയെ ഇല്ലാതാക്കുന്നു).

घटोत्कचः--- अये पतितः पाशः! किमिदानीं करिष्ये? भवतु, दृष्टम्। भोः पुरुष, पूर्वसमयं स्मर।

ഘടോ : അയ്യോ! കയർ വീണുപോയല്ലോ. ഇനി ഇപ്പോൾ എന്താണ് ചെയ്യുക? ശരി. വഴി കണ്ടു.ഭോ. പുരുഷ, ആദ്യമുണ്ടാക്കിയ കരാറ് ഓർമ്മയില്ലെ?

'पुद्यतमाः ब्राह्मणाः, तस्माक मच्छरीरेण ब्राह्णशरीरं विनिमातुमिच्छमि'

എന്ന് ഭീമൻ ആദ്യം കൊടുത്ത വാക്കിനെ ഒർമ്മിപ്പിക്കുകയാണ് ഘടോത്കചൻ

भीमः--- समयमिति? एषः स्मरामि। गच्छाप्रतः।

ഭീമൻ : കരാറോ? ഓർക്കുന്നുണ്ട്. നീ മുമ്പിൽ നടന്നുകൊള്ളുക.

(उभौ परिक्रमतः)

(രണ്ടുപേരും ചുറ്റി നടക്കുന്നു).

वृद्धः--- पुत्रका! किं कुर्मः? अयं गच्छति वृकोदरः।

വൃദ്ധൻ : പൊന്നു മക്കളേ, നമ്മളെന്ത് ചെയ്യണം? ഈ പോകുന്നത് വൃകോദരനാണ്.

आक्रम्य राक्षसमिमं ज्वलदुग्ररूपं
उग्रेण व हुवलविर्यगुणेन युक्तम्।
एष प्रयाति शनकैरवधुय शीघ्र-
मासारवर्षमिव गोवृषभः सलीलम्।।४९।।

शनकैःअवधूय -शनकैरवधूय।

अन्वयःगोवृषभः मलीलम् आसारवर्षं शीघ्रम् अवधूय इव इमां उग्रेण बाहुबल विर्यकुणेन युक्तं राक्षसम् आक्रम्य एषः शनकैः प्रयाति।

വരു കാള അതിന്റെ ശരീരത്തിലെ മഴവെള്ളത്തെ മനോഹരമായി പൊടുന്നനെ കുടഞ്ഞുകളഞ്ഞ് എന്നപോലെ, ജ്വലിക്കുന്ന ഉഗ്രരൂപിയായ, തീക്ഷ്ണമായ കൈക്കരുത്തോടു കൂടിയ ഈ രാക്ഷസനെ ആക്രമിച്ച് അയാളിതാ പതുക്കെ നടന്നുപോകുന്നു.

വൃദ്ധൻ കരുതുന്നത് കൊടുത്ത വാക്ക് പാലിക്കാനായി ഭീമൻ താൻ വധിക്കപ്പെടാൻ അനുവദിക്കുമെന്നാണ്.

ഒരു വലിയ മഴ മുഴുവൻ കൊണ്ടതിനുശേഷം ശരീരത്തിലെ വെള്ളത്തുള്ളികൾ മനോഹരമായി കുടഞ്ഞു കളഞ്ഞ് നടന്നു പോകുന്ന കൂറ്റൻ കാളയെപ്പോലെയാണ് അതുവരെ നടന്ന സാമാന്യം ഉഗ്രമായ പോരാട്ടം കഴിഞ്ഞ് അതിലൊന്നും പതറാതെ ഭീമൻ നടന്നുപോകുന്നത്. गोषु वृषभः (श्रेष्ठः) -गोवृषभः - तत्पुरुषः रुपमात्रेण मानुष -- -- -- --എതിരാളിയുടെ ശക്തി താൻ നേരിട്ടറിഞ്ഞതാണല്ലോ; അതുകൊണ്ട് മനുഷ്യനാണെങ്കിലും രൂപം കൊണ്ട് മനുഷ്യനാണെങ്കിലും വീര്യം കൊണ്ട് അയാൾ അതിമാനുഷനാണെന്ന് സമ്മതിക്കുന്നു.

(ശ്ലോ.49).

घटोत्कचः--- इह तिष्ठ ! त्वदागमनमम्बायै निवेदयामि।

ഘടോ: നീ ഇവിടെ നില്ക്ക്. നിന്റെ വരവ് ഞാൻ അമ്മയെ അറിയിക്കട്ടെ.

भीमः--- बाढम्, गच्छ।

ഭീമൻ : ശരി, ചെല്ലൂ.

घटोत्कचः--- (उपसृत्य) (अम्ब ! अयमभिवादये। चिराभिलषितो भवत्या आहारार्थमानीतो मानुषः।

ഘടോ: (സമീപിച്ച്) അമ്മേ! ഞാനിതാ വന്ദിക്കുന്നു. ഭവതി വളരെക്കാലമായി ആഗ്രഹിക്കുന്ന ആഹാരത്തിനായുള്ള മനുഷ്യനെ കൊണ്ടുവന്നിട്ടുണ്ട്.

(प्रविश्य)

(പ്രവേശിച്ച്)

हिडिम्बा --- जात ! चिरं जीव। (जाद चिरं जीव।)

ഹിഡിംബ: മകനേ, ദീർഘായുഷ്മാനാകട്ടെ.

घडोत्कचः--- अनुगृहीतोऽस्मि।

हिडिम्बा --- जाता ! किदृशे मानुष आनीतः ? (जाद ! कीदिसो मणुसो आणिदो ?)

घटोत्कचः---भवति ! रूपमात्रेण मानूषः; ? न वीर्येण।

ഘടോ: ഭവതി! രൂപംകൊണ്ട് മാത്രമാണ് മനുഷ്യൻ ശക്തികൊണ്ടല്ല.

हिडिम्बाः--- किं ब्राह्मणः ? (किं बम्हणो ?)

ഹിഡിംബ: ബ്രാഹ്മണനാണോ?

घटोत्कचः ---- न ब्राह्मणः।

ഘടോ: ബ്രാഹ്മണനല്ല.

हिडिम्बाः---- अयवा स्थाविरः ? (आदु थोरो ?)

ഹിഡിംബ: വൃദ്ധനാണോ?

घटोत्कचः--- न वृद्धः।

ഘടോ: വൃദ്ധനുമല്ല.

हिडिम्बाः---- किं बालः ? (किं बाळो ?)

ഹിഡിംബ: കുട്ടിയാണോ?

घडोत्कचः--- न बालः।

ഘടോ : കുട്ടിയുമല്ല.

हिडिम्बाः--- यद्येवं पश्यामि तावदेनम्।(जइ एव्वं, पेक्खामि दाव णं)

ഹിഡിംബ: അങ്ങനെയെങ്കിൽ ഞാനയാളെ കാണാം

(उभौ परिक्रामतः)

(രണ്ടുപേരും ചുറ്റിനടക്കുന്നു)

हिडिम्बाः----- किमेष मानुष आनीतः?(किं एसो माणुसो आणीदो?)

ഹിഡിംബ : ഈ പുരുഷനെയാണോ നീ കൊണ്ടുവന്നത്?

घटोत्कचः--- अम्ब! कोऽयम्? ഘടോ: അമ്മേ, ആരാണിയാൾ?

हिडिम्बाः--- उन्मत्तक, दैवतं खल्वस्माकम्।

(उम्मत्त अ, दष्वदं रवु अम्हा अं।)

ഹിഡിംബ: വിവരം കെട്ടവനേ, നമ്മുടെ ദൈവമാണിദ്ദേഹം

घटोत्कचः--- आः! कस्य दैवतम्?

ഘടോ: ഹേയ്! ആരുടെ ദൈവം?

हिडिम्बाः--- तव च मम च। तव अ मम अ।)

ഹിഡിംബ: നിന്റേയും എന്റേയും

घटोत्कचः--- कः प्रत्ययः?

ഘടോ: എന്താണ് തെളിവ്?

हिडिम्बाः--- अयं प्रत्ययः। जयत्वार्यपुत्रः।

अअं पञ्चओ। जेदु अय्युत्ते।

ഹിഡിംബ: ഇതുതന്നെ തെളിവ് ആര്യപുത്രൻ വിജയിക്കട്ടെ.

ഹിഡിംബയുടെ 'ആര്യപുത്ര' എന്ന സംബോധനയാണ് ഘടോത്കചന് തെളിവായി കൊടുക്കുന്നത്.

भीम :--- (विलोक्य) क! पुनरियम्? अये देवी हिडिम्बा!

ഭീമൻ : (നോക്കിയിട്ട്) ആരാണിവൾ? അയ്യേ! ദേവി ഹിഡിംബയോ!

अस्माकं भ्रष्टराज्यानां भ्रमतां गहने वने।
जातकारूप्यया देवि सन्तापो नाशितस्त्वया।। ४९

अन्वयः हे देवि! भ्रष्टराज्यानां गहने वने भ्रामतां अस्माकं सन्तापः जातकारुण्यया त्वया नाशितः

അല്ലയോ ദേവി! രാജ്യം നഷ്ടപ്പെട്ട് അലഞ്ഞുനടക്കുന്ന ഞങ്ങളോട് കാരുണ്യം കാണിക്കുന്ന ഭവതി ഞങ്ങളുടെ ദു:ഖത്തെ ഏതാണ്ടില്ലാതാക്കിയിരിക്കുന്നു. (ശ്ലോ.50).

भ्रष्टं राज्यं येषां तेषां -भ्रष्टराज्यानाम्।

जातम् कारुण्यं यस्यः, तथा -जातकांरुण्यया।

ഇവിടെ പാണ്ഡവരുടെ സന്താപം എങ്ങനെയാണ് ഹിഡിംബ ഇല്ലാതാക്കിയതെന്ന് അത്ര വ്യക്തമല്ലെങ്കിലും സന്ദർഭം കൊണ്ട് മനസ്സിലാകുന്നത്. ഇത്രയും കാലം ഹിഡിംബ തന്റെ പാതിവ്രത്യം സൂക്ഷിച്ചുകൊണ്ട് പിതാവിന്റെ അസാന്നിദ്ധ്യ ത്തിലും മകനെ പിതൃഭക്തിയോടും അഭിമാനത്തോടും നല്ലൊരു വീരയോദ്ധാവാക്കി വളർത്തിക്കൊണ്ടുവന്നു എന്നതിലുള്ള സന്തോഷവും, തല്ക്കാലം രാജ്യം നഷ്ടപ്പെട്ട് കാട്ടിൽ അലയുകയാണെങ്കിലും വിദൂരമല്ലാത്ത ഭാവിയിൽത്തന്നെ യുദ്ധത്തി ലൂടെ രാജ്യം തിരിച്ചുപിടിക്കാൻ ഒരു ഉത്തമസഹായിയാകത്തക്ക വിധത്തിലാണ് മകനിപ്പോൾ ഉള്ളതെന്ന തന്റെ വിശ്വാസവു മായിരിക്കാം ഭീമിൻ വെളിപ്പെടുത്തുന്നത്.

हिडिम्बेः----- किमिदं?

ഹിഡിംബ! എന്താണിതൊക്കെ?

ഭക്ഷണത്തിനായി മനുഷ്യനെ പിടിച്ചുകൊണ്ടു വരുവാൻ മകനെ നിയോഗിച്ചതിലെ സാംഗത്യമാണ് ഭീമൻ അന്വേഷിക്കുന്നത്.

हिडिम्बाः---- (कर्णे) आर्यपुत्र ! ईदृशमिव।

(आय्यउत्त ! ईदिसं विआं।)

ഹിഡിംബ: (ചെവിയിൽ ആര്യപുത്ര! ഇങ്ങനെയൊക്കെയാണ്.

മനുഷ്യനെ പിടിച്ചിതിന്നാനൊന്നുമായിരുന്നില്ല തന്റെ ഉദ്ദ്യേശ്യമെന്നും ഭീമനല്ലാതെ മറ്റാരും ഈ കാട്ടിൽ മനുഷ്യനായിട്ടില്ല എന്നറിഞ്ഞതുകൊണ്ടാണ് മകനെ ഇപ്രകാരം നിയോഗിച്ചതെന്നുമാണ് ഹിഡിംബ ചെവിയിൽ പറയുന്നത്.

भीमः---- जात्या राक्षसी, न सुदाचरेण।

ഭീമൻ: ജാതികൊണ്ട് രാക്ഷസി. പക്ഷെ, സ്വഭാവം കൊണ്ട് ഒട്ടുമല്ല.

हिडिम्बाः--- उन्मत्तक ! अमिवादय पितरम्।

ഹിഡിംബ: വിവരം കെട്ടവനേ! വന്ന് അച്ഛനെ നമസ്ക്കരിക്കൂ.

(उन्मत्तअ ! अभिवादेरि पिदरं)

घटोत्कचः --- भोस्तात !

अहं स धार्तराष्ट्रवनदवाग्निर्धडोत्कचोऽमिवादये। पुत्रचापलं क्षन्तुमर्हसि।

ഘടോ, അല്ലയോ, പിതാവേ! ധൃതരാഷ്ട്രപുത്രരാകുന്ന വനത്തിന് കാട്ടുതീയാകാൻ പോകുന്ന ഘടോത്കചനെന്ന് പോരുള്ള ഞാനിതാ അങ്ങയെ നമസ്ക്കരിക്കുന്നു. പുത്രന്റെ അറിവില്ലായ്മ പൊറുക്കണം.

भीमः --- एह्येहि पुत्र! व्यतिकमकृतं कान्तमेव। (इति परिष्वज्य) अयं स धार्तराष्ट्रवनदबाग्निः। पुत्रापेक्षिणि खलु पितृवृदयानि। पुत्र। अतिबलपराक्रमो भव।हृय

ഭീമൻ: വരൂ. വരൂ. മകനേ നിന്റെ മര്യാദ വിട്ടുള്ള പ്രവൃത്തി മനോഹരമായിരിക്കുന്നു എന്ന് പറഞ്ഞ് ആലിംഗനം ചെയ്തുകൊണ്ട്) ഇവൻ തന്നെ ധൃതരാഷ്ട്രപുത്രന്മാരാകുന്ന വനത്തിനെ നശിപ്പിക്കാനുള്ള തീ മക്കളിൽ എപ്പോഴും ശുഭപ്രതീക്ഷ പുലർത്തുന്നതാണല്ലോ പിതാവിന്റെ മനസ്സ് മകനേ! വലിയ ശക്തിയും പരാക്രമവും ഉള്ളവനായിരിക്കട്ടെ.

घडोत्कचः -- अनुगृहीतोऽस्मि।

ഘടോ: ഞാൻ അനുഗൃഹീതനായി

वृद्धः --- एवं भीमसेनपुत्रोऽयं घटोत्कचः।

വൃദ്ധൻ: അങ്ങനെ, ഭീമസേനന്റെ മകനായ ഘടോത്കചനാണിയാൾ

भीमः--- पुत्र ! अभिवादयात्रभन्तं केशवदासम्।

ഭീമൻ: മകനേ, അഭിവന്ദ്യനായ കേശവദാസനെ നമസ്ക്കരിക്കൂ.

घटोत्कचः ---- भगवन्! अभिवादये।

ഘടോ : ഭഗവൻ! ഞാനങ്ങയെ വന്ദിക്കുന്നു.

बुद्धः--- पितृमदृशगुणरिप्तिर्मव।

വൃദ്ധൻ : അച്ഛന് തുല്യമായ ഗുണങ്ങളോടും കീർത്തിയോടും കൂടിയവനായിത്തീരട്ടെ.

घटोत्कचः--- अनुगृहितोऽस्मि।

ഘടോ: ഞാൻ ധന്യനായി

वृद्धः--- भो वृकोदर ! रक्षितमस्मत्कूलं, स्वकुलमुद्धनं च। गच्छामस्तवत्।

വൃദ്ധൻ: അല്ലയോ വൃകോദര! അങ്ങ് ഞങ്ങളുടെ കുടുംബത്തെ രക്ഷിച്ചു. സ്വന്തം കുടുംബത്തെ വീണ്ടെടുക്കുകയും ചെയ്തു. ഇനി ഞങ്ങൾ പോകട്ടെ.

भीमः--

अनुग्रहान्तु भवतः सर्वमासादितं शुभम्।
आश्रमोऽदूरतोऽस्माकं तत्र विश्रम्य गम्यताम।।५१।।

आश्रमःअदुरतःआस्माकम् -आश्रमोऽ दूरतोऽस्माकम्।

अन्वयः भवतः अवुग्रहात् तु सर्वम् आसादितम्। अस्माकम् आश्रमः अदूरत; तत्र विश्रम्य गम्यताम्।

ഭീമൻ: അങ്ങയുടെ അനുഗ്രഹത്താലാണ് എല്ലാം ശുഭമായി നേടിയെടുക്കാൻ സാധിച്ചത്. ഞങ്ങളുടെ ആശ്രമം അധികം ദൂരത്തല്ല. അവിടെ വിശ്രമിച്ചതിനു ശേഷം പോയാലും (ശ്ലോ.51).

वृद्धः--- कृतिमातिथ्यमनेन जीवितप्रदानेन। तस्माद्गच्छामस्तावत्।

വൃദ്ധൻ: ഞങ്ങളുടെ ജീവിതം വീണ്ടെടുത്തു തന്നതുകൊണ്ടു തന്നെ ആതിഥ്യം അരുളിക്കഴിഞ്ഞു അതുകൊണ്ട് ഞങ്ങളിപ്പോൾ പൊയ്ക്കൊള്ളട്ടെ.

भीमः--- गच्छतु भवान् सकुटुम्बः पुनर्दर्शनाय।

ഭീമൻ : അങ്ങ് കുടുംബസമേതം യാത്രയായാലും വീണ്ടും കാണാൻ ഇടവരട്ടെ.

वृद्धः-- बाढं। प्रथमः कल्पः।

വൃദ്ധൻ: ശരി, അങ്ങനെത്തന്നെയാകട്ടെ.

(सपुत्रत्रयकलत्रे निष्क्रान्तः केशवदासः।)

(ഭാര്യയോടും പുത്രന്മാരോടുമൊപ്പം കേശവദാസൻ പോകുന്നു).

भीमः--- हिडिम्बे! इतस्तावत्। वत्स घटोत्कच! इतस्तवात्। तत्र भवन्तं केशवदासं आश्रमपदद्वारसात्रतयि संमावजिश्यामः।

ഭീമൻ: ഹിഡിംബേ, ഒന്നിവിടെ വരൂ. കുഞ്ഞേ, ഘടോത്കച! ഇവിടെ വരൂ. വന്ദ്യനായ കേശവദാസനെ ആശ്രമകവാടം വരെയെങ്കിലും കൊണ്ടുചെന്നാക്കാം.

यथा नदीनां प्रभवःसमुद्रो
यथाहुतीनां प्रभवो हुताशनः।
यथेन्द्रियाणां प्रभवं मनोऽपि
तथा प्रभुनों भगवानुपेन्द्रः।।५२।।

यथा आहुतीनाम् -यथाहुतीनाम। यथा इद्रियाणाम् -यथेन्द्रियाणाम्।

मनःअपि -मनोऽपि। प्रभुःनः-प्रभुर्नः।

अन्वयः यथा नदीनां प्रभव समुद्रः यथा आहुतीनां प्रभवः हुताशनः, यथा इन्द्रियाणामपि प्रभवं मन, तथा भगवाम् उपेन्द्रः नः प्रभुः।

എപ്രകാരമാണോ നദികൾക്ക് സമുദ്രം പ്രദാനമായിരിക്കുന്നത്, എപ്രകാരമാണോ ആഹുതികൾക്കെല്ലാം അഗ്നി സ്വാമിയായിരിക്കുന്നത്, എപ്രകാരമാണോ എല്ലാ ഇന്ദ്രിയങ്ങൾക്കും മനസ്സ് ഭരിക്കുന്നവനായിരിക്കുന്നത് അപ്രകാരം നമുക്ക് ഭഗവാൻ ഉപേന്ദ്രൻ നാഥനായിരിക്കട്ടെ.

अश्नांति इति उअशनाः। हुतस्य अशनःउहुताशनः।

(ശ്ലോ.52).

(निष्कान्ताः सर्वे)

(എല്ലാവരും പോകുന്നു)

मध्यमव्यायोगोऽसितः

മധ്യവവ്യായോഗം സമാപ്തമാകുന്നു.

# UNIT V

## അലങ്കാരശാസ്ത്രം

**അലങ്കാരശാസ്ത്രം** (കാവ്യശാസ്ത്രം)

പദ്യം, ഗദ്യം, ചമ്പു, രൂപകം തുടങ്ങിയ സാഹിത്യശാഖകളുടെ പുരോഗതിക്കും വളർച്ചക്കും അനുസരിച്ച് അവയെ വിഭജിക്കാനും വിലയിരുത്താനും ഉള്ള ആവശ്യകത അനിവാര്യമായി വന്നു. ഇതിന്റെ ഫലമായി നിരൂപണം എന്ന സങ്കല്പം സാഹിത്യസൃഷ്ടിയോടൊപ്പം വളർന്നു വന്നു. വിമർശകർ കാവ്യസൃഷ്ടികളിലെ കാര്യങ്ങളെ പരസ്പരം താരതമ്യപ്പെട്ടു അവയിലെ ഗുണങ്ങളേയും ദോഷങ്ങളേയും ചൂണ്ടികാണിക്കുകയും, കൂടാതെ നല്ല കാവ്യ രചനക്കൾക്കുള്ള ചില നിർദ്ദേശങ്ങൾ മുന്നിൽ വെക്കുകയും ചെയ്തു. ഈ ചിന്തകളുടെ അടിസ്ഥാനത്തിൽ കാവ്യവിഭാഗങ്ങൾ ഉണ്ടാവുകയും സാഹിത്യസംബന്ധികളായ അലങ്കാരങ്ങൾ, രസങ്ങൾ, ഗുണങ്ങൾ, ദോഷങ്ങൾ, തുടങ്ങി നിരവധി മേഖലകളിലേക്ക് കവികളുടേയും വിമർശകരുടേയും ശ്രദ്ധ തിരിച്ചുവിടാൻ വഴിതെളിയിക്കുകയും ചെയ്തു.

കാവ്യശാസ്ത്രത്തെ അലങ്കാരശാസ്ത്രം എന്ന വിപുലമായ അർത്ഥ തലത്തിലാണ് ആദ്യം ഉപയോഗിച്ച് വന്നിരുന്നത്. പിന്നീട് വിവിധ ചിന്താധാരകളുടെ പരിണതഫലമായി കാവ്യശാസ്ത്രം (അലങ്കാരശാസ്ത്രം) വിവിധ ശാഖകളായി തരംതിരിഞ്ഞു. അവരുടെ പ്രധാന ചിന്താവിഷയമായിരുന്നു'' എന്താണ് കാവ്യത്തിന്റെ ആത്മാവ്''? അത് കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ എന്താണ്? ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തിയതിലൂടെ കാവ്യശാസ്ത്രത്തിലൊ സിദ്ധാന്തങ്ങൾ രൂപമെടുക്കുകയും ചെയ്തു. ചിലർ കാവ്യത്തിന്റെ ആത്മാവ് രസമാണെന്നും, ചിലർ രീതിയാണെന്നും ചിലർ അലങ്കാരമാണെന്നും ചിലർ ധ്വനിയാണെന്നും വാദിച്ചു. ചുരുക്കത്തിൽ കാവ്യശാസ്ത്ര ശാഖകൾ എട്ട് വിഭാഗങ്ങളായി തരം തിരിയുകയും ചെയ്തു.

| | | |
|---|---|---|
| (1) രസം | - ഭരതൻ | - നാട്യശാസ്ത്രം |
| (2) അലങ്കാരം | - ഭാമഹൻ | - കാവ്യാലങ്കാരം |
| (3) ഗുണം | - ദണ്ഡി | - കാവ്യാദർശം |
| (4) രീതി | - വാമനൻ | - കാവ്യാലങ്കാര സൂത്രവൃത്തി |
| (5) അനുമാനം | - മഹിമഭട്ടൻ | - വ്യക്തിവിവേകം |
| (6) വക്രോക്തി | - കുന്തകൻ | - വക്രോക്തി ജീവിതം |
| (7) ധ്വനി | - ആനന്ദവർദ്ധനൻ | - ധ്വന്യാലോകം |
| (8) ഔചിത്യം | - ക്ഷേമേട്ടൻ | - ഔചിത്യവിചാരചർച്ച |

**അലങ്കാരം**

അലങ്കരിക്കുന്നത് അലങ്കാരം എന്ന് സാമാന്യാർത്ഥം

ഉദാഹരണമായി

न कान्तमापि निर्भूषं

विभाति वनितामुखम्।।

സുന്ദരമാണ് സ്ത്രീയുടെ മുഖമെങ്കിലും അലങ്കാരരഹിതമാണെങ്കിൽ ശോഭിക്കുന്നില്ല. അലങ്കാര രഹിതമായ കാവ്യത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. ശബ്ദാർത്ഥ ശരീരമായ കാവ്യത്തിന്റെ ശോഭ വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ് - അലങ്കാരങ്ങൾ. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാഹിത്യത്തിന് ചമൽക്കാരം ഉണ്ടാകുന്ന പ്രയോഗവിശേഷങ്ങളാണ് അലങ്കാരങ്ങൾ. അലങ്കാരത്തെ നാല് തരത്തിൽ നിർവചിക്കാം.

१. अलं करोति इति - कर्तृप्रधानं

२. अलं क्रियते इति - कर्मप्रधानं

३. अलं क्रियते अनेन इति - करणप्रधानं

४. अलङ्करणं इति - भावप्रधानं

ഈ നിർവചനത്തിൽ अलं क्रियते अनेन इति अलङ्कारः എന്ന നിർവചനം യമകം, ഉപമ, തുടങ്ങിയ ശബ്ദാർത്ഥാലങ്കാരങ്ങളെ ഗ്രഹിക്കുന്നതിന് സഹായിക്കുന്നു. അലങ്കാരങ്ങൾ കാവ്യത്തിന്റെ ബാഹ്യസൗന്ദര്യം വർദ്ധിപ്പിക്കാനും ഉപകരിക്കുന്നു. ഭാമഹനാണ് അലങ്കാരപദ്ധതിയുടെ അധികാരി എങ്കിലും ദണ്ഡിയുടെ നിർവചനമാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. (സ്വീകാര്യമായിട്ടുള്ളത്)

१. काव्यशोभकरान् धर्मान् अलङ्कारान् प्रचक्षते।

२. काव्यं ग्राहयमलङ्कारात्।

(1) കാവ്യത്തിന് ശോഭ ഉണ്ടാക്കുന്നവയെ അലങ്കാരം എന്ന് വിളിക്കുന്നു.

(2) കാവ്യത്തെ അലങ്കാരം കൊണ്ട് മനസ്സിലാക്കുന്നു.

അലങ്കാരങ്ങളെ പ്രധാനമായിട്ട് രണ്ടായി തരംതിരിക്കാം. (1) ശബ്ദാലങ്കാരങ്ങൾ (2) അർത്ഥാലങ്കാരങ്ങൾ, ഉക്തിവൈചിത്ര്യമാണ് അലങ്കാരം. സാദൃശ്യമാണ് എല്ലാ അലങ്കാരങ്ങളുടേയും അടിസ്ഥാനതത്വം. ഉക്തിവൈചിത്ര്യത്തിന്റെ വ്യത്യാസമനുസരിച്ച് അലങ്കാരങ്ങളുടെ പേരുകളും മാറികൊണ്ടിരിക്കും. ഈ പദ്ധതിയിലെ പ്രധാന കൃതികൾ ഭാമഹന്റെ കാവ്യാലങ്കാരവും, ജയദേവന്റെ ചന്ദ്രാലോകവും, അപ്പയ്യദീക്ഷിതന്റെ കുവലയാനന്ദവും ആണ്.

ഇവിടെ കുവലയാനന്ദത്തിലെ നിർവചനങ്ങളും ഉദാഹരണങ്ങളുമാണ് സ്വീകരിച്ചിരിക്കുന്നത്.

उपमालङ्कार

उपमा यत्र सादृश्यलक्ष्मिरुल्लसति द्वयोः,

हंसीव कृष्ण ते कीर्तिः स्वर्गङ्गामवगाहते ।।

यत्र द्वयोः सादृश्यलक्ष्मीः उल्लसति तत्र उपमा।

ലക്ഷണം - ഏതൊരു കാവ്യത്തിൽ രണ്ട് വസ്തുക്കൾ തമ്മിലുള്ള സാദൃശ്യം സ്പഷ്ടമായും പൂർണ്ണമായും വാക്കുകളെകൊണ്ട് പ്രതിപാദിച്ചിരിക്കുന്നുവോ അവിടെ അലങ്കാരം ഉപമയാകുന്നു.

(പൂർണ്ണോപമ)

हे कृष्ण ते कीर्तिः हंसीव स्वर्गङ्गामवगाहते

ഉദാഹരണം - അല്ലയോ കൃഷ്ണ അങ്ങയുടെ കീർത്തി ഹംസിയെപോലെ സ്വർഗംഗയിൽ മുങ്ങുന്നു.

ഉപമാലങ്കാരത്തിൽ നാല് ഘടകങ്ങൾ ഉണ്ട്

(1) ഉപമേയം - ഏത് വസ്തുവിനെ വർണ്ണിക്കുന്നുവോ ആ വസ്തു (വർണ്ണ്യം, പ്രസ്തുതം, പ്രകൃതം, വിഷയം)

(2) ഉപമാനം - ഏതിനോടാണോ സാദൃശ്യപ്പെടുത്തുന്നത് ആ വസ്തു (അവർണ്ണ്യം, അപ്രസ്തുതം, അപ്രകൃതം, വിഷയി)

(3) സാധാരണധർമ്മം - ഉപമേയത്തിനും, ഉപമാനത്തിനും പൊതുവായുള്ള ധർമ്മം

(4) ഉപമാവാചകശബ്ദം - ഉപമാന, ഉപമേയങ്ങളെ ഘടിപ്പിക്കുന്ന പദം

ഈ നാല് ഘടകങ്ങളും പൂർണ്ണോപമയിൽ വാക്കുകളെ കൊണ്ടുതന്നെ പ്രതിപാദിച്ചിരിക്കണം. ഇവയിൽ ഏതെങ്കിലും ഒന്നോ രണ്ടോ അതിലധികമോ ഘടകങ്ങളെ വാക്കുകളെ കൊണ്ട് പ്രതിപാദിച്ചില്ലെങ്കിൽ അലങ്കാരം ലുപ്തോപമയായിരിക്കും. അത്തരത്തിൽ ഉപമയേ രണ്ടുതരത്തിൽ

വിഭജിക്കാം (1) പൂർണ്ണോപമ (2) ലുപ്തോപമ.

ഇവിടെ ഉദാഹരണത്തിൽ കീർത്തി എന്ന പദം ഉപമേയവും, ഹംസി എന്ന പദം ഉപമാനവും സ്വർഗംഗാവഗാഹനം എന്ന പദം സാധാരണ ധർമ്മവും ഇവ എന്ന പദം ഉപമാവാചകവും ആകുന്നു. അതായത് ഉപമാ അലങ്കാരത്തിൽ വാക്കുകളെകൊണ്ട് പറയേണ്ടതായ നാല് ഘടകങ്ങളും സ്പഷ്ടമായും പ്രതിപാദിച്ചിരിക്കുന്നതിനാൽ ഇവിടെ അലങ്കാരം പൂർണ്ണാമയമാണ്.

उत्प्रेक्षालङ्कारः

संभावना स्यादुत्प्रेक्षा वस्तुहेतुफलात्मना,

उक्तानुक्तास्पादाद्यात्र सिद्धऽद्वास्पदे परे,

संभावना उत्प्रेक्षा स्यात्

ലക്ഷണം -

സംഭാവനയാണ് ഉൽപ്രേക്ഷ. സംഭാവന എന്നത് ഒരു തരത്തിലുള്ള സംശയമാണ്. ഒരു വസ്തുവിൽ മറ്റൊരു വസ്തുവിന്റെ ധർമ്മ സംസർഗ്ഗം കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇപ്രകാരം ഉപമേയത്തെ ഉപമാനമാക്കി 'അത് തന്നേയല്ലേ ഇത്' എന്ന് വർണ്യ വിഷയത്തിൽ ആശങ്കിക്കുന്നിടത്താണ് ഉത്പ്രേക്ഷായങ്കാരം. ഇത്തരം സംശയം വസ്തുവിലാണെങ്കിൽ, അതായത് വസ്തു അല്ലാത്തിനെ വസ്തുവായി സംശയിക്കുന്നിടത്ത് അലങ്കാരം വസ്തുത്പ്രേക്ഷ (സ്വരുപോത്പ്രേക്ഷ) സംശയം കാരണത്തിലാണെങ്കിൽ അഥവ കാരണമല്ലാത്തതിനെ കാരണമായി വർണ്ണിക്കുന്നിടത്ത് അലങ്കാരം ഹേതുത്പ്രേക്ഷ. അതുപോലെ സംശയം ഫലത്തിലാണെങ്കിൽ അഥവ ഫലമല്ലാത്തതിനെ ഫലമായി സംശയിക്കുന്നിടത്ത് അലങ്കാരം ഫലോത്പ്രേക്ഷ. ഇപ്രകാരം വിഭജിക്കപ്പെട്ട മൂന്ന് ഉത്പ്രേക്ഷകളിൽ ആദ്യത്തേതായ വസ്തുത്പ്രേക്ഷയിൽ വസ്തു വ്യക്തമായിട്ട് പദങ്ങളെകൊണ്ടുതന്നെ പറയപ്പെട്ടിട്ടുണ്ടെങ്കിൽ ഉക്തവിഷയവും പറയപ്പെട്ടിട്ടില്ലെങ്കിൽ അനുക്തവിഷയവും ആകുന്നു. അതുപോലെ ഹേതുഫലോൽ പ്രേക്ഷകൾ അവയുടെ സംഭാവ്യ അസംഭാവ്യമനുസരിച്ച് സിദ്ധവിഷയം എന്നും അസിദ്ധവിഷയം എന്നും രണ്ടായി പറയപ്പെട്ടിരിക്കുന്നു. അത്തരത്തിൽ ഉത്പ്രേക്ഷാലങ്കാരം ആറുതരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

१. उक्तविषयावस्तुत्प्रेक्षा

२. अनुक्त विषयावस्तुत्प्रेक्षा

३. सिद्धविषयाहेतुत्प्रेक्ष

४. असिद्धविषयहेतुत्प्रेक्षा

५. सिद्धविषयाफलोत्प्रेक्षा

६. असिद्धविषयाफलोत्प्रेक्षा

धूमस्तोमं तमः शङ्के कोकीविरहशूष्मणाम्।

लिम्पतीव तमोऽङ्गनि वर्षतीवाञ्जनं नभः

तमः कोकी विरहशुष्मणाम् धूमस्तोमं शङ्के।

ഉദാഹരണം : ഇരുട്ടിനെ ചക്രവാകപിടകളുടെ വിരഹാഗ്നിയിൽ നിന്നും ഉണ്ടായ പുകപടലമായി സംശയിച്ചിരിക്കുന്നു.

ഈ ഉദാഹരണത്തിൽ വർണ്യവസ്തുവായ ഇരുട്ടിനെ പുകയായി സംശയിച്ചിരിക്കുന്നു. അതുകൊണ്ട് അലങ്കാരം ഉത്പ്രേക്ഷ. കൂടാതെ ഇരുട്ട് എന്ന വർണ്ണ്യവസ്തുവിനെ तमः എന്ന പദം കൊണ്ടുതന്നെ വ്യക്തമായി കാവ്യഭാഗത്തിൽ പറയപ്പെട്ടിരിക്കുന്നതിനാൽ അലങ്കാരം उक्तविषयावस्तुत्प्रेक्ष

तमः अङ्गानि लिम्पति इव, नभः अञ्जनं वर्षति इव

ഇരുട്ട് അംഗങ്ങളിൽ ലേപനം ചെയ്യുന്നതുപോലെയും ആകാശം കൺമഷി വർഷിക്കുന്നതുപോലെയും തോന്നുന്നു. ഇവിടെ സന്ധ്യക്ക് സ്വാഭാവികമായും ഉണ്ടാകുന്ന ഇരുട്ടിന്റെ വ്യാപനമാണ് കവി വർണ്ണിച്ചിരിക്കുന്നത്. അതായത് തമോവ്യാപനം എന്നതാണ് ഇവിടെ വർണ്ണ്യവിഷയം. ആ തമോവ്യാപനത്തെ ലേപനരൂപത്തിലും വർഷണരൂപത്തിലും സംശയിച്ചിരിക്കുന്നതുകൊണ്ട് അലങ്കാരം വസ്തുത്പ്രേക്ഷ. എന്നാൽ തമോവ്യാപനം എന്നവസ്തു വ്യക്തമായി പദങ്ങളെകൊണ്ട് കാവ്യഭാഗത്തിൽ പറഞ്ഞിട്ടില്ല. അതിനാൽ അലങ്കാരം अनुक्तविषयावस्तुत्प्रेक्ष

रक्तौ तवाङ्ध्री मृदुलौ भुवि विक्षेपणाद् ध्रुवम्।

त्वन्मुखाभेच्छया नूनं पद्मैवैरायते शशी।।

नूनं तव मृदुलौ अङ्ध्री भुवि विक्षेपणाद् रक्तौ

തീർച്ചയായും നിന്റെ മൃദുലപാദങ്ങൾ ഭൂമിയിൽ വിക്ഷേപണം ചെയ്തതുകൊണ്ടാണ് രക്തവർണ്ണമായി തീർന്നിരിക്കുന്നത്. നായികയുടെ കാലുകൾക്കുള്ള സ്വാഭാവികമായ രക്തവർണ്ണിത്വത്തെ കവി ഭൂവിവിക്ഷേപണം എന്ന കാരണത്താലാണ് സംഭവിച്ചിരിക്കുന്നത് എന്ന് സംശയിച്ചിരിക്കുന്നു. യഥാർത്ഥ കാരണമല്ല. അതിനെ കാരണമായി സംശയിച്ചിരിക്കുന്നത് ഹേതുത്പ്രേക്ഷ. എന്നാൽ ഇവിടെ പറയപ്പെട്ട ഭൂവവിക്ഷേപണം എന്ന കാരണം സംഭാവ്യമായതിനാൽ सिद्धविषयाहेतुत्प्रेक्ष

नूनम् त्वन्मूखाभेच्छया शशी पद्मैवैरायते।

നിന്റെ മുഖത്തിന്റെ ശോഭ കിട്ടാനുള്ള ആഗ്രഹം കൊണ്ടാണോ എന്ന് തോന്നുമാറ് ചന്ദ്രൻ താമരകളുമായി വിരോധത്തിലായിരിക്കുന്നു. ചന്ദ്രോദയ സമയത്ത് താമരപൂക്കൾ അടയുന്നതിനെ കവി ചന്ദ്രതാമര വൈരമായി സംശയിച്ചിരിക്കുന്നു. ചന്ദ്രപത്മ വിരോധം നായികയുടെ മുഖകാന്തി കിട്ടാനുള്ള ആഗ്രഹം എന്ന കാരണമായി സംശയിച്ചിരിക്കുന്നു. അതായത് യഥാർത്ഥ കാരണമല്ലാത്തതിനെ കാരണമായി സംശയിച്ചിരിക്കുന്നതുകൊണ്ട് അലങ്കാരം ഹേതുത്പ്രേക്ഷ. ചന്ദ്ര പത്മവൈരം പ്രപഞ്ചത്തിൽ സ്വാഭാവികമായ പ്രക്രിയയാണ്. അത്തരത്തിലുള്ള പ്രക്രിയയ്ക്ക് മുഖകാന്തി ലഭിക്കുക എന്ന കാരണം ഒരിക്കലും സംഭവിക്കാത്തതുകൊണ്ട് അലങ്കാരം असिद्धविषयहेतुत्प्रेक्ष,

मध्यः किं कुचयोधुत्यैः बद्ध कनकदामभिः।

प्रायोऽब्जं त्वत्पदेनैक्यं प्राप्तुं तोये तपस्याति।।

कुचयोधुत्यैः मध्यः कनकदामभिः बद्धः किं?

സ്തനങ്ങളെ നിലനിർത്തുന്നതിനുവേണ്ടി മദ്ധ്യഭാഗം സ്വർണ്ണക്കയറുകളെകൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുകയാണോ എന്ന് സംശയിച്ചിരിക്കുന്നു.

തികഞ്ഞ സ്ത്രീസൗന്ദര്യത്തിന്റെ ഒരു ലക്ഷണം മാത്രമാണ് ശരീരത്തിന്റെ മദ്ധ്യഭാഗത്തുക്കാണുന്ന ത്രിവലി. നായികാ ശരീരത്തിൽ സ്വാഭാവികമായിട്ടുള്ള ത്രിവലിയെ കുചധാരണം എന്ന ഫലത്തിനു വേണ്ടിയാണ് എന്ന് സംശയിച്ചിരിക്കുന്നതുകൊണ്ട് അലങ്കാരം ഫലോൽപ്രേക്ഷ. ഈ ത്രിവലീബന്ധം സംഭാവ്യമായതുകൊണ്ട് അലങ്കാരം सिद्धविषयाफलोत्प्रेक्ष

प्रायः अब्जं त्वत्पदेन ऐक्यं प्राप्तुं तोये तपस्याति

മിക്കവാറും താമര നീന്റെ പാദങ്ങളുമായി ഐക്യം പ്രാപിക്കുന്നതിനുവേണ്ടിയാവാം വെള്ളത്തിൽ തപസ്സു ചെയ്യുന്നത്. ഇവിടെ കവി താമര വെള്ളത്തിൽ നിൽക്കുന്നതിനെ (വിരിയുന്നതിനെ) അതിന്റെ തപസ്സായി സംശയിച്ചിരിക്കുന്നതുകൊണ്ട് ഉൽപ്രേക്ഷ. ആ തപസ്സിന്റെ ഫലമായി നായികയുടെ പാദസായൂജ്യം പറഞ്ഞിരിക്കുന്നതുകൊണ്ട് ഫലോൽ പ്രേക്ഷ. ഇത്തരം ഒരു തപോഫലം ഒരിക്കലും സംഭവിക്കാത്തതുകൊണ്ട് അലങ്കാരം असिद्धविषयाफलोत्प्रेक्ष

**उल्लेखालङ्कारः**

അനേകം രൂപകങ്ങളുടെ ഒരു ശൃംഖലയാണ് ഇല്ലേവം. ഉപമേയം ഒന്നായിരിക്കും, ഉപമാനം മാറികൊണ്ടിരിക്കും. അത്തരത്തിലുള്ള ഉല്ലേവം രണ്ടായി പറയപ്പെട്ടിരിക്കുന്നു. १. प्रथमोल्लेखः २. द्वितियोल्लेखः।

बहुभिर्बहुधोल्लेखादेकस्योल्लोख इष्यते

स्त्रीभिः कामोऽर्थिभिः स्वर्द्रु काल शात्रुभिरैक्षि सः।।

एकस्य बहुभिःबहुधा उल्लेखाद् उल्लेख इष्यते।

ഒരു വസ്തുവിനെ പലരാൽ പലതരത്തിൽ രൂപണം ചെയ്യപ്പെടുമ്പോൾ അലങ്കാരം ഉല്ലേഖം. അരോപവിഷയം ഒന്നായിരിക്കും. ഭിന്ന ഭ്രഷ്ടാക്കളുടെ ഭാവനാഭേദമനുസരിച്ച് വിഷയിമാത്രം മാറിക്കൊണ്ടിരിക്കും.

सः स्त्रीभिः कामः, अर्थिभिःस्वर्द्रु, शत्रुभिः काल ऐक्षि

ഉദാഹരണം - ഇവൻ (ഇദ്ദേഹം) സ്ത്രീകളാൽ കാമദേവനായും അർത്ഥികളാൽ കൽപവൃക്ഷമായും ശത്രുക്കളാൽ കാലദേവനായും കാണപ്പെട്ടു.

ഇവിടെ വർണ്ണിക്കപ്പെടുന്ന വ്യക്തിയെ സ്ത്രീകൾ, അർത്ഥികൾ, ശത്രുക്കൾ എന്നിവർ യഥാക്രമം കാമദേവൻ, കൽപവൃക്ഷം, കാലദേവൻ എന്നീ രീതികൾ കാണപ്പെട്ടു. അതായത് വർണ്ണ്യവിഷയമായ വ്യക്തിയേ പല വ്യക്തികളാൽ പലതായി വർണ്ണിച്ചിരിക്കുന്നതുകൊണ്ട് അലങ്കാരം പ്രഥമോല്ലേവം.

एकेन बहुधोल्लेखेप्यसौ विषयभेदतः,

गुरुर्वचस्यर्जुनोऽयं कीर्तौ भीष्मशरासने

विषयभेदतः असौ एकेन बहुधा उल्लेखे अपि उल्लेखालङ्कारः

വിഷയഭേദമനുസരിച്ച് ഒരു വ്യക്തിതന്നെ ഒരു വസ്തുവിനെ പലതരത്തിൽ രൂപണം ചെയ്യപ്പെട്ടാൽ അത് രണ്ടാമത്തെ ഉല്ലേവാലങ്കാരം.

अयं वचसि गुरुः, कीर्तौ अर्जुनः, शरासने भीष्मः स्यात्।

ഉദാഹരണം- ഇവൻ വാക് സാമർത്ഥ്യത്തിൽ ദേവഗുരുവായ ബൃഹസ്പദിയും കീർത്തിവിഷയത്തിൽ അർജ്ജുനനും, ധനുർവിദ്യയിൽ ഭീഷ്മപിതാമഹനുമാണ്. ഈ ഉദാഹരണത്തിൽ ഒരു വ്യക്തി തന്നെ വർണ്ണ്യവിഷയത്തെ, അദ്ദേഹത്തിന്റെ ഗുണവിശേഷ ണങ്ങളായ വാക്സാമർത്ഥ്യം, കീർത്തി, ധനുർവിദ്യാപ്രയോഗം എന്നിവയിൽ ബൃഹസ്പദിയായും, അർജ്ജുനനായും, ഭീഷ്മനായും രൂപണം ചെയ്യപ്പെട്ടിരിക്കുന്നു. അതായത് ഒരു വ്യക്തി ഒരു വർണ്ണ്യ വസ്തുവിനെ വിഷയഭേദം അനുസരിച്ച് പല തരത്തിൽ രൂപണം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ അലങ്കാരം. द्वितीयोल्लेखम्

**दीपकालङ्कारः**

वर्दन्ति वर्ण्यावर्णानां धर्मैक्यं दीपकं बुधाः,

मदेन भाति कलभः प्रतापेन महीपतिः।।

बुधाः वर्ण्यावर्ण्यानां धर्मैक्यं दीपकं वर्दन्ति ।

വർണ്ണ്യം, അവർണ്ണ്യം എന്നിവയ്ക്ക് പൊതുവായിട്ടുള്ള ധർമ്മം ആരോപിച്ച് അവയെ സമന്വയിപ്പിച്ച് വർണ്ണിക്കുന്നിടത്ത് അലങ്കാരം ദീപകം

उदाहरणम् - कलभः मदेन, महीपतिः प्रतापेन भाति।

ആന മദം കൊണ്ടും, രാജാവ് പ്രതാപം കൊണ്ടും ശോഭിക്കുന്നു. ഇവിടെ വർണ്ണ്യമായ രാജാവിനേയും, അവർണ്ണ്യമായ ആനയേയും 'ഭാതി' എന്ന പൊതുവായ സാധാരണ ധർമ്മം കൊണ്ട് സമന്വയിപ്പിച്ച് വർണ്ണിച്ചിരിക്കുന്നതിനാൽ അലങ്കാരം ദീപകം.

**श्लेषालङ्कारः**

नानार्थसंश्रयः श्लेषः वर्ण्यावर्ण्यैभयाश्रयः

नानार्थसंश्रयः श्लेषः भवति। तन् वर्णाश्रयः, अवर्णाश्रय उभयाश्रयः च इति त्रयः विभागाः सन्ति।

ഒരു പദത്തിന് വിഭിന്ന അർത്ഥങ്ങൾ കല്പിച്ച് വർണ്ണിക്കുന്നിടത്ത് അലങ്കാരം ശ്ലേഷം. ഈ അർത്ഥ കൽപ്പന വർണ്ണ്യവസ്തുവിലോ, അവർണ്ണ്യവസ്തുവിലോ അതുമല്ലെങ്കിൽ വർണ്ണ്യത്തിലും അവർണ്ണ്യത്തിലും ആകാം. അത്തരത്തിൽ ശ്ലേഷാലങ്കാരം മൂന്നു തരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

१. प्रकृतश्लेषः २. अप्रकृतश्लेषः प्रकृताप्रकृताश्लेषः

प्रकृतश्लेषस्य उदाहरणम्:--

सर्वदो माधवः पायात् यः योऽगं गामदीधरत्।

सर्वदः सः माधवः पायात् यः अगं गाम् अदीधरत्।

യാതൊരുവനാണോ പർവ്വതത്തേയും (अगं) ഭൂമിയേയും (गाम्) ധരിച്ച് എല്ലാ അഭിഷ്ടങ്ങളും നൽകുകയും ചെയ്യുന്ന മായയുടെ (ശ്രീ) ഭർത്താവായ മാധവൻ നമ്മളെ രക്ഷിക്കട്ടെ കൃഷ്ണാവതാരത്തിൽ ഗോവർദ്ധന പർവ്വതത്തേയും വരാഹവതാരത്തിൽ ഭൂമിയേയും ഉയർത്തിപ്പിടിച്ച എല്ലാം നൽകുന്ന ലക്ഷ്മീ ഭർത്താവായ മഹാവിഷ്ണു നമ്മളെ രക്ഷിക്കട്ടെ.

सर्वदा माधवः पायत् यः गंगां अदीधरत् ।

ഗംഗയെ ശിരസ്സിൽ ധരിച്ചിരിക്കുന്ന ഉമയുടെ ഭർത്താവായ ശിവൻ എല്ലായ്പ്പോഴും നമ്മെ രക്ഷിക്കട്ടെ. ഇവിടെ കവി ശിവസ്തുതിയും വിഷ്ണുസ്തുതിയും പ്രസ്തുതമായി തന്നെവർണ്ണിക്കുന്നു. കൂടാതെ ഇവിടെ പ്രസ്തുത പദങ്ങളിലാണ് നാനാർത്ഥ കൽപന വർണ്ണിച്ചി രിക്കുന്നത്. അതിനാൽ അലങ്കാരം प्रकृतश्लेषः

अब्जेन त्वन्मुखं तुल्यं हरिणाहितसक्तिना।

हरिणाहितसक्तिना अब्जेन तुल्यं त्वन्मुखम्।

സൂര്യസമ്പർക്കമേറ്റ താമരപൂവിനോട് തുല്യമാണ് ഭവതിയുടെ മുഖം. മാനിന്റെ അടയാള ത്തോടുകൂടിയ ചന്ദ്രനോട് തുല്യമാണ് നിന്റെ മുഖം. 'अब्ज' ശബ്ദത്തിന് താമരപൂവെന്നും ചന്ദ്രനെന്നും രണ്ടർത്ഥം. ഇവിടെ നായികാ മുഖം വർണ്ണ്യവും അബ്ജം അവർണ്ണ്യവുമാകുന്നു. നാനാർത്ഥം കൽപ്പിച്ചിരിക്കുന്ന ശബ്ദം അവർണ്ണ്യമായതിനാൽ അലങ്കാരം अप्रकृतश्लेषः

उच्चरेदभूरिकिलालः शुशुभे वाहिनीपतिः।

उच्चरेद् भुरिकीलालः वाहिनीपतिः शुशुभे

ശസ്ത്രപദമേറ്റ് ധാരാളം രക്തം പ്രവഹിക്കുന്ന സേനാപതി ശോഭിച്ചു. ധാരാളം ജലം തിരമാലയായി മേലോട്ടു ഉയർന്നു പൊങ്ങുന്ന നദികളുടെ പതിയായ സമുദ്രം ശോഭിച്ചു.

ഈ ഉദാഹരണത്തിൽ യുദ്ധക്കളത്തിൽ വീരമൃത്യു വരിച്ച സേനാപതിയെ പ്രശംസിച്ചു വർണ്ണിക്കുകയാണ് കവി. ഇവിടെ കവി സേനാപതിയെ സമുദ്രത്തോട് താരതമ്യ പ്പെടു ത്തിയിരിക്കുന്നു. അതായത് സേനാപതി പ്രസ്തുതവും സമുദ്രം അപ്രസ്തുനവുമാകുന്നു. നാനാർത്ഥ കൽപനയിലെ ഒരർത്ഥം വർണ്ണ്യവസ്തുവായ സേനാപതിയേയും മറ്റൊരർത്ഥം അവർണ്ണ്യവസ്തുവായ സമുദ്രത്തേയും സൂചിപ്പിക്കുന്നതുകൊണ്ട് അലങ്കാരം. प्रकृताप्रकृतश्लेषःअथवा उभयाश्रितश्लेषः।

**अर्थान्तरन्यासालङ्कारः**

उक्तिरर्थान्तरन्यासः स्यात् सामान्यविशेषयोः ।

सामान्यविशेषयोः उक्तिः अर्थान्तरन्यासः स्यात् ।

സാമാന്യവും വിശേഷവുമായ രണ്ട് പ്രസ്താവനകൾ ഏത് കാവ്യത്തിലാണോ പറയപ്പെട്ടിരിക്കുന്നത് അവിടെ അലങ്കാരം അർത്ഥാന്തരന്യാസം. ആ പ്രസ്താവനകളിൽ ആദ്യത്തെ പ്രസ്താവന പ്രസ്തുതവും രണ്ടാമത്തെ പ്രസ്താവന അപ്രസ്തതവും ആയിരിക്കും. ഇത്തരത്തിൽ ഈ അലങ്കാരത്തെ രണ്ടായി വിഭജിക്കാം.

१. सामान्येनविशेषणसमर्थनरूपम् अर्थान्तरन्यासः

1) സാമാന്യം കൊണ്ട് വിശേഷത്തെ സമർത്ഥിക്കുക

२. विशेषेणसामान्यसमर्थरूपम् अर्थान्तरन्यासः

2) വിശേഷം കൊണ്ട് സാമാന്യത്തെ സമർത്ഥിക്കുക

हनुमानष्धिमतरद्दुष्करं किंमहात्मनाम्।

हनुमान्अष्धि अतरद् महात्मनाम् दुष्करं किं?

ഹനുമാൻ സമുദ്രത്തെ തരണം ചെയ്തു. മഹാത്മാക്കൾക്ക് ദുഷ്കരമായിട്ടുള്ളത് എന്താണ്? ഈ ഉദാഹരണത്തിൽ ആദ്യത്തേത് വിശേഷപ്രസ്താവനയും, രണ്ടാമത്തേത് സാമാന്യ പ്രസ്താവനയും ആകുന്നു. അപ്രസ്തുമായ രണ്ടാമത്തെ സാമാന്യപ്രസ്താവനയിലൂടെ പ്രസ്തുതമായ ആദ്യത്തെ വിശേഷ പ്രസ്താവനയിലെ ഹനുമാൻ മഹാത്മാവാണെന്നും സമുദ്രതരണം അത്ഭുതമല്ല എന്നും സമർത്ഥിക്കുന്നു. അതായത് പ്രസ്തുതവും വിശേഷവുമായ ആദ്യത്തെ പ്രസ്താവനയെ അപ്രസ്തുതവും സാമാന്യവുമായിട്ടുള്ള രണ്ടാമത്തെ പ്രസ്താവനകൊണ്ട് സമർത്ഥിച്ചിരിക്കുന്ന തിനാൽ അലങ്കാരം.

सामान्येन विशेषसमर्थनरूपम् अर्थान्तरन्यासः

गूणवद्वस्तूसंसर्गाद्याति स्वल्पोऽपि गौरवम्।

पुष्पमालानुषङ्गेण सूत्रं शिरसि धार्यते

गूणवद्वस्तूसंसर्गात् स्वल्पःअपिगौरवम्याति।पुष्पमालानुषङ्गेणसूत्रं शिरसि धार्यते

ഗുണമുള്ള വസ്തുക്കളുമായുള്ള സംസർഗ്ഗത്താൽ നിസ്സാരമായ വസ്തുക്കൾപോലും ഗൗരവമായ സ്ഥാനത്തെ പ്രാപിക്കുന്നു. പുഷ്പവുമായുള്ള സംസ്സർഗ്ഗം കൊണ്ട് നൂലുപോലും ശിരസ്സിൽ ധരിക്കപ്പെടുന്നു. നിസ്സാരമായ നൂലിനുപോലും പൂക്കളുമായുള്ള സംസ്സർഗ്ഗം കൊണ്ട് ശിരോധാരണം എന്ന ഗൗരവമായ സ്ഥാനം ലഭിക്കുന്നു.

ഈ ഉദാഹരണത്തിൽ ആദ്യത്തെ പ്രസ്താവന സാമാന്യവും രണ്ടാമത്തെ പ്രസ്താവന വിശേഷവുമാണ്. പ്രസ്തുതമായ സാമാന്യത്തെ അപ്രസ്തുതമായ വിശേഷം കൊണ്ട് സമർത്ഥി ച്ചിരിക്കുന്നതിനാൽ അലങ്കാരം. विशेषेणसामान्यसमर्थरूपम् अर्थान्तरन्यासः

........................